Reg No. C-101, M: 2293

ഒരുപ്രതിക്ക് രണ്ടണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 വൃശ്ചികം 15 | ലക്കം 15

## തീർത്ഥാടന ചൈതന്യം

### പ്രാർത്ഥനയും പ്രായശ്ചിത്തവും സർവ്വപ്രധാനം

ഫാത്തിമായിലെ ജപമാലരാജ്ഞിയുടെ ലോകപര്യടനം സംബന്ധിച്ച് "ലീറിയം" രൂപതയിലെ (ഫാത്തിമാ ഈ രൂപതയിലാണ് സ്ഥിതിചെയ്യുന്നതു്) മെത്രാൻ 1948-മേയ് 16 ാംനു- പ്രസിദ്ധപ്പെടുത്തിയ ഒരു ലഘുലേഖ ഗോവാ പാത്രിയർക്കീസിന്റെ അംഗീകാരത്തോടും ശുപാർശയോടുംകൂടി ഭാരതത്തിലെ മെത്രാന്മാരുടെ അറിവിലേക്കായി അയക്കപ്പെട്ടിട്ടുണ്ട്. അതിന്റെ പരിഭാഷ ചുവടെ ചേർക്കുന്നു:—

1 തീർത്ഥാടനചൈതന്യം: തീർത്ഥാടകകന്യകയുടെ ലോകപര്യടനം ഒരു യഥാർത്ഥ തീർത്ഥയാത്രതന്നെയാണ്. ആകയാൽ ഉത്സവാവസരത്തിൽ തീക്ഷ്ണതരവും വിനീതവും പ്രത്യാശാഭരിതവുമായ പ്രാർത്ഥനയുടെ അരൂപി അവശ്യാവശ്യകമായിരിക്കുന്നു.

II (a) പ്രാർത്ഥന: പ്രാർത്ഥനയുടെ സാഫല്യത്തിൽ വിശ്വാസമുണ്ടായിരിക്കണം—"ചോദിപ്പിൻ നിങ്ങൾക്കു തരപ്പെടും." ആകയാൽ വൈദികർ ദീർഘമായ പ്രസംഗങ്ങൾ ചെയ്യുന്നതിനെ അപേക്ഷിച്ച്, വിശ്വാസികളെ പ്രാർത്ഥിപ്പാൻ പ്രേരിപ്പിക്കുകയാണു ചെയ്യേണ്ടതു്. സകല വരപ്രസാദങ്ങളുടേയും മദ്ധ്യസ്ഥയായ മറിയത്തോടുള്ള പ്രാർത്ഥനകൾ താഴെ പറയുന്ന നിയോഗങ്ങൾക്കായി അർപ്പിക്കപ്പെടണം: "ലോകത്തിന്റെ, വിശിഷ്യ അബദ്ധാഭിപ്രായവും വഴക്കുംമൂലം ഭിന്നിച്ചു നില്ക്കുന്ന ജനങ്ങളുടെ, മാനസാന്തരം. ക്രിസ്തുവിന്റെ സ്നേഹത്തിൽ എല്ലാം ജനതകളുടേയും ഐക്യകരണം."

(b) പ്രായശ്ചിത്തം: ലോകത്തിന്റെ പാപങ്ങളുടെ പരിഹാരത്തിനു പ്രായശ്ചിത്തമനുഷ്ഠിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി മാതാവു തന്റെ ദർശനങ്ങളിൽ ഊന്നിപ്പറയുകയുണ്ടായി. ഫാത്തിമായിൽ വച്ച് അവിടുന്നു മാതൃകാപരമായ ഒരു ക്രിസ്തീയജീവിതം നലംതികഞ്ഞ ഒരു പ്രായശ്ചിത്തവുംകൂടിയാണെന്നു ചൂണ്ടിക്കാണിച്ചു. ആകയാൽ പാപത്തിന്റെയും പശ്ചാത്താപത്തിന്റെയും വിപരീതഫലങ്ങളെ സ്പഷ്ടമാക്കിക്കൊടുക്കുക: പാപം സമാധാനക്കേടിനെ ആവിർഭവിപ്പിക്കുന്നു, പശ്ചാത്താപം സമാധാനത്തെയും.

(c) പ്രതിഷ്ഠ: നിവൃത്തിയുള്ളിടത്തോളം, മാതൃസ്വരൂപം പര്യടനം നടത്തുന്ന ഇടവകകളിലെല്ലാം മറിയത്തിന്റെ വിമലഹൃദയത്തിനുള്ള പ്രതിഷ്ഠ നിർവഹിക്കപ്പെടണം. പ്രതിമയുടെ ആഗമനത്തിനുമുമ്പുതന്നെ, പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പയാൽ വിരചിതമായിരിക്കുന്ന മനോഹരമായ പ്രതിഷ്ഠാജപത്തെപ്പറ്റി ഒരു പഠനം നടത്തുന്നതു സമുചിതമായിരിക്കും. വിശ്വാസികൾ പൊതുവിലും വ്യക്തിപരമായും തങ്ങളെത്തന്നെ മാതാവിനു പ്രതിഷ്ഠിക്കേണ്ടതിനായി പ്രസ്തുത പ്രതിഷ്ഠയുടെ അർത്ഥം അവരെ പറഞ്ഞു ധരിപ്പിക്കണം.

(d) സഭയുടെ ഐക്യം: മാതാവിന്റെ പ്രതിമയുടെ ആഗോളപര്യടനത്തിനുശേഷം, അതു ലോകമെങ്ങുമുള്ള കത്തോലിക്കരുടെ ഐക്യത്തിന്റെ ഒരു ചിഹ്നമായി മാർപ്പാപ്പാ തിരുമേനിക്കു സമർപ്പിക്കപ്പെടുന്നതായിരിക്കും. തീർത്ഥാടനാവസരത്തിൽ യഥാർത്ഥമായ കത്തോലിക്കാരൂപിയോടുകൂടി സമസ്ത ലോകത്തിനുവേണ്ടി പ്രാർത്ഥനകൾ അർപ്പിക്കപ്പെടണം. സ്വകാര്യനിയോഗങ്ങൾക്കു രണ്ടാംസ്ഥാനം മാത്രമേ നല്കാവൂ.



മാതാവിന്റെ വിമലഹൃദയത്തിന്റെ നാമത്തിൽ പെരുമ്പാവൂർ പുതുതായി പണിതീർക്കുന്ന പള്ളിയുടെ മുൻഭാഗം

III ഫാത്തിമാനാഥയുടെ ഇപ്പോഴത്തെ ഈ ലോകപര്യടനം ദൈവത്തിന്റെ പ്രത്യേക പരിപാലനപ്രകാരം നടക്കുവാൻ ഇടയായിട്ടുള്ളതാണ്. സമാധാനത്തിനായുള്ള ലോകത്തിന്റെ അഭിവാഞ്ഛയുടെ പരിണതഫലമാണതു്. തീർത്ഥകകന്യക സമാധാനത്തിന്റെ—ദൈവവുമായുള്ള രഞ്ജിപ്പുവഴി സംജാതമാകുന്ന സമാധാനത്തിന്റെ—സന്ദേശവും വഹിച്ചുകൊണ്ട് ആഗതയാകുന്നു. "ലോകം ആദ്യമേതന്നെ ദൈവവുമായി രമ്യപ്പെടുന്നില്ലെങ്കിൽ ലോകത്തിൽ സമാധാനമുണ്ടാകയില്ല" എന്നാണ് ആ സന്ദേശം. ബെത്‌ലേഹമിൽ മാലാഖാമാർ നല്കിയ സന്ദേശവും അതുതന്നെ.

ഫാത്തിമാനാഥയുടെ സന്നിധിയിൽ ഒരു ദിവസം ചെലവഴിക്കുന്നതിന്റെ ഒരു മാതൃക താഴെ ചേർക്കുന്നു:-

(1) പ്രാർത്ഥന, ദിവ്യകാരുണ്യസ്വീകരണം, പ്രായശ്ചിത്തപ്രവൃത്തികൾ ആദിയായവ വഴി മൂന്നു ദിവസം, നിവൃത്തിയുണ്ടെങ്കിൽ ഒരാഴ്ച മുമ്പു മുതൽ മാതാവിനെ സ്വീകരിക്കുന്നതിനു ജനങ്ങൾ ഒരുങ്ങുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുക. (ചില സ്ഥലങ്ങളിൽ, വികാരിമാർ മൂന്നു ദിവസം അടുപ്പിച്ച് ഉപവാസമനുഷ്ഠിപ്പാൻ ജനങ്ങളെ ഉൽബോധിപ്പിക്കുകയുണ്ടായി).

(2) തിരുസ്വരൂപം ഇടവകാതിർത്തിയിൽ എത്തുമ്പോൾ, എല്ലാവരും മുട്ടുകുത്തി "രാജകന്യകേ" എന്ന ജപവും (അതിനുപകരം 3 "നന്മനിറഞ്ഞ മറിയം" ആയാലും മതി) താഴെ ചേർക്കുന്ന സുകൃതജപങ്ങളും ചൊല്ലുന്നതു് ഉചിതമായിരിക്കും:

ഞങ്ങളുടെ ഫാത്തിമാനാഥേ! അങ്ങേ ഞങ്ങൾ അഭിവാദ്യം ചെയ്യുന്നു.

ഞങ്ങളുടെ ഫാത്തിമാനാഥേ! അങ്ങിൽ ഞങ്ങൾ ശരണപ്പെടുന്നു.

പരിശുദ്ധ കന്യകാമറിയമേ! ഞങ്ങൾ അങ്ങേ സ്നേഹിക്കുന്നു.

പരിശുദ്ധ ദൈവമാതാവേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

പാപികളുടെ സങ്കേതമേ! എല്ലാം പാപികളേയും മനസ്സുതിരിക്കണമെ.

ക്രിസ്ത്യാനികളുടെ സഹായമേ! ഞങ്ങളെ സഹായിക്കണമെ.

പരസ്പരം സ്നേഹിപ്പാൻ ഞങ്ങളെ പഠിപ്പിക്കണമെ.

സ്നേഹത്തിന്റെ ചൈതന്യം ഞങ്ങൾക്കു തന്നരുളണമെ.

നീതിയുടെ ചൈതന്യം ഞങ്ങൾക്കു തന്നരുളേണമെ.

ശുദ്ധതയുടെ ചൈതന്യം ഞങ്ങൾക്കു തന്നരുളേണമെ.

ഭൂലോകരാജ്ഞി, ലോകത്തിനു സമാധാനം കൊടുത്തരുളേണമെ.

(3) വിശ്വാസികളെ പ്രാർത്ഥിക്കാൻ ഉദ്ബോധിപ്പിച്ചുകൊണ്ടുള്ള ഒരു ലഘുപ്രസംഗം നടത്തി, മാതാവിനു സ്വാഗതമരുളുക.

4) (a) സുകൃതജപങ്ങളുടെ അവസാനത്തിൽ ജനങ്ങളെല്ലാവരും കൈവിരിച്ചു പിടിച്ച് 3 പ്രാവശ്യം "പാർച്ചെ ദോമിനേ" ചൊല്ലുന്നതു ഉചിതമായിരിക്കും. (സുറിയാനിയിൽ "റാഹേം അലൈൻ" ചൊല്ലിയാൽ മതിയാകുമെന്നു തോന്നുന്നു) b) പ്രദക്ഷിണം നടത്തുമ്പോൾ അവസരോചിതവും സുപരിചിതവുമായ ഏതെങ്കിലുമൊരു മാതൃസ്തവം എല്ലാവരുംകൂടി പാടാവുന്നതാണ്. c) പ്രദക്ഷിണത്തിൽ, ഒരു പുരോഹിതൻതന്നെ ജപമാലയുടെ നേതൃത്വം വഹിക്കണം. (എല്ലാവരുംകേൾക്കേണ്ടതിനായി കുറെപ്പേർ ഒരുമിച്ച് "ആകാശങ്ങളിലിരിക്കുന്ന" ജപവും മറ്റും ചൊല്ലുന്നതും നന്നായിരിക്കും) ഓരോ ദശകത്തിനുംശേഷം പാട്ടുകൾ പാടണം. d) തിരുകർമ്മങ്ങൾ നടത്താനുള്ള പള്ളിയിലോ മറ്റേതെങ്കിലും സ്ഥലത്തോ പ്രദക്ഷിണം എത്തുമ്പോൾ, എല്ലാവരുമൊരുമിച്ച്, ഭക്തിപൂർവ്വം ഏവർക്കുമറിയാവുന്ന ഒരു പാട്ടു പാടണം. e) അനന്തരം, തിരുകർമ്മങ്ങൾ നടത്തുന്നതു പള്ളിയിൽവച്ചാണെങ്കിൽ പരിശുദ്ധ കർബാനയ്ക്കു് ഒരു വിസിത്ത കഴിക്കണം. വെളിയിലാണെങ്കിൽ, മാലാഖാ ഫാത്തിമാ ബാലകരെ പഠിപ്പിച്ച താഴെ പറയുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് വിശ്വാസികൾ തങ്ങളുടെ ഹൃദയങ്ങളെ ദൈവസന്നിധിയിലേക്കുയർത്തണം:— "എന്റെ ദൈവമേ! ഞാൻ അങ്ങിൽ വിശ്വസിക്കുകയും ശരണപ്പെടുകയും അങ്ങേ സ്നേഹിക്കുകയും അങ്ങേ ആരാധിക്കുകയും ചെയ്യുന്നു (ആവർത്തിച്ചു ചൊല്ലുക) അങ്ങിൽ വിശ്വസിക്കാത്ത എല്ലാവർക്കുംവേണ്ടി ഞാൻ പൊറുതി അപേക്ഷിക്കുന്നു (ആവ:) അങ്ങിൽ ശരണപ്പെടാത്ത എല്ലാവർക്കുംവേണ്ടി ഞാൻ പൊറുതി അപേക്ഷിക്കുന്നു (ആവ:) അങ്ങേ ആരാധിക്കാത്ത എല്ലാവർക്കുംവേണ്ടി ഞാൻ പൊറുതി അപേക്ഷിക്കുന്നു (ആവ:) അങ്ങേ സ്നേഹിക്കാത്ത എല്ലാവർക്കും വേണ്ടി ഞാൻ പൊറുതി അപേക്ഷിക്കുന്നു (ആവ:)"

സാദ്ധ്യമെങ്കിൽ, എല്ലാവരും മുട്ടിന്മേൽനിന്നു കൈവിരിച്ചു പിടിച്ച് താ

ഴെ പറയുന്ന ജപം ചൊല്ലുവാൻ ആവശ്യപ്പെടുക:

"എന്റെ ദൈവമേ! സക്രാരിയിൽ സന്നിഹിതനായിരിക്കുന്ന അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. (ആവർത്തിച്ചു ചൊല്ലുക) കർത്താവേ! ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമെ (ആവ:)

ഫാത്തിമാമാതാവേ! ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ. (ആവ:)

ഫാത്തിമാമാതാവേ! ലോകത്തിനു സമാധാനം പ്രദാനംചെയ്യണമെ. (ആവ:)

4) പരിശുദ്ധ കർബാനയ്ക്കു ഒരുക്കമായുള്ള ഒരു ഗാനത്തോടുകൂടി അവസാനിപ്പിക്കുക.

5) പാട്ടുകുർബാനയ്ക്കും ഓറക്കുർബാനയ്ക്കും ശേഷം വിശ്വാസികൾ സംഘാനംഘമായി ഇടവിടാതെ മാതാവിനെ അകമ്പടി സേവിക്കണം. തിരുസ്വരൂപം തനിയെ വച്ചിരിക്കാൻ പാടില്ല.

6) പ്രതിഷ്ഠാകർമ്മം: സൗകര്യപ്പെടുന്ന പക്ഷം ഇതു രാത്രി നടത്തുകയായിരിക്കും ഭേദം.

7) രണ്ടു മണിക്കൂർനേരത്തെ ദിവ്യാരാധന.

### ആരാധനയുടെ മാതൃക

പരിശുദ്ധ കർബാന പരസ്യമായി പ്രതിഷ്ഠിച്ചുകൊണ്ടു ഗാനം.

കൊന്ത: കൊന്തയുടെ രഹസ്യങ്ങളെപ്പററി ധ്യാനിക്കേണ്ടതിനായി അവയുടെ സാരം പറഞ്ഞു ഗ്രഹിപ്പിക്കണം. രഹസ്യങ്ങളോടുകൂടി പാട്ടുകൾ പാടേണ്ടതാണ്. കൊന്തയുടെ അവസാനരഹസ്യം കൈവിരിച്ചുപിടിച്ചു ചൊല്ലുവാൻ ഉപദേശിക്കുക.

മാർപ്പാപ്പായ്ക്കുവേണ്ടിയുള്ള ഒരു പ്രാർത്ഥന.

മാതാവിന്റെ സ്തുതിക്കായുള്ള ഒരു ഗാനം.

വിമലഹൃദയത്തിനുള്ള പ്രതിഷ്ഠ.

"മഗ്നിഫിക്കാത്തു്" എന്ന ഗീതം. (സുറിയാനിയിൽ മാതാവിന്റെ സ്തുതിക്കായുള്ള മറേറതെങ്കിലും ഗീതം പാടാവുന്നതാണ്)

പരിശുദ്ധ കുർബാനയുടെ വാഴ്വ്.

കീർത്തനം.


### പ്രത്യേകശ്രദ്ധയ്ക്കു്

1. മരിയൻഭക്തിസംബന്ധമായി ഓരോ പ്രദേശത്തുമുള്ള പതിവുകൾക്കും പാരമ്പര്യങ്ങൾക്കും ഫാത്തിമാനാഥയുടെ പര്യടനം യാതൊരു കാരണവശാലും വിഘാതമായി ഭവിച്ചുകൂടാത്തതാകുന്നു. പ്രത്യുത, അവയ്ക്കു വർദ്ധമാനമായ ചൈതന്യം പ്രദാനംചെയ്യുകയാണു വേണ്ടതു്.

2. ഏതെങ്കിലും ഒരു രൂപതയെ മാതാവു സന്ദർശിക്കുമ്പോൾ, ആ സന്ദർശനത്തെ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കണം. സാധിക്കുന്നിടത്തോളം ഇടവകകളിലെല്ലാം മാതാവു് കയറിയിറങ്ങി പ്പോരുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യണം. (ഫഞ്ചൽ എന്ന ദ്വീപിൽ മാതാവു് നടത്തിയ പര്യടനത്തെപ്പററി ലഘുലേഖയിൽ വിസ്തരിച്ചു പറയുന്നുണ്ട്.)

3) ഇടയ്ക്കുള്ള ഇടവകകൾ: കർമ്മാർഗ്ഗ തിരുസ്വരൂപം ഒരു രൂപതയിൽ പര്യടനം നടത്തുമ്പോൾ, മാതാവിനെ അഭിവാദ്യം ചെയ്യുന്നതിനായി വഴിയിൽ കൂടിയിരിക്കുന്ന ജനക്കൂട്ടങ്ങൾക്കു അവരുടെ ഭക്ത്യാദരങ്ങൾ പ്രകടിപ്പിക്കുന്നതിനു് അവസരം നല്കുക സാധാരണമാണ്. ഭാരവാഹികൾ ഇപ്രകാരം കുറേശ്ശെ സമയം ഇടയ്ക്കു നിറുത്തുന്നതിനു സന്നദ്ധരായിരിക്കണം. തത്സമയം അവർ ജനങ്ങളുമൊരുമിച്ചു കൊന്തയുടെ ഒരു രഹസ്യം ചൊല്ലുകയോ, അഥവാ ഹ്രസ്വമായ മറേറതെങ്കിലും ഭക്തകൃത്യം നിർവ്വഹിക്കുകയോ ചെയ്യുന്നു. മാതാവിന്റെ മാദ്ധ്യസ്ഥ്യത്തിലുള്ള ആ ഇടവകകൾ, ദൈവദത്തമായ പ്രസ്തുതാവസരത്തെ ഏററവും പ്രയോജനപ്പെടുത്തുന്നതിനായി മററിടവകകളെപ്പോലെ തങ്ങളെത്തന്നെ ഒരുക്കേണ്ടതു് ആവശ്യമാണ്.

4) കുമ്പസാരവും, ദിവ്യകാരുണ്യസ്വീകരണവും പ്രധാനഗണനീയങ്ങളാണ്. "മറിയംവഴി ഈശോയുടെ പക്കലേക്കു" എന്നതത്രെ മുദ്രാവാക്യം. ജീവിതനവീകരണമാണു സർവ്വപ്രധാനമായ കാര്യം. മാതാവിന്റെ ഈ പര്യടനം വഴി അവിടുത്തെ നേർക്കുള്ള ഭക്തി വർദ്ധിക്കണം. നിരുപാധികവും പരിപൂർണ്ണവുമായ ഒരു മാനസാന്തരം സാധിക്കുന്നതിനുള്ള ഏററവും ശക്തിമത്തായ ഒരു മാർഗ്ഗമാണിതു്.



തീർത്ഥാടകകന്യക

5) ഈ അഭിപ്രായങ്ങളും ആശയങ്ങളും അനുകരണയോഗ്യങ്ങളായ ചില നിർദ്ദേശങ്ങൾ മാത്രമാണ്. എന്തെന്നാൽ, സ്ഥലകാലാദിസാഹചര്യങ്ങളനുസരിച്ചുള്ള ഒരു പരിപാടി ഓരോ രൂപതയ്ക്കും ആവശ്യമാണെന്നുള്ളതു സുവിദിതമാണല്ലോ. അതു മുഴുവനായി നിശ്ചയിക്കുന്നതിനു് ഓരോ സ്ഥലത്തെയും അധികാരികൾക്കേ സാധിക്കയുള്ളു.

6) പ്രായോഗികമായ ഒരു സംഗതി ശ്രദ്ധാവിഷയമാക്കേണ്ടിയിരിക്കുന്നു. തിരുസ്വരൂപത്തിനു്, അടിത്തറ കൂടാതെ ഒരു മീററർ, 10 സെൻറിമീററർ (ഉദ്ദേശം മൂന്നര അടി) പൊക്കമാണുള്ളതു്. ആകയാൽ കേടുഭവിക്കാതെ തിരുസ്വരൂപം എളുപ്പത്തിൽ കടന്നുപോകേണ്ടതിലേക്കായി ആർച്ചുകളും മററും വേണ്ട ഉയരത്തിൽ നിർമ്മിക്കപ്പെടണം.

— —


## ഫ്റീ ഇൻഡ്യാ ബാങ്ക് ക്ലിപ്തം, കോട്ടയം

തിരുവിതാംകൂറിൽ രജിസ്റ്റാക്കപ്പെട്ടതു്

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം

| | | | | |
|---|---|---|---|---|
| പലിശനിരക്കു് കറൻറു് | 1% | 6 മാസം കാലാവധി | | 4 |
| സേവിംഗ്സ് | 3% | 12 | ,, | 4½% |
| ഷോർട്ടു് നോട്ടീസ് | 3% | 24 | ,, | 5% |
| | | 36 | ,, | 5½% |

ഇതിനുംപുറമെ ആവശ്യക്കാർക്കു 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരകാഷ് സർട്ടിഫിക്കററുകളും വാങ്ങാവുന്നതാണ്. ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം, പാലാ, കിടങ്ങൂർ, പൊൻകുന്നം, നെടുംകുന്നം, ചങ്ങനാശ്ശേരി, ഉല്ലല.


വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം

II

ഈശോനാഥൻ ഇടവും വലവും മനുഷ്യരുടെ ശാരീരികമായ അസ്വാസ്ഥ്യങ്ങൾക്കു ആശ്വാസം നല്കി. എന്നാൽ ആത്മികവ്യാധികളെ ദൂരീകരിക്കാനുള്ള അവിടുത്തെ ആഗ്രഹത്തെയും അധികാരത്തെയും ആളുകൾ ഗ്രഹിക്കുവാൻ വേണ്ടിയാണ് അവിടുന്നു അവ്വിധം പ്രവർത്തിച്ചതു്. തളർവാതരോഗിയോടു് അവിടുന്നു കല്പിച്ചരുളി: "നിന്റെ പാപങ്ങൾ പൊറുക്കപ്പെട്ടിരിക്കുന്നു." നിയമപണ്ഡിതന്മാർക്കു ഇതു കേട്ടപ്പോൾ അത്ഭുതവും ഈർഷ്യയുമുളവായി. യഹോവായുടെ തനതധികാരമാണു പാപവിമോചനം. ആ ശ്രേഷ്ഠാധികാരം ഈയാൾ സ്വായത്തമാക്കുകയോ! അവരുടെ അന്തർഗ്ഗതം അറിഞ്ഞ ഈശോ രോഗിയോടു ആജ്ഞാപിച്ചു: മനുഷ്യപുത്രനു ഭൂമിയിൽ പാപവിമോചനം നല്കുവാനധികാരമുണ്ടെന്നു ലോകം മനസ്സിലാക്കുവാൻവേണ്ടി നീ എഴുന്നേററു കിടക്കയും പേറിക്കൊണ്ടു സ്വന്തം വീട്ടിലേക്കു നടന്നുപോയാലും. തൽക്ഷണം ആയാൾ രോഗമുക്തനായി; ആജ്ഞാനുസരണം പ്രവർത്തിക്കയും ചെയ്തു. സർവ്വജ്ഞപരിതാപിതരുന്നു ഞെളിഞ്ഞിരുന്ന നിയമജ്ഞന്മാരോടുള്ള ഒരു വെല്ലുവിളിയായിരുന്നു അതു്. നിങ്ങൾ എന്റെ വാക്കുകൾ വിശ്വസിക്കുന്നില്ല! എന്നാൽ എന്റെ പ്രവൃത്തികളോ?

ആത്മാവു ശരീരത്തെക്കാൾ ഉത്തമത്തെക്കാൾ പലവിധം ഉൽകൃഷ്ടമാണല്ലോ. തന്നിമിത്തം മരിച്ച ശരീരത്തെ പുനർജ്ജീവിപ്പിക്കുന്നതിനെക്കാളധികം ക്രിസ്തുവിനു പ്രിയങ്കരമായിരുന്നതു പാപമാകുന്ന കുഴിമാടത്തിൽനിന്നു ആത്മാവിനെ ഉയിർത്തെഴുന്നേല്പിക്കുന്നതായിരുന്നു. വി. അഗസ്റ്റിനോസ് അത്ഥഗർഭമായി പ്രസ്താവിച്ചിട്ടുള്ളതുപോലെ മിശിഹാ മൂന്നുപേരെമാത്രമെ ഉയിർപ്പിച്ചതായി സുവിശേഷം രേഖപ്പെടുത്തിയിട്ടുള്ളുവെങ്കിലും, പ്രസംഗവരജീവനിലേക്കു അവിടുന്നു ഉത്ഥാനം ചെയ്യിച്ച ആത്മാക്കൾ ആയിരം കണക്കിനുണ്ടാകണം.

ക്രിസ്തു തിരുസഭയെ സ്ഥാപിച്ചതു തന്റെ ഈ ദൗത്യം ശാശ്വതീകരിക്കുന്നതിനുവേണ്ടിയാണ് അവിടുത്തെ ദിവ്യദൗത്യമാകട്ടെ പാപിതാരണവുമായിരുന്നു. ആകയാൽ പാപികളെ സ്രഷ്ടാവുമായി രമ്യപ്പെടുത്തുക എന്നതായിരിക്കണം അവിടുത്തെ പ്രതിനിധികളായ പുരോഹിതന്മാരുടെ പ്രധാന കർത്തവ്യം.

ലോകരക്ഷകൻ പരലോകത്തേക്കാരോഹണം ചെയ്തശേഷം തിരുസഭയിൽ പാപവിമോചനസിദ്ധിക്കെന്തു പരിണാമമാണവശേഷിച്ചിട്ടുള്ളതു? അവിടുന്നു ഓരോ പാപിയോടും നേരിട്ടു മറിയം മഗ്ദലനായോടു കല്പിച്ചരുളിയതുപോലെ, "നിന്റെ പാപങ്ങളെല്ലാം നിന്നോടു ക്ഷമിക്കപ്പെട്ടിരിക്കുന്നു" എന്നു പറയുകയായിരിക്കുമോ? അഥവാ പാപവിമോചനാധികാരം തന്റെ പ്രതിപുരുഷന്മാർവഴി പ്രയോഗിക്കുകയാണോ? അവിടുന്നു ഓരോ പാപിക്കും പ്രത്യക്ഷദർശനം നല്കുമെന്നു വാഗ്ദാനം ചെയ്തിട്ടില്ല; അങ്ങനെ പ്രവർത്തിക്കുന്നതുമില്ല. ഇതൊക്കെ ആർക്കും നന്നായിയറിയാം.

ആയതുകൊണ്ടു തദ്വിഷയകമായി അവിടുന്നവലംബിച്ച പദ്ധതി തന്റെ നാമത്തിലും അധികാരത്തിലും സ്വന്തം പ്രതിനിധികൾ പാപികളെ പാപബന്ധത്തിൽനിന്നു വിമുക്തമാക്കുക എന്നതായിരിപ്പാനേ നിവൃത്തിയുള്ളു. സർവ്വശക്തനായ ഈശ്വരന്റെ അനുഗ്രഹശീലമായ പരിപാലനയ്ക്കു സമുചിതം അനുയോജ്യമായ ഒരു സമ്പ്രദായവും ഇതുതന്നെയാണ്. നേരിട്ടു രംഗപ്രവേശം ചെയ്യാതെ അവിടുത്തെ അനുഗ്രഹപ്രവർത്തനങ്ങൾ നിർവ്വഹിക്കുവാനായി ഏതാനും ചില പ്രതിപുരുഷന്മാരെ നിയോഗിക്കുന്ന പതിവിനെ ഉദാഹരിക്കുന്ന പല പ്രസിദ്ധസംഭവങ്ങളും പഴയതും പുതിയതുമായ നിയമഗ്രന്ഥങ്ങളിൽ കാണാം.

പി. കെ.

## വിശുദ്ധവത്സരതീർത്ഥകൻ

നേത്തുവെയിൽസ് സ്വദേശിയായ 24 വയസ്സുള്ള മി. ആന്റണി കാറിഗൻ വിശുദ്ധവത്സരാഘോഷങ്ങളിൽ സംബന്ധിക്കുന്നതിനായി റോമിലേക്കു കാൽനടയായി പുറപ്പെട്ടിരിക്കുന്നു. ജപമാല ചൊല്ലിക്കൊണ്ടാണ് അയാൾ ഈ തീർത്ഥയാത്ര കഴിക്കുന്നതു്.




ST. ALOYSIOUS ELECTROPLATING WORKS
AND CATHOLIC DEPOT,
MUNICIPAL OFFICE ROAD. TRICHUR.
PROPRIETOR- C. O. LOUIS-

*Large stock of Catholic devotional articles in Silver and Electroplated ready for sale viz:*

1- Chalices 2- Ciboriums 3- Monstrances 4- Incense Boats 5 Thuribles 6. Communion Plates 7- Candle-sticks 8- Holy Oil Stoks Etc-

AND ALL KINDS OF CHURCH REQUISITES
NEAT ELECTROPLATING

*N. B. Prepared to go over to anywhere for neat execution if so wanted-*



## ബോസ്കോ ബാലരംഗം

പ്രയത്നം പ്രാർത്ഥന പ്രസന്നത

Bosco Children's Club (ബി. സി. സി.)

# 9. രക്ഷകൻ പിറന്ന നാട്

“അളവില്ലാ കനാൻ ജനപദം നീനജ്ജലി-
ല്ലിതുപോലെയുള്ളൊരിടമിഷ്ട ത്രയീൽ.
ഉലകിന്നിണങ്ങീട്ടാണിക്ക ഉദ്യമ-
സ്ഥലംമറാവും അചിരംമില്ല സംശയം.
മല, കാട്ട്, തോട്ട്, കട, ലാറിവററിനാൽ
ഉയരാറഭംഗി വിലസുന്നിതേങ്ങും.”

പ്രിയകുഞ്ഞുങ്ങളേ,

ക്രിസ്തുമതം പാശ്ചാത്യരാജ്യങ്ങളിൽനിന്നു ഇറക്കുമതി ചെയ്യപ്പെട്ടിട്ടുള്ള ഒരു വിശേഷച്ചരക്കാണെന്നു കരുതുകയും തദനുസരണം പെരുമാറുകയും ചെയ്യുന്ന ഒരു ദേശീയവാദികക്ഷിയെ ഇക്കാലത്തു നാം കാണുന്നുണ്ട്. എന്നാൽ പരമാർത്ഥം എന്താണ്? ക്രിസ്തുവും ക്രിസ്തുമതവും ജനിച്ചതു ഏഷ്യായിലാണ്. ഒരു ഭൂപടം എടുത്തുനോക്കിയാൽ, ഏഷ്യാഖണ്ഡത്തിന്റെ പടിഞ്ഞാറെ അററത്ത്, മെഡിറററേനിയൻ കടലിന്റെ കിഴക്കേ തീരത്തായി 150 മൈൽ നീളത്തിൽ കിടക്കുന്ന പലസ്തീനാരാജ്യം എന്ന ഒരു മനോഹരഭൂവിഭാഗം കാണാം. ഇതാണു ലോകരക്ഷകൻ പിറന്ന നാട്. ഇതുതന്നെയാകുന്നു ഇസ്രായേൽജനത്തിനു ദൈവം വാഗ്ദാനം ചെയ്തുകൊടുത്ത കനാൻദേശം.

ആവർത്തനപ്പുസ്തകത്തിൽ ഈ രാജ്യത്തെപ്പററി പറഞ്ഞിരിക്കുന്ന ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം: “പാലും തേനും ഒഴുകുന്ന ദേശമായി അവർക്കും അവരുടെ സന്തതികൾക്കും കൊടുക്കുമെന്നു നിങ്ങളുടെ പിതാക്കന്മാരോടു കർത്താവു സത്യംചെയ്ത ദേശത്തു നിങ്ങളുടെ ദിവസങ്ങൾ വർദ്ധിക്കുവാൻവേണ്ടി നിങ്ങൾ അനുസരിക്കുവിൻ: എന്തെന്നാൽ നിങ്ങൾ കൈവശമാക്കുവാൻ ചെല്ലുന്ന ദേശം, നിങ്ങൾ നിങ്ങളുടെ വിത്തു വിതച്ചിട്ട് നനച്ചുണ്ടാക്കുന്ന തോട്ടംപോലെ നിങ്ങളുടെ കാലുകൾകൊണ്ടു നനയ്ക്കുന്നതായി നിങ്ങൾ വിട്ടുപോന്നിട്ടുള്ള ഈജിപ്തു ദേശംപോലെയല്ല. നിങ്ങൾ കടന്നുചെന്നു കൈവശപ്പെടുത്താൻ പോകുന്ന ദേശമാ മലകളും സമതലങ്ങളുമുള്ള ദേശമാകുന്നു. ആകാശത്തിൽനിന്നുള്ള മഴയിൽനിന്നാകുന്നു അതു വെള്ളം കുടിക്കുന്നതു്. അതു നിന്റെ ദൈവമായ കർത്താവു എപ്പോഴും അന്വേഷിക്കുന്ന ദേശമത്രെ......ഞാൻ ഇന്നു നിങ്ങളോടു കല്പിക്കുന്ന കല്പനകൾ നിങ്ങൾ കേൾക്കയും, നിങ്ങളുടെ ദൈവമായ കർത്താവിനെ നിങ്ങൾ സ്നേഹിക്കയും നിങ്ങളുടെ മുഴുഹൃദയത്തോടുകൂടിയും നിങ്ങളുടെ മുഴുവാത്മാവോടുകൂടിയും അവിടുത്തെ നിങ്ങൾ സേവിക്കയും ചെയ്യുമെങ്കിൽ, നിന്റെ ധാന്യം, നിന്റെ വീഞ്ഞ്, നിന്റെ എണ്ണ ഇവ നീ ശേഖരിക്കുമാറു നിങ്ങളുടെ ഭൂമിക്കു ആവശ്യമായ മുൻമഴയും പിൻമഴയും തക്കസമയത്തു ഞാൻ തരും.” (ആവർത്ത. XI. 9-14)

ഇപ്രകാരം പ്രകൃതിസുന്ദരമായ പലസ്തീനാപ്രദേശം യഹൂദന്മാർ കൈവശപ്പെടുത്തുകയും ക്രിസ്തുവിനു 1050 കൊല്ലംമുമ്പു ഇസ്രായേൽ രാജ്യം അവിടെ സ്ഥാപിക്കയും ചെയ്തു. “ഞങ്ങൾ അബ്രാഹത്തിന്റെ സന്തതികളായ സ്വതന്ത്രന്മാരാണ്; ഞങ്ങൾ ആർക്കും അടിമകളായിട്ടില്ല” എന്നു സ്ഥാനത്തും അസ്ഥാനത്തും അഭിമാനിച്ചിരുന്ന യഹൂദന്മാർ, ദൈവത്തെ മറന്നു പ്രമാണലംഘികളായിത്തീർന്നപ്പോഴൊക്കെയും നീചനീചമായ അടിമത്തത്തിനു വിധേയരായിത്തീർന്നു. ഈജിപ്ത്, ബാബേൽ, അസ്സീറിയ, പേർഷ്യ, ഗ്രീസ്, ടർക്കി, റോമാ, ബ്രിട്ടൻ, എന്നിവയാണ് ലോകത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള ഏററം വലിയ സാമ്രാജ്യങ്ങൾ. ഇവരുടെയെല്ലാം കീഴിൽപ്പെട്ട് അടിമനിയന്ത്രണങ്ങൾ യഹൂദജനം അനുഭവിച്ചിട്ടുണ്ട്. ഒടുവിൽ ശാപഗ്രസ്ത ജനതയെപ്പോലെ, പലസ്തീനാ വിട്ട്, ലോകമെങ്ങും അവർ ചിതറിപ്പോകയും ചെയ്തു.

ഒന്നാംലോകമഹായുദ്ധത്തിനുശേഷം പലസ്തീനാ ബ്രിട്ടന്റെ സംരക്ഷണയിലായിത്തീർന്നതോടെ യഹൂദന്മാർക്കു വീണ്ടും പലസ്തീനായിൽ കുടിയേറിപ്പാർക്കുന്നതിനുള്ള പ്രോത്സാഹനങ്ങൾ നൽകപ്പെട്ടു. അവിടെ സ്ഥിരതാമസക്കാരായ അറബികളോടുള്ള നിരന്തര സമ്പർക്കവും ഭയങ്കരമായ നീണ്ട ലഹളകളും വഴിയായിട്ടുമാത്രമേ അവർക്കവിടെ അടിയുറപ്പിക്കാൻ സാധിച്ചുള്ളു. രണ്ടാംലോകമഹായുദ്ധാനന്തരം ബ്രിട്ടൻ പലസ്തീനാ വിട്ടതോടെ അറബികളും യഹൂദരും തമ്മിൽ ഒരു യുദ്ധത്തിൽ തന്നെ കലാശിച്ചു പലസ്തീനാ രണ്ടുകൂട്ടർക്കുമായി വിഭജിക്കപ്പെടാൻ തീരുമാനമുണ്ടാകയും, നവീനമായി ഒരു ഇസ്രായേൽരാജ്യം ഉദയംചെയ്യുമുണ്ടായെങ്കിലും രക്തച്ചൊരിച്ചിലിനു യാതൊരു കുറവുമുണ്ടായിട്ടില്ല. 1948 മെയ് മാസത്തിൽ നടന്ന ഈ സംഭവത്തിനുശേഷമുള്ള റിപ്പോർട്ടുകൾ ഹൃദയഭേദകമെന്നേ പറയേണ്ടൂ. പലസ്തീനായിലുണ്ടായിരുന്ന പന്ത്രണ്ടുലക്ഷം അറബികളിൽ രണ്ടുലക്ഷമേ ഇനി അവിടെ ശേഷിച്ചിട്ടുള്ളു. ബാക്കിയെല്ലാം നാടും വീടും വിട്ട് അഭയാർത്ഥികളായി അവിടവിടെ ചുററിത്തിരിയുന്നു. 1200 ആളുകൾ മാത്രമുണ്ടായിരുന്ന ബേർസെയിത്തു നഗരത്തിൽ ഇപ്പോൾ 15000

ശ്യമുണ്ടോ? കരുണയുള്ള കർത്താവേ! അവർ എന്തുചെയ്യുന്നുവെന്നു അവർ അറിയുന്നില്ല. അവരോടു നീ പൊറുക്കണമേ! എന്റെ ആത്മാവേ! നീയും ദൈവത്തിനു പ്രസാദജനകമായ ഒരു പലസ്തീനായാകുന്നു. എന്നാൽ യഹൂദജനത്തെപ്പോലെ ദൈവപ്രമാണങ്ങളെ നീ വിസ്മരിച്ചാൽ അയ്യോ നിനക്കു ദുരിതം.

### പദ്യരചനക്ലാസ്

പാഠപ്പുസ്തകം 37-ാം പേയ്ജ് എടുക്കുക. അതിന്റെ ഒന്നാം പദ്യത്തിൽ ഒരു പാദത്തിനു എത്ര അക്ഷരങ്ങളുണ്ട്? പന്ത്രണ്ട് കൊള്ളാം. അതു ഒരു പുതിയ ഛന്ദസ്സാണ് പന്ത്രണ്ടക്ഷരംവീതമുള്ള ഛന്ദസ്സിനു ജഗതി എന്നു പേരു പറയും. ഏതാണു പേര്? ജഗതി. ഈ പന്ത്രണ്ടക്ഷരങ്ങൾ മാറിയും മറിച്ചും ഈ ഛന്ദസ്സിൽ മുപ്പതിൽപ്പരം വൃ


## എറണാകുളം ബ്രാഞ്ച്

### ട്രാവങ്കൂർ ഫെഡറൽ ബാങ്ക് ലിമിറ്റഡ്

### H. O. ആലുവാ.

ബ്രാഞ്ചുകൾ:—അങ്കമാലി, പെരുമ്പാവൂർ

ബാങ്കിന്റെ ഒരു ശാഖ എറണാകുളത്തു അരമനയ്ക്കു സമീപമുള്ള മാമ്പിള്ളി ബിൽഡിംഗ്സിൽ ഡിസംബർ 10-ാംനു ഉൽഘാടനം ചെയ്തു പ്രവർത്തനം ആരംഭിക്കുന്നതാണ്.

ക്യാപ്റ്റൻ ഫ്രാൻസിസ് പാനികുളം, ചെയർമൻ


അഭയാർത്ഥികളാണുള്ളത്. 500 നിവാസികൾ മാത്രമുണ്ടായിരുന്ന ജിഫ്നായിൽ ഇന്നു പതിനായിരത്തിനുമേൽ അഭയാർത്ഥികൾ പാർത്തുവരുന്നു. അയൽപ്രദേശങ്ങളിലെല്ലാം ഈ തോതിനു ആബാലവൃദ്ധം ജനങ്ങൾ വന്നെത്തിയിട്ടുണ്ട്. കാലികളിലും വെളിംപറമ്പുകളിലും വഴിയോരങ്ങളിലുമായി അവർ കഴിഞ്ഞുകൂടുന്നു. വിശപ്പുകൊണ്ടും സാംക്രമികവ്യാധികൾകൊണ്ടും പ്രതിദിവസം നിരവധിയാളുകൾ മൃത്യുവിനിരയാകുന്നു. സർവ്വരാജ്യസഭയും മററനേകസംഘടനകളും ലോഭം കൂടാതെ സംരക്ഷണനടപടികൾ അവലംബിച്ചിട്ടും ഒന്നുമാകുന്നില്ല. ഏഴുനൂറുകൊല്ലക്കാലമായി പലസ്തീനായിലെ തീർത്ഥസ്ഥലങ്ങളുടെ സംരക്ഷണജോലി സ്തുത്യർഹമായി നിർവഹിച്ചുവരുന്ന ഫ്രാൻസിസ്കൻ സന്യാസസഭാംഗങ്ങളുടെ സേവനചരിത്രം ഏവരുടെയും പ്രശംസയ്ക്കു വിഷയമാകുന്നുണ്ട്. ഇരുകൂട്ടരും തമ്മിലുള്ള യുദ്ധത്തിനിടയ്ക്കു വിശുദ്ധസ്ഥലങ്ങളിൽ പലതിനും കേടുപാടുകൾ സംഭവിച്ചിട്ടുള്ളതായികാണുന്നു. വിശുദ്ധസ്ഥലങ്ങൾ സാർവ്വദേശീയമായി വ്യവസ്ഥചെയ്യണമെന്നു പാപ്പാ പിതാവും മററു പല സഭാധ്യക്ഷന്മാരും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതേവരെ യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല.

പ്രിയകുഞ്ഞുങ്ങളേ, ലോകരക്ഷകന്റെ ശോകനാടകം അഭിനയിച്ചരംഗത്തു നടമാടുന്ന സംഭവങ്ങളാണിവയെല്ലാം. ദൈവശാപത്തിനു വിധേയരാകുന്ന ആളുകളുടെയും സ്ഥലങ്ങളുടെയും ദൌർഭാഗ്യത്തിനു ഇതിൽ കൂടുതൽ ദൃഷ്ടാന്തം ആവ

ത്തങ്ങൾ ഉണ്ടാക്കാൻ സാധിക്കും. അതിലൊരു വൃത്തമാണ് ഇപ്പോൾ വായിച്ച പദ്യം. അതിലെ ഗുരുലഘുക്കൾ എങ്ങനെയാണെന്നു നോക്കപ്പെടുക. രണ്ടു തഗണം, ഒരു ജഗണം, ഒരു രഗണം. ഇങ്ങനെ പന്ത്രണ്ടക്ഷരം അതായതു:

സാമ്രാജ്യശക്തിക്കു നിരന്തരം സമാ
— — ∪ | — — ∪ | ∪ — ∪ | — ∪ —

ഇന്ദ്രവംശമെന്നാണ് ഈ വൃത്തത്തിനു പേരുപറയുന്നതു്. ആ ഖണ്ഡത്തിലെ 20 പദ്യങ്ങളും ഈ വൃത്തംതന്നെ. അതു പലപ്രാവശ്യം വായിച്ചിട്ട് ആ വൃത്തം ശരിക്കു ഹൃദിസ്ഥമാക്കണം. അനന്തരം മുൻപോലെയുള്ള അഭ്യസനം നടത്തിക്കൊള്ളുക.

ബോസ്കോ മഹാപുരുഷനാമമേന്തിടും
ക്ലബ്ബിലെയംഗത്തിനു പേരു ബി. സീ സീ.
യൂണിററിന്നഞ്ചു; പ്രധാനമായതാ-
മിഷ്ടഗണം: പിൻവരുമാറു ട്ടർ ബേഡിഗാർഡ്സ്
പിന്നീടു സന്ദേശിനശലെ സെൻറിനൽസ്:
സെയ്ന്റ് സൂസപരിൽ റെജിമെൻറനന്തരം-
ബുക്ക് സ്റ്റോളു ബറേലിയനാണു പിന്നെയാം-
നീണ്ടുഞാൻ ഗണമൂന്നതെ ന്യായം
സാർവ്വലോകരുന്റെ കൊടിക്കു കീഴിലി-
പിള്ളേരു ചന്നപ്പടിചെയ്തിടുംപട.

### ബി സി സി മിഷൻ ഡിപ്പാർട്ടുമെൻറ്

ലംവപുരത്തുനിന്നു റവ. ഫാദർ താണിക്കൻ ഇങ്ങനെ എഴുതുന്നു:—

സത്യദീപത്തിലെ ബോസ്കോ ബാലസംഘം ആജമീർ രൂപത അവരുടെ മിഷൻരംഗമായി തിരഞ്ഞെടുത്തിരിക്കുന്നു എന്നറിയുന്നതിൽ ഞങ്ങൾ അതിയായി സന്തോഷിക്കുന്നു സത്യദീപത്തിനും, വലച്ചനും, ബാലമിഷനറിമാർക്കും ഞങ്ങളുടെ ഹൃദയപൂർവ്വകമായ നന്ദി പറഞ്ഞുകൊള്ളുന്നു............

ലഘുചരിത്രം ഞാൻ ഒരു മിഷനറി മാത്രമേയുള്ളു പലടത്തായി അഞ്ചു കന്യാസ്ത്രീകളും വേലചെയ്യുന്നുണ്ടു. അവരിൽ നാലുപേരും തിരുവിതാംകൂർകാരുമാണ്......... ....സ്ഥലവിസ്താരത്തിൽ ഞങ്ങളുടെ രൂപത കേരളത്തിലെ എല്ലാ രൂപതകളും ഒന്നിച്ചുകൂട്ടിയാൽ അതിനെക്കാളും വലുതായിരിക്കും. രാജപുത്താനായിൽ അധികഭാഗവും, സെൻട്രൽ പ്രോവിൻസിന്റെ ഒരു അംശവും ഇതിൽ ഉൾപ്പെടുന്നു ഫ്രഞ്ചുകാരായ കപ്പൂച്ചിൻകാർ അരനൂററാണ്ടുമുമ്പ് ഇവിടെ ജോലി തുടങ്ങിയതാണ്. എങ്കിലും വലിയ ഭാഗം ഇനിയും വിളവിറക്കാതെ കിടക്കുന്നു. തെക്കേ ഇന്ത്യയിലെ സ്ഥിതിഗതികളെന്നുമല്ല ഇവിടെ. വലുതും ചെറുതുമായ പല നാട്ടുരാജ്യങ്ങൾ ഉൾപ്പെടുന്നതാണല്ലോ രാജപുത്താന. മിഷനറിമാർക്കു ഇനിയും പ്രവേശനം പലപ്പോഴും സിദ്ധിച്ചിട്ടില്ലാത്തവയും അവയിൽ പലതുണ്ട്. ജാതിക്കാരുടെ പ്രതിബന്ധം ചില്ലറയുമല്ല. നല്ല മനസ്സുള്ളവർക്കുകൂടിയും അതിനെ പുറത്തു തള്ളുവാൻ എളുപ്പമല്ല. ഹിന്ദുമിഷന്റെ എതിർപ്രവർത്തനങ്ങൾ വേറൊരു ദുർഘടം. എങ്കിലും പ്രാർത്ഥനകൊണ്ടു സാധിക്കാത്തതു ഒന്നുമില്ലല്ലോ. ആകയാൽ കുഞ്ഞുങ്ങളുടെ കളങ്കരഹിതമായ പ്രാർത്ഥനകളാൽ ഈ കോട്ടകളെല്ലാം തകർത്തു ദൈവരാജ്യം പരത്തുന്നതിനു ഞങ്ങളെ സഹായിക്കണം. വീണ്ടും നന്ദി പ്രദർശിപ്പിച്ചുകൊള്ളുന്നു............

### ഉണ്ണിയീശോയ്ക്കു മുടി

നവംബർ 30-ാം തീയതിയായ ഇന്നു പിറവിത്തിരുനാളിൽ ഉണ്ണിക്കു സമർപ്പിക്കാനുള്ള മുടി പണിയാരംഭിക്കണം. ദിവസേന നാല്പതു നന്മനിറഞ്ഞ മറിയം വീതം ചൊല്ലി ആയിരം നന്മനിറഞ്ഞ മറിയംകൊണ്ടുള്ള സ്വർണ്ണമുടി. സ്വർണ്ണംതന്നെ ആയിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നേ എനിക്കപേക്ഷയുള്ളു. ശ്രദ്ധക്കേടുകൊണ്ടു പിച്ചളയാക്കി കളയരുതെന്നു്. പ്രിയ കുഞ്ഞുങ്ങളേ, ഈശോയെ മുൾമുടി ധരിപ്പിക്കാൻ ഉദ്യമിക്കുന്ന ക്രൂരർ പെരുകിവരുന്നു. അതിനിടയിൽ നിങ്ങളുടെ ഈ സ്വർണ്ണമുടികൊണ്ടെങ്കിലും സ്നേഹിയായ ഈശോയെ പ്രസാദിപ്പിക്കാൻ ഒന്നു ശ്രമിക്കുക.

അമ്മ എല്ലാവരേയും ധാരാളമായി ആശീർവ്വദിക്കും.

എന്നു സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

1 ഫാത്തിമാദർശകരിൽ ഫ്രാൻസിസ് എന്നു മരിച്ചു?

2 ജസീന്ത എന്നു മരിച്ചു?

3 മാതാവു് ലൂസിക്കു വെളിപ്പെടുത്തിയ പ്രധാനപ്പെട്ട ഭക്ത്യഭ്യാസമെന്താണ്?

(ഉത്തരങ്ങൾ 9-ാം പേജിൽ)

## നഗാസക്കിയിൽ

ആററംബോംബു നിമിത്തം നാശത്തിനധീനമായ നഗാസക്കിയിലെ സെൻറ് ഫ്രാൻസിസ് ഹോസ്പിററൽ പുനഃസ്ഥാപിതമായിരിക്കുന്നു. 24 കൊല്ലങ്ങൾക്കുമുമ്പ് അതൊരു സെമ്മിനാരിയായിരുന്നു. 5 കൊല്ലങ്ങൾക്കുശേഷം അതൊരു ഫ്രാൻസിസ്കൻ കോളേജായി രൂപാന്തരപ്പെട്ടു. യുദ്ധകാലത്തു് ഫ്രാൻസിസ്കൻ സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിലുള്ള ഒരാസ്പത്രിയായി. ആററംബോംബു നിമിത്തം കെട്ടിടം നിലംപതിച്ചെങ്കിലും അതിലെ നിവാസികൾക്കു യാതൊരാപത്തും ഭവിച്ചില്ല. ഇപ്പോഴതു പുനരുദ്ധരിക്കുകയും നഗാസക്കിയിലെ ബിഷപ്പു യാഗ്ഗച്ചി അതിന്റെ പ്രതിഷ്ഠാകർമ്മം നിർവഹിക്കുകയും ചെയ്തിരിക്കുന്നു.

# മി. കെ. എൻ. ഡാനിയേലിനു ലഭിച്ച
# കോൺഡക്ട് സർട്ടിഫിക്കററ്

(വന്ദ്യ ദിവ്യശ്രീ ചേപ്പാട്ടു് പീലിപ്പോസ് റമ്പാൻ)

മിസ്റ്റർ കെ. എൻ. ഡാനീയേൽ പറയുന്നതു് "എന്നെ വഞ്ചകനാക്കാൻ രേഖയുണ്ടെങ്കിൽ എന്നെ വിസ്തരിക്കുമ്പോൾ അതെടുത്തുകാണിക്കുമെന്നു് നിശ്ചയമാണല്ലോ" എന്നാണു്. അയ്യോ! കഷ്ടം!! അങ്ങനെ വിസ്തരിച്ചില്ലെന്നാണോ പറയുന്നതു്. പ്രതിഭാഗത്തുനിന്നും എത്രയോ രേഖകൾ ഹാജരാക്കി മി. കെ. എൻ. ഡാനിയേലിന്റെ കൈയിൽ കൊടുക്കുകയും ചെങ്ങന്നൂർ കോർട്ടിൽവെച്ചു് അദ്ദേഹത്തെക്കൊണ്ടു തന്നെ വായിപ്പിക്കുകയും അദ്ദേഹം വലിയ കാര്യം എന്നു വിചാരിക്കുന്ന അദ്ദേഹത്തിന്റെ മൊഴിയിൽ അതു രേഖപ്പെടുത്തിക്കുകയും ചെയ്തിട്ടുള്ളതാണല്ലോ. ഇത്ര വേഗം അതു വിസ്മരിച്ചുപോയോ?

ഒരു മാർത്തോമ്മാ സഭാംഗമായ മി. കെ. ററി. തോമസ്സ് ബി. എ. ബി.



എൽ. എഴുതിയ മാർത്തോമ്മാസഭയും തക്സംപരിഷ്ക്കരണവും എന്ന ഗ്രന്ഥം, സാഹിത്യരസികൻ മി. കെ. എം. കുര്യൻ എഴുതിയ മലങ്കരമാർത്തോമ്മാസഭയുടെ സംരംഭം എന്ന ലഘുപത്രിക, ഡിസ്ട്രിക്ററ് ജഡ്ജി മി. എ. പീലിപ്പോസ് എം. എ. ബി. എൽ. എഴുതിയ ഒരു ലേഖനം, മാർത്തോമ്മാക്കാരുടെവക പ്രബോധിനി എന്ന പ്രതിവാരപത്രത്തിന്റെ മൂന്നു ലക്കങ്ങൾ, യാക്കോബായക്കാരുടെ മലങ്കര ഇടവക പത്രിക എന്ന മാസികയുടെ നാലു ലക്കങ്ങൾ, ഒരു മാർത്തോമ്മാ പട്ടക്കാരനായ വന്ദ്യ ദിവ്യശ്രീ താഴത്തു പുന്നത്ര ചാണ്ടപ്പിള്ളകത്തനാർ പ്രസിദ്ധപ്പെടുത്തുന്ന വെളിപാടു് എന്ന ലഘുപത്രിക, ഒരു മാർത്തോമ്മാ വൈദികനായ ദിവ്യശ്രീ എം. ഒ. കോശി കത്തനാർ എഴുതിയ ലഘുപത്രിക, വിയോജിതസഭക്കാരുടെ വക വിയോജിതൻ മാസികയുടെ മൂന്നു ലക്കങ്ങൾ, ഒരു ബ്രദർസഭാംഗമായ മഹാകവി മി. കെ. വി. സൈമൺ എഴുതിയ സമ്മാർജ്ജനി അഥവാ ഒരു മാർത്തോമ്മാപത്രാധിപരുടെ യോഗ്യത എന്ന ലഘുപത്രിക, മാവേലിക്കര ചിത്രമെഴുത്തു് മി. കെ. എം. വറുഗീസു്, മി. പി. എം. മാമ്മൻ എന്നിവരുടെ ലേഖനങ്ങൾ, എന്നിങ്ങനെ ഒന്നും രണ്ടുമല്ല, അനവധി രേഖകൾ ഹാജരാക്കി ഇദ്ദേഹം ഒരു മാന്യനല്ലെന്നു കാണിച്ചിട്ടുള്ളതാണു്. ഈ ഓരോ ആധാരങ്ങളിലും മി. കെ. എൻ. ഡാനിയേലിന്റെമേൽ ആരോപിച്ചിട്ടുള്ള കൃത്രിമം, ചതി, വഞ്ചന, കൗശലപദ്ധതി, എന്നിവകളെ ഓരോന്നോരോന്നായി പെറുക്കിയെടുത്തു് കണ്ണാമാല കോർക്കുന്നതുപോലെ ഒന്നിനുപുറകേ ഒന്നായി കോടതിയുടെ മുൻപാകെ തന്റെ കക്ഷിയെ രക്ഷിക്കുവാൻവേണ്ടി സ്വതസിദ്ധമായ വാഗ്ധാടിയോടും സഹജമായ വിവേകത്തോടുംകൂടി പ്രതിഭാഗം വക്കീലായ മി. ജോസഫ് പഞ്ഞിക്കാരൻ തന്റെ പ്രസംഗത്തിൽ വിവരിച്ചു കേൾപ്പിച്ചപ്പോൾ അതു് ഉററുശ്രദ്ധിച്ചുകൊണ്ടിരുന്ന മജിസ്ട്രേട്ട്—"and yet Mr. Daniel is an honourable man" (എന്നിട്ടും മി ഡാനിയേൽ ഒരു ബഹുമാന്യൻ തന്നെ) എന്നു പറയുകയുണ്ടായി. ഈ രംഗം മി. ഡാനിയേലിന്റെ ആയുസ്സുള്ള കാലത്തു മറന്നുപോകാവുന്നതാണോ! എന്നിട്ടു, മറന്നുപോയിരിക്കുന്നുവത്രേ. ഈ രേഖകളെല്ലാം കോടതി വേണ്ടപോലെ പരിശോധിച്ചതിനുശേഷം അതു് ശരിയാണെന്നും അതിനാൽ പ്രതിയുടെ ഗ്രന്ഥമൂലം മാനഹാനി വരത്തക്കവണ്ണമുള്ള നിലയൊന്നും വാദിക്കില്ലെന്നും കോടതി വിധിച്ചു. മേൽക്കോടതികൾ രണ്ടുപ്രാവശ്യം ഈ രേഖകളെല്ലാം വീണ്ടും പരിശോധിക്കുകയും കീഴ്ക്കോടതിവിധി ശരിയാണെന്നു് പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളതാണു്. മി കെ. എൻ. ഡാനിയേൽ എടുത്തു ചോദിക്കുന്നതിനാൽമാത്രം ഇവ ഉദ്ധരിക്കുന്നു എന്നേയുള്ളൂ. തന്റെ മൊഴികൾ ഒരു കൊച്ചു സംഗതി അല്ലെന്നും അനിഷേധ്യമായ ഒരു രേഖയാണെന്നും മി. കെ. എൻ ഡാനിയേൽ തന്നെ സ്തുതിച്ചുപറയുന്നസ്ഥിതിക്കു് അദ്ദേഹത്തിന്റെ ചെങ്ങന്നൂർ ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ട് കോർട്ടിലെ മൊഴിയിൽനിന്നും ചില ഭാഗങ്ങൾ ഇതിന്റെ തെളിവിലേക്കായി ഞാൻ ഉദ്ധരിച്ചുകൊള്ളട്ടെയോ? വായനക്കാർ മുഷിയരുതേ!

1106 കന്നി 9-ാം തിയതി പ്രതിഭാഗം വക്കീൽ മി. മള്ളൂർ കെ. ഗോവിന്ദപ്പിള്ള വാദിയെ ക്രാസു് വിസ്താരം നടത്തിയപ്പോൾ കൊടുത്ത മൊഴിയിൽനിന്നു് ഒരു ഭാഗം താഴെ ഉദ്ധരിക്കുന്നു.

ഡിസ്ട്രിക്ട് ജഡ്ജി മി. എ. പീലിപ്പോസ് എഴുതിയിട്ടുള്ള ഒരു ലേഖനമാണു് എന്നെ ഇപ്പോൾ കാണിച്ചതു്. അതു് മലങ്കരതാരക 11-ാം നമ്പരാണു്. (ഇതിനു് 2 എന്നക്കമിട്ടു.) അതിൽ 190 മുതൽ 198 വരെ പുറങ്ങളിലുള്ള ലേഖനം നോക്കി. അതിൽ എന്നെപ്പററി "ഇതു വലിയ വഞ്ചനയാണു്," "നിങ്ങൾ ഒരു ചെറിയ കൗശലം പ്രയോഗിക്കാതിരുന്നില്ല," "അങ്ങനെയാണെങ്കിൽ അതൊരു വക്രബുദ്ധിയും സുവിശേഷപ്രസംഗത്തിനു ചേരാത്ത ഒരു കപടവും എന്നല്ലാതെ മററന്താണു് അതിനെപ്പററി പറയേണ്ടുന്നതു്," "നിങ്ങൾ എന്നോടു സമ്മതിച്ചുപറഞ്ഞിട്ടുള്ളതിനെ "കള്ളം" എന്നാണോ വിളിക്കേണ്ടതു് അതോ അതിലും ഗൗരവമായ മറെറന്തെങ്കിലും പേരിനെക്കൊണ്ടാണോ വിളിക്കേണ്ടുന്നതെന്നു് അവർ വിധിച്ചുകൊള്ളട്ടെ," "എങ്കിലും നിങ്ങൾ കള്ളം പറയുന്ന ആളായിരുന്നുഎന്നു് നിങ്ങളെ പരിചയമുള്ള ഒരാളും മാന്യനും വിശ്വസ്തനും ആയ ഒരു സ്നേഹിതൻ യാദൃച്ഛികമായി എന്നോടു് പറയുകയുണ്ടായി" എന്നു് എഴുതിയിട്ടുണ്ടു്.

ഇപ്പോൾ കാണിച്ചതു് ഹൈക്കോടതി വക്കീൽ മി. കെ. ടി. തോമസു് ബി. എ. ബി. എൽ. എഴുതിയിട്ടുള്ള പുസ്തകമാണു്. (മാർത്തോമ്മാസഭയും തക്സംപരിഷ്ക്കരണവും—ഇതിനു് 3 എന്നക്കമിട്ടു) ഇതിൽ 3-ാം പുറത്തു് "തന്റെ വാദങ്ങൾക്കു് എതിരുപറയുന്നവരോടു് എന്തെങ്കിലും പറഞ്ഞു ജയം നേടുന്ന ഒരു സമ്പ്രദായം ഇദ്ദേഹത്തിനു് സ്വതസിദ്ധമായ ഒരു വിശേഷഗുണമായിട്ടാണു കാണുന്നതു്. തർക്കവിഷയം എന്തുതന്നെ ആയിരുന്നാലും അവസാനവാദം മാതാപിതാക്കന്മാരും അവരുടെ കുടുംബചരിത്രങ്ങളുമായിട്ടാണു് കണ്ടുപോരുന്നതു്" എന്നും, 4-ാം പുറത്തു് "ഇങ്ങിനെ ആരോടും തന്റെ അവസാനവാദം കുടുംബചരിത്രവും വംശാവലിയുമാണു്" എന്നും, 5-ാം പുറത്തു് "ഇതു് അവാസ്തവവും മനഃപൂർവ്വമായി തെററിദ്ധരിപ്പിക്കേണമെന്നുള്ള ഏക ഉദ്ദേശത്തിൽ എഴുതിട്ടുള്ളതും മാത്രമെന്നു് ഇവിടെ പറഞ്ഞുകൊള്ളട്ടെ" എന്നും, "ഇനിയുമെങ്കിലും ഇങ്ങനെയുള്ള അവാസ്തവപ്രസ്താവനകളിലുള്ള കൗതുകം കുറയുമോ" എന്നും, 7-ാം പുറത്തു് "എത്ര സമരി വിചാരണസമ്പ്രദായത്തിലും ഹാസ്യരസത്തിലുമാണു് ഈ തന്റെ സാക്ഷിയെപ്പററി ഡാനിയേൽ അവർകൾ പറഞ്ഞിരിക്കുന്നതു്. തന്റെ അഭിപ്രായം മാറിയതാണു് ഈ സാക്ഷിയുടെ യോഗ്യതയെപ്പററി എഴുതുന്നതിനു് ഇദ്ദേഹത്തെ പ്രേരിപ്പിച്ചതെന്നുള്ളതിനു് സംശയമില്ല" എന്നും, 17-ാം പുറത്തു് "ഇങ്ങനെ പരസ്പരവിരുദ്ധങ്ങളായ പ്രമാണങ്ങളെ വെളിപ്പെടുത്തുന്ന വാദങ്ങൾ ഒരേശ്വാസത്തിൽ പുറപ്പെടുവിക്കാൻ ഇദ്ദേഹത്തിനല്ലാതെ സാധാരണന്മാർക്കു സാദ്ധ്യമല്ല" എന്നും, 35-ാം പുറത്തു് "ഇതുമാത്രമല്ല, പാപം ഏററുപറച്ചിൽ പുതിയനിയമം തടയുന്നില്ലെന്നുകൂടി ഓർക്കുമ്പോൾ ഡാനിയേൽ അവർകൾ ഏതുവിധം തെററിദ്ധരിപ്പിക്കത്തക്ക ഭാഷ ഉപയോഗിച്ചിരിക്കുന്നു എന്നു മനസ്സിലാക്കാവുന്നതാണു്" എന്നും, 36-ാം പുറത്തു് "അല്പസത്യത്തെ വേഷം കെട്ടിച്ചു് വായനക്കാരെ തെററിദ്ധരിപ്പിച്ചു് തന്റെ വാദത്തെ സാധൂകരിപ്പാനുള്ള ഒരുമ്പാടല്ലേ ഡാനിയേൽ അവർകൾ ചെയ്തിരിക്കുന്നതു്" എന്നും, 76-ാം പുറത്തു് "തന്റെ പുസ്തകം രചിക്കുന്നതിനു മുൻപു് തെത്തുല്യൻ മുതലായ പിതാക്കന്മാരുടെ കൃതികളിൽ ഉപയോഗിച്ചിട്ടുള്ള ഈ പദങ്ങളുടെ അർത്ഥം താൻ മനസ്സിലാക്കിയതിനു ശേഷം മാർത്തോമ്മാക്കാരെ തെററിദ്ധരിപ്പിക്കുന്നതിലേക്കു് തന്റെ ഗ്രന്ഥത്തിൽ ഈ വസ്തുതയെ വിസ്മരിച്ചു് എഴുതിയിട്ടുള്ളതായി അനുമാനിക്കാനേ തരം കാണുന്നുള്ളു" എന്നും, എന്റെ വിമർശങ്ങളെപ്പററി പറഞ്ഞിട്ടുണ്ടു്. അതിൽ ഞാൻ ഒരു unfair critic ആണെന്നു പറഞ്ഞിട്ടുണ്ടു്. 3 അക്കം പുസ്തകം ഞാൻ കണ്ടിട്ടുണ്ടു്. വായിച്ചിട്ടില്ല.

ഇപ്പോൾ എന്നെക്കാണിച്ച ലഘുപത്രിക ഞാൻ കണ്ടിട്ടുണ്ടു്. (മലങ്കരമാർത്തോമ്മാസഭയിലെ സംരംഭം—ഇതിനു് 4 എന്നക്കമിട്ടു) വായിച്ചിട്ടില്ല. വായിക്കണമെന്നെനിക്കു തോന്നിയതുമില്ല. ഇതിൽ 11-ാം പുറത്തു് "തന്റെ ഈ ധൈര്യം മററുള്ളവരുടെ കണ്ണിൽ പൊടിയിട്ടുവിളക്കുന്ന ഇന്ദ്രജാലക്കാരന്റെ വേലത്തരത്തിനനുകൂലിച്ചതാണെന്നുള്ളതിനു സംശയമില്ല. ഒരു അഞ്ചരക്കാരനു് ഉണ്ടാകാമാകുന്ന തന്മയത്വങ്ങൾ രൂപീകരിച്ചു് അവതാരംചെയ്ത മി. ഡാനിയേൽ ജ്ഞാനസ്നാനംപോലും ഏററിട്ടില്ലാത്ത ഒരു ക്രിസ്ത്യാനിയാണു്" എന്നും, 12-ാം പുറത്തു് "അദ്ദേഹം മാന്യന്മാരെ ആക്ഷേപിക്കുന്നതിനുവേണ്ടി എഴുതുന്ന ലേഖനങ്ങൾ യോഗ്യന്മാർ കണ്ടാൽ കൈതന്നെയല്ല സർവ്വാംഗം വിറക്കുമെന്നുള്ളതു് നിശ്ചയമത്രേ" എന്നും, 15-ാം പുറത്തു് "ലഘുപത്രികാവലി കാലോചിതമായി പ്രസിദ്ധീകരിച്ചു് പലരേയും ചിത്തപറയാൻ വിചാരിക്കുന്ന അദ്ദേഹത്തിന്റെ ആവലിക്കു് ഖണ്ഡനം, പരമ്പരയാ പുറപ്പെടുമെന്നുള്ളതും അനുഭവംകൊണ്ടദ്ദേഹം അറിഞ്ഞുകൊള്ളട്ടെ" എന്നും എന്നെപ്പററി പറഞ്ഞിട്ടുള്ള ഭാഗങ്ങൾ ഞാൻ വായിച്ചു. അതിൽ എന്നെപ്പററി unfair critic ആണെന്നു പറഞ്ഞിട്ടുണ്ടു്.

1101 ഇടവം 8-ാംനു-യിലേയും 1102 ചിങ്ങം 11-ാംനു-യിലേയും "പ്രബോധിനി" പത്രം ഇപ്പോൾ എന്റെ കൈയിൽ തന്നു. (ഇവയ്ക്കു് യഥാക്രമം 5, 6, എന്നു് അക്കങ്ങൾ ഇട്ടു.) ഇവയിൽ "മി. ഡാനിയേൽ പിടിച്ച ഭാഗം ജയിക്കണമെന്നല്ലാതെ, യഥാർത്ഥം വ്യക്തമാകട്ടേ എന്ന അഭിപ്രായവും ഉദ്ദേശവും അദ്ദേഹത്തിനു ലവലേശമില്ല. വാദമുഖത്തു് തന്റെ വാദപക്ഷം ജയിക്കണമെന്നുദ്ദേശിക്കുന്ന വാദപുരുഷൻ...ലജ്ജിച്ചു പിൻതിരിക്കുന്ന ദുരഹങ്കാരത്തിന്റെ ദുർന്നയാസ്ത്രം പ്രയോഗിക്കുന്നതാണു് ചെയ്യുകപതിവു്" എന്നും "ഇല്ലെന്നു മി. ഡാനിയേൽ പ്രസ്താവിച്ചതു് തന്റെ ഊഹമോ കപടമോ ആണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു" എന്നും, എന്നെപ്പററിപ്പറഞ്ഞിട്ടുണ്ടു്. ഈ പത്രം നടത്തിവന്നതു മി. കെ. ററി. തോമസ്സാണു്. മി. ററി. എം. വറുഗീസിന്റെ പേരുംകൂടി ചേർത്തിട്ടുണ്ടു്. അദ്ദേഹം അതിനെപ്പററി അറിയാറില്ലെന്നു് എന്നോടു പറഞ്ഞിട്ടുണ്ടു്. അതിൽ എന്നെപ്പററി unfair critic ആണെന്നു പറഞ്ഞിരിക്കാം.

എന്റെ കൈയിൽ തന്ന മലങ്കര ഇടവക പത്രിക ലക്കം 8,11,12,7, ഇതും നോക്കി. ഇതെല്ലാററിലും എന്നെ വ്യക്തിപരമായും unfair critic എന്നു പറഞ്ഞിരിക്കാം. 8-ാം ലക്കം 155-ാം പുറത്തു് "ന്യായവിരുദ്ധമായ സംഗതികൾകൊണ്ടും ആക്ഷേപസൂചകങ്ങളും നിന്ദാസൂചകങ്ങളുമായ വാചകങ്ങൾകൊണ്ടും" എന്നും മററുംഎന്നെപ്പററി പറഞ്ഞിട്ടുണ്ടു്. 11-ാംലക്കത്തിൽ 223 ാം പുറത്തു് "കെ. എൻ. ഡി. തട്ടിവിടുന്ന വ്യാജോക്തികളെ...താരകാധിപർ ചെയ്യുന്ന വഞ്ചനനിറഞ്ഞ കൃത്രിമങ്ങളെ... "വഞ്ചിത്രകോശിക്കു് ചേരുന്ന ജാലവ്യാജങ്ങൾ" എന്നു പറഞ്ഞിട്ടുണ്ടു്. 12-ാം ലക്കത്തിൽ 241-ാം പുറത്തു് "മി. ഡാനിയേലിന്റെ മനസ്സിലായില്ലായ്കു, വ്യാജം പറച്ചിൽ" എന്നും "വായനക്കാരിൽ സാധുക്കളെ കബളിപ്പിക്കാൻ ഈ വക മോടിവിദ്യകൾ മതിയാകും" എന്നും എഴുതിയിട്ടുണ്ടു്. 7-ാം ലക്കം 129 ാം പുറത്തു് "താരകാധിപരെ, ഭോഷ്കിന്റെ സ്നേഹിതാ, അസത്യത്തിന്റെ ഗർഭപാത്രമേ, നിങ്ങളെ ഭ്രാന്താസ്പത്രിയിൽ അയക്കത്തക്കവണ്ണം" എന്നു പറഞ്ഞിട്ടുണ്ടു്. (മലങ്കര ഇടവക പത്രികയുടെ ഈ ലക്കങ്ങൾക്കു് യഥാക്രമം 7,8,9,10, എന്നു് അക്കങ്ങൾ ഇട്ടു.) അതിൽ മി. കെ എം. വർഗീസു് എന്നും മി. പി. എം. മാമ്മൽ എന്നും എഴുതിയിരിക്കുന്നതാരാണെന്നു് നിശ്ചയമില്ല. (തുടരും)


"തീർത്ഥകകന്യക"യുടെ കേരളസന്ദർശനം പ്രമാണിച്ചുള്ള

സത്യദീപത്തിന്റെ

ഫാത്തിമാ വിശേഷാൽപ്രതി

ഡിസംബർ 21 (ധനു 6)—ാംനു- പുറപ്പെടുന്നു.

ഒററപ്രതിക്കു വില 2 ണ.

16 പേജുകൾ. വിജ്ഞാനപ്രദങ്ങളായ വിവിധലേഖനങ്ങൾ. ആകർഷകങ്ങളും ഫാത്തിമായിലെ ദർശനങ്ങളുടെ ചരിത്രം മുഴുവനും പ്രകാശിപ്പിക്കുന്നവയുമായ നിരവധി മനോഹരചിത്രങ്ങൾ. ദർശനങ്ങളുടെ വിവരണങ്ങൾ ചിത്രങ്ങൾക്കുള്ളിൽത്തന്നെ ലേഖനംചെയ്തിരിക്കുന്നു. ജസീന്ത, ഫ്രാൻസീസ് എന്നിവരുടെ ശവകുടീരങ്ങൾ, ഫാത്തിമാദേവാലയം, കോവാ ദെ ഇറിയായിൽ മാതാവു പ്രത്യക്ഷപ്പെട്ട സ്ഥലം ആദിയായവയുടെ ഏററവും നവീനങ്ങളായ ചിത്രങ്ങളുമുണ്ടു്.

കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർ ഡിസംബർ 13 (വൃശ്ചികം 28)-ാംനു- ക്കു മുമ്പായി ഓഫീസിൽ വേണ്ട ഏർപ്പാടുകൾ ചെയ്യണം. അല്ലെങ്കിൽ മുന്നവസരങ്ങളിൽ സംഭവിച്ചിട്ടുള്ളതുപോലെ ഇച്ഛാഭംഗത്തിനിടവന്നേക്കാം. പരസ്യങ്ങളും കാലേക്കൂട്ടി അയച്ചുതരേണ്ടതാണു്.

മാനേജർ,
സത്യദീപം, എറണാകുളം.


## പ്രസംഗപരമ്പര

വിശുദ്ധവത്സരാഘോഷത്തിനു ജനങ്ങളെ ഒരുക്കുന്നതിനായി സെൻറ് മേരി ബസിലിക്കായിൽ സുപ്രസിദ്ധപ്രാസംഗികനായ ഫാദർ ലെംബാർഡിയുടെ നേതൃത്വത്തിൽ ഒരു പ്രസംഗപരമ്പര നവംബർ 11-ാംനു- ആരംഭിച്ചിരിക്കുന്നു. ഡിസംബർ 6-ാംനു- അതു് അവസാനിക്കുന്നതായിരിക്കും. ഉച്ചഭാഷിണിയുടെ സഹായത്താൽ റോമയിലുള്ള എല്ലാ ദേവാലയങ്ങളിലും പ്രസംഗങ്ങൾ കേൾക്കാവുന്നതാണു്.

ചെറുകഥ

# ഒരുവെടിക്കൊരുന്നുറുപക്ഷി

(കുര്യാക്കോസ് പുത്തൻപുരയ്ക്കൽ)

"എൻ്റെ അമ്മേ. ഇപ്പോഴും എൻ്റെ പൊന്നേ, നാക്കൊന്നു പൊങ്ങിയതു്. ഹോ! അലഞ്ഞു കഷ്ടപ്പെട്ടുപോയില്ലേ." ആ ചൂടുകാപ്പി കുടിച്ചിറക്കിക്കൊണ്ടു തോമ്മസ് പറഞ്ഞു.

"കഷ്ടപ്പെട്ടാലെന്താ തോമ്മസേ, കാണേണ്ടകാഴ്ചതന്നെ." മുഖം കഴുകുന്നതിനിടയ്ക്കു ജോസ് സമാധാനപ്പെട്ടു. "പക്ഷേ, ആരുടേയും ഹൃദയം തകർന്നുപോകും."

"ഒന്നുകൂടെപ്പറ ജോസേ." കുട്ടപ്പൻ പിൻതാങ്ങി. "എത്ര കൺകുളിർപ്പിക്കുന്ന പൂങ്കാവനങ്ങളായിരുന്നെന്നോ ആ മലഞ്ചെരിവുകൾ. ഹാ! ഒരു കുലയ്ക്കൊരുരൂപവീതം തങ്കക്കുടങ്ങളും വഹിച്ചുകൊണ്ടു് കരിമ്പനപോലെ നിന്ന ആ തെങ്ങുംതൈകളും നിറയെ പച്ചപ്പവിഴങ്ങളും പേറിക്കൊണ്ടു പുളച്ചുനിന്ന ആ തൈക്കാടികളും അന്നു കാണേണ്ടിയിരുന്നു; കണ്ണിമയ്ക്കാതെ നോക്കിനിന്നുപോകുമായിരുന്നു. ഇന്നവിടെ എന്തുണ്ടു്? ശൂന്യമായിപ്പോയില്ലേ. കല്ലും കുണ്ടുമല്ലാതെ വല്ലതും കാണാനുണ്ടോ? ആരു സഹിക്കും?"

"ഹേ മിസ്റ്ററെ, എന്താ ഒന്നും മിണ്ടാതിരിക്കുന്നേ? അഞ്ചാറുമൈൽ നടന്നപ്പഴേക്കു പഞ്ചായായിപ്പോയോ? ഇതാ ഒന്നു വലിക്കണ്ടേ." ഈ സമയമെല്ലാം മൗനം ഭജിച്ചു ചിന്താമഗ്നനായിരുന്ന കുഞ്ഞച്ചൻ്റെ നേർക്കു തോമ്മസ് സിഗററ്കേസ് നീട്ടി.

"താങ്ക്സ്, സിഗററ് വേണ്ട തോമ്മസേ, ഒരു കപ്പു കാപ്പി എനിക്കുംവേണം. നടന്നതിൻ്റെ ക്ഷീണം വല്ലാതുണ്ടു്...........കുട്ടപ്പാ, ഒരു നല്ല പാൽക്കാപ്പി തരാൻ ആ വാസുവിനോടു പറയൂ. "ശരീരക്ഷീണം സാരമില്ല; കേട്ടോ തോമ്മസേ," കുഞ്ഞച്ചൻ തുടർന്നു "എനിക്കാ സ്ഥലത്തിൻ്റെ കിടപ്പും ആ ആളുകളുടെ സ്ഥിതിയും ഓർത്തിട്ടു് ഒരു സമാധാനവും തോന്നുന്നില്ല. അവരെങ്ങനെ കഴിയും. ഉരുൾപൊട്ടിയതു കാണാൻ വളരെപ്പേർ വരുന്നുണ്ടു്, പോകുന്നുണ്ടു്. ആ നിരാധാരന്മാർക്കു വല്ലതും സഹായം ലഭിക്കുന്നുണ്ടോ?"

"ഓ കുഞ്ഞച്ചാ കാപ്പി" കുട്ടപ്പൻ കാപ്പിപ്പാത്രം ആ മേശപ്പുറത്തു വച്ചശേഷം ബെഞ്ചിലിരുന്നു.—

"അതുകൊണ്ടു് ഞാൻ ഒരു കാര്യം വിചാരിക്കുന്നതു നിങ്ങളോടു പറയാം." കുഞ്ഞച്ചൻ കസേര അടുപ്പിച്ചിട്ടിരുന്നു. "നമുക്കു് ആ സാധുകർഷകന്മാർക്കുവേണ്ടി ഒരു ഫണ്ടു് ഉണ്ടാക്കണം." കുഞ്ഞച്ചൻ്റെ മുഖത്തു ഗൗരവവും ദൃഢനിശ്ചയവും തെളിഞ്ഞുനിന്നു. കൂട്ടുകാർ പരസ്പരം നോക്കി. കുഞ്ഞച്ചൻ ആ കാപ്പി ആററിക്കുടിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. തോമ്മസ് ഒരു സിഗററ് കത്തിച്ചു. ഒരു മൗനം അവിടെ വ്യാപിച്ചു.

അവരുടെ ഏവരുടെയും സ്നേഹഭാജനമാണു് കുഞ്ഞച്ചൻ. ആ നാട്ടിലെ ധനാഢ്യനും ധർമ്മിഷ്ഠനുമായ ഇരട്ടിക്കൽ അബ്രാച്ചൻ്റെ സീമന്തസന്താനമായ കുഞ്ഞച്ചൻ കോളെജിലെ പഠനം അവസാനിപ്പിച്ചിട്ടു അധികമായിരുന്നില്ല. കോളേജിൽവച്ചും സ്കൂളിൽവച്ചും ആ കൊച്ചുമിടുക്കൻ പല നല്ല പ്രസ്ഥാനങ്ങളുടെയും ജീവനാഡിയായി വർത്തിച്ചിട്ടുള്ളതാണു്. ചില നേതാക്കന്മാരുടെ പ്രേരണമൂലവും അവരുടെ പിന്തുണയോടുകൂടിയും "പഠനം മുടക്കു", "പിക്കററിംഗ്" തുടങ്ങിയ "ധീരകൃത്യ"ങ്ങളിലും കുഞ്ഞച്ചൻ ചില്ലറ നേതൃത്വങ്ങൾ വഹിച്ചിട്ടുണ്ടെന്നുള്ളതും വാസ്തവമാണു്. സഹപാഠികളായിരുന്ന തോമ്മസും ജോസും കുട്ടപ്പനും വളരെ ബഹുമാനിച്ചിരുന്നു കുഞ്ഞച്ചനെ. കുഞ്ഞച്ചൻ്റെ നേതൃത്വത്തിൽ എന്തു ത്യാഗവും ചെയ്യുവാനവർ സന്നദ്ധരാണു്. തൊടുപുഴ ഉരുൾപൊട്ടിയ രംഗങ്ങൾ സന്ദർശിച്ചശേഷം തിരിച്ചെത്തി, വായനശാലയിലിരുന്നു വിശ്രമിക്കയാണു് ആ സ്നേഹിതന്മാർ.

"അതിനെന്തു ചെയ്യണമെന്നാ കുഞ്ഞച്ചൻ്റെ അഭിപ്രായം?" ഒരു സിഗററ് എടുത്തു ചുണ്ടിൽ തൊട്ടുകൊണ്ടു് ജോസ് ചോദിച്ചു.

"പിരിവുകൊണ്ടു മനുഷ്യർ മടുത്തിരിക്കയാ. പള്ളിപണിക്കു്, സ്കൂൾപണിക്കു്, മഠംപണി, ആസ്പത്രിപണി, ഗ്രാമോദ്ധാരണമാണെന്നും പറഞ്ഞു വഴിവെട്ടു്, പാലംപണി ഇതിനൊക്കെ പിരിവു്. അതിനുംപുറമെ ഒരു നൂറാറുതരത്തിൽ നികുതിയും. ഇതിനിടയ്ക്കു് പിരിവെന്നുംപറഞ്ഞു ചെന്നേച്ചാൽ വല്ലവരും ഓടിച്ചിട്ടുതല്ലും, ഞാൻ പറഞ്ഞേക്കാം." കുട്ടപ്പൻ വളരെ ആലോചിച്ചാണു് ഇടയ്ക്കു കയറി ഇത്രയും പറഞ്ഞതു്. ഒരു സിഗററ് കുട്ടപ്പനും കൈക്കലാക്കി.

"അക്ഷരംപ്രതി പരമാർത്ഥമാ കുട്ടപ്പൻ പറഞ്ഞതു്." ജോസ് സർവ്വാത്മനാ പിൻതാങ്ങി.

"പോരെങ്കിൽ പുരയ്ക്കു തീപിടിക്കുമ്പോൾ വാഴ വെട്ടുന്നതുപോലെ ഓരോ വഴി പറഞ്ഞു സന്മനസ്സുള്ളവരെ വഞ്ചിച്ചു പണം തട്ടാൻ നടക്കുന്ന പണിയാക്കള്ളന്മാർ ധാരാളമുള്ള കാലം. മനുഷ്യർ തെററിധരിക്കും."

"തോക്കിൽ കയറി വെടിവയ്ക്കാതെ കുട്ടാ. പിരിവെടുക്കണമെന്നാരു പറഞ്ഞു?" കുഞ്ഞച്ചൻ അല്പം അക്ഷമനായി കാണപ്പെട്ടു "നാം ഒരുമിച്ചൊന്നു പരിശ്രമിച്ചാൽമാത്രം മതിയെന്നാണെൻ്റെ വിശ്വാസം. എൻ്റെ പദ്ധതി പുതിയ ഒന്നാണു്. പ്രവൃത്തിയിൽ വരുത്തുവാൻ കുറെ പ്രയാസമാണെന്നും വരാം. ഏതുമാകട്ടെ. ശങ്കിച്ചുനിന്നാൽ ഒന്നും നടക്കാൻപോകുന്നില്ല. ത്യാഗം കുറെ സഹിക്കാതെ ലോകോപകാരപ്രദമായ ഒന്നും ആരും ചെയ്തിട്ടും ഇല്ല."

"അതു ശരിയാണു്." ജോസ് തലകുലുക്കി.

"അല്ലേ?" കുഞ്ഞച്ചൻ പറഞ്ഞതു് ഒന്നുകൂടി ഉറപ്പിച്ചശേഷം തുടർന്നു. "ബഹളം ഉണ്ടാക്കാനും പഠനം മുടക്കാനും പിക്കററുചെയ്യാനും വിപ്ലവകാഹളം മുഴക്കാനും എത്ര യുവാക്കന്മാരാണു് സഹകരിക്കുന്നതു്? അവർ എന്തെല്ലാം ത്യാഗങ്ങൾ സഹിക്കുന്നു! നാം എത്ര ത്യാഗം സഹിച്ചിരിക്കുന്നു! ആ സ്ഥിതിക്കു ജീവകാരുണ്യപരമായ ഒരു പ്രസ്ഥാനത്തിൽ സഹകരിക്കാൻ ത്യാഗസന്നദ്ധരുണ്ടാകയില്ലെന്നോ?"




ക്രിസ്മസ് കാർഡുകൾ,
ക്രിബുകൾ,
ആകാശവിളക്കുകൾക്കു്
ഉപയോഗിക്കാവുന്ന
പിറവിപ്പടങ്ങൾ.

"എന്താണെന്നൊന്നു പറഞ്ഞേ കുഞ്ഞച്ചാ," ജോസിൻ്റെ ക്ഷമയററു. "എന്താണെങ്കിലും ഞങ്ങൾ കുഞ്ഞച്ചൻ്റെ കൂടെയുണ്ടു്."

"സംശയമോ" തോമ്മസും ഏതിനും തയ്യാർ.

"നിങ്ങളുടെ പിന്തുണയുണ്ടെങ്കിൽ എനിക്കു ധൈര്യത്തോടെ പറയാമല്ലോ." പുതിയ ഒരു പാക്കററ് സിഗററ് പോക്കററിൽനിന്നെടുത്തു കാണിച്ചുകൊണ്ടു കുഞ്ഞച്ചൻ തുടർന്നു: "ഞാൻ പോകുംവഴി തൊടുപുഴ നിന്നു വാങ്ങിയതാണിതു്. അവിടത്തെ സ്ഥിതി കണ്ടിട്ടു ഇതു വലിക്കാൻ മനസ്സനുവദിക്കുന്നില്ല. ജീവസന്ധാരണത്തിനുള്ള മാർഗ്ഗം—അത്യദ്ധ്വാനത്തിൻ്റെ ഫലം—നഷ്ടപ്പെട്ടു വലയുന്ന അവിടത്തെ ജനങ്ങൾക്കുവേണ്ടി ഈ "വലി" അങ്ങുപേക്ഷിച്ചു് അതിനു ചെലവാകുന്ന പണമെങ്കിലും അവർക്കായിട്ടു കൊടുക്കണമെന്നു് ഒരു ആഗ്രഹം. എന്തുമാത്രം പണം ഈ പുകയ്ക്കുവേണ്ടി ചെലവാക്കുന്നു! ദിവസം ഒരു പാക്കററെങ്കിലും ആകുന്നുണ്ടു്. മാസം രൂപാ പത്തുപതിനഞ്ചായില്ലേ? അവർക്കുവേണ്ടി ഈ ത്യാഗം ചെയ്യാമെന്നു ഞാൻ നിശ്ചയിച്ചുകഴിഞ്ഞു. നിങ്ങളും അല്പം ത്യാഗം സഹിക്കുമെങ്കിൽ—അപ്രകാരം ചെയ്യുന്നതിനു് സ്നേഹിതന്മാരെ പ്രേരിപ്പിക്കുമെങ്കിൽ—ഈ പദ്ധതി വിജയിച്ചതുതന്നെ."

"അങ്ങനെ അങ്ങു നിറുത്താൻ സാധിക്കുമോ അസേ?" തീരാറായ സിഗററ്കുററി ഒന്നു നീട്ടിവലിച്ചശേഷം കുട്ടപ്പൻ ചോദിച്ചു.

"തീരെ നിറുത്തിയില്ലെങ്കിലും ഇതല്പം കുറയ്ക്കാനാർക്കും സാധിക്കുമേ" തോമ്മസ് ആ പദ്ധതിയുടെ തത്വത്തോടു് യോജിച്ചു; പ്രായോഗികതയിലും വിശ്വാസമുണ്ടു്. "കുഞ്ഞച്ചാ, കുറഞ്ഞതു് മാസം ഒരഞ്ചുരൂപാ മിച്ചിക്കാമെന്നെനിക്കുറപ്പുണ്ടു്."

"അഞ്ചു ഞാനും ഏററു." ജോസ് ഒന്നിനും ആരുടെയും പിന്നിലല്ല. ആയാളുടെ സന്മനസ്സും സേവനസന്നദ്ധതയും സുസമ്മതമാണു്.

കുട്ടപ്പനു് അപ്പോൾ ഒന്നും പറയാനുണ്ടായിരുന്നില്ല. കാരണം, സിഗററ് വലിക്കു വിരുതനാണെങ്കിലും "ചക്കാത്തി"ലുള്ള വലിയേയുള്ളു. കൂട്ടുകാരുടെ ഔദാര്യംകൊണ്ടാണു് കുട്ടപ്പൻ്റെ സിഗററുവലി നടക്കുന്നതു്. "മെസ്സലി"നു ഒട്ടും കുറവില്ലതാനും.

"അവനവൻ്റെ കഴിവുപോലെമാത്രം ചെയ്താൽ മതി." കുഞ്ഞച്ചൻ്റെ വികസിച്ച കണ്ണുകളിൽ ചാരിതാർത്ഥ്യം മൊട്ടിട്ടുനിന്നിരുന്നു. "ഇപ്പോൾതന്നെ രണ്ടുമൂന്നുപേർ ഒന്നുചേർന്നപ്പോൾ ഇത്രയും സംഖ്യ ഉണ്ടായില്ലേ. നമുക്കു് കാര്യമായിത്തന്നെ ഒന്നു ശ്രമിക്കണം കേട്ടോ." കുഞ്ഞച്ചൻ എഴുന്നേററു.

"അങ്ങനെതന്നെ." ജോസും ചാടി എഴുന്നേററു. "പരിശ്രമിച്ചാൽ നടക്കാതെവിടെപ്പോകുന്നെന്നേ? നമ്മുടെ സ്നേഹിതന്മാരെ മാത്രം സമീപിച്ചാൽ മതിയല്ലോ."

"ജോസ് ഒരുത്തമവിശ്വാസിയാണു്. ഏതു നല്ല കാര്യത്തിനും ഇറങ്ങിപ്പുറപ്പെടാൻ മടിയില്ല. പുറപ്പെട്ടാൽ പിന്നെ വിജയിക്കുന്നതുവരെ വിശ്രമമില്ല. ആനന്ദഭരിതരായിട്ടാണു് ആ മിത്രങ്ങൾ അന്നു പിരിഞ്ഞതു്.

"മൊയ്തീനെ, ഇതങ്ങെടുത്തോണ്ടിതിൻ്റെ അണ തരാൻ കുഞ്ഞച്ചൻമുതലാളി പറഞ്ഞു" എന്നു പറഞ്ഞുകൊണ്ടു ആ പയ്യൻ ഒരു പായ്ക്കററു സിഗററ് മൊയ്തീനെ ഏല്പിച്ചപ്പോൾ അയാൾ അത്ഭുതസ്തബ്ധനായിപ്പോയി.

* * *

"എൻ്റെ മത്തച്ചേട്ടാ, വല്ലോം ഒണ്ടേൽ താ; ഇച്ചിരി വെള്ളോം കുടിച്ചേച്ചു ഒള്ളനേരംകൊണ്ടു വീട്ടിപ്പററിയില്ലെങ്കി ഇന്നു റേഷൻമേടിരൊണ്ടാകത്തില്ല." വക്കി മടുത്തു കൂലികിട്ടാൻ കാത്തിരുന്നിരുന്നു.

"അയ്യോ, പറഞ്ഞപോലെ നേരം ഇരുട്ടിപ്പോയല്ലോ." വർത്തമാനത്തിൽ ലയിച്ചിരുന്ന പൈലോയും കുട്ടിയും സമയം പോയതറിഞ്ഞില്ല.

"ഒന്നു ചെവികേക്കട്ടെടാ ഊവേ." മത്തച്ചേട്ടൻ സ്വരമുയർത്തിപ്പറഞ്ഞു. കരിമ്പായിൽ കറിയാച്ചൻ്റെ കാര്യസ്ഥനാണു് മത്തച്ചേട്ടൻ. വേലക്കാരുടെ സ്നേഹഭാജനമാണയാൾ. അവർക്കു് എല്ലാക്കാലത്തും ജോലിയും നല്ല കൂലിയും കൊടുപ്പിക്കുന്നതിലാണു് മത്തച്ചേട്ടൻ്റെ ശ്രദ്ധമുഴുവൻ. കറിയാച്ചൻ്റെ ആശ്രിതവാത്സല്യവും ഔദാര്യവും സുപ്രസിദ്ധവുമാണു്.

മത്തച്ചേട്ടൻ കൂലികൊടുക്കാൻ വട്ടംകൂട്ടി. അവിടെയും ഇവിടെയും ഇരുന്നവരെല്ലാം അടുത്തുകൂടി. വിത്തുകിളച്ചവരും, കപ്പപറിച്ചവരും, കയ്യാലവച്ചവരും എല്ലാംകൂടി പത്തിരുപതുപേരുണ്ടു്. മത്തച്ചേട്ടനന്നെന്തോ വിശേഷാൽ പറയാനുണ്ടായിരുന്നവരോടു്. പറയാനൊരു മടിപോലെ. ചിലരുടെ ഒക്കെ ചെവിയിൽ ഒന്നു മന്ത്രിച്ചശേഷമാണു് മത്തച്ചേട്ടൻ കണ്ഠശുദ്ധിവരുത്തി പറഞ്ഞുതുടങ്ങിയതു്. "എങ്ങാണ്ടൊക്കെ ഉരുൾപൊട്ടി സകലതും നശിച്ചുപോയ വർത്തമാനം എല്ലാവരും കേട്ടായിരിക്കുമല്ലോ. നമ്മുടെ ഇരട്ടിക്കലബ്രാച്ചൻ മൊതലാളിടെ മകനും മററുംകൂടി അവിടത്തെ പാവപ്പെട്ടവർക്കൊരു സഹായംചെയ്യാൻ ഒരു സംഖ്യ ശേഖരിക്കുന്നുണ്ടു്. അവരുടെ ജോലിക്കാരൊക്കെ ഓരോ തുക ശക്തിപോലെ കൊടുക്കുന്നുണ്ടു്. നമുക്കും വല്ലോം കൊടുക്കണ്ടേ? എന്താ?"

"അവരൊക്കെ സർക്കാരു സഹായിക്കില്ലേ? നമ്മളി പകുതി പട്ടിണിക്കാരെന്തു സഹായിക്കാനാ?" കൊച്ചുകുഞ്ഞിനു് എന്തെങ്കിലും വല്ലവർക്കും കൊടുക്കുന്ന കാര്യം വല്ലവരും പറഞ്ഞാൽ ഒരിക്കലും രസിക്കയില്ല.

"ഓ! സർക്കാരു കൊടുത്തിപ്പം അവരു കുറെ ഉണ്ണും." വക്കി അല്പം ക്ഷോഭിച്ചാണെന്നു തോന്നും. "സർക്കാരൊരു കമ്മിററിയെ നിയമിച്ചിട്ടു", അവരു ഒരു നിശ്ചയവും കുറെ ശുപാർശകളും ചെയ്തിട്ടു്

---

ബ. അൽഫോൻസാ സഹോദരിയുടേയും വി. യൗസേപ്പു് പിതാവിൻ്റേയും വി. ഫ്രാൻസീസ് സേവ്യറുടേയും സാഹ്ലീയ മാദ്ധ്യസ്ഥത്താൽ ലഭിച്ച ഉപകാരങ്ങൾക്കു് കൃതജ്ഞതാസൂചകം.

വർസീ

---

അതിന്മേൽ പരിശോധന ഒടുക്കം കഴിഞ്ഞുവരുമ്പഴത്തേക്കു് ആണ്ടൊന്നു കഴിയും, ഇനി പാവപ്പെട്ടവർക്കു കൊടുക്കാൻ സർക്കാരു കുറെ അനുവദിച്ചാലും; പത്തിലൊരംശം കിട്ടുമോ, കൊച്ചുകുഞ്ഞേ, സാധുക്കൾക്കു്?" വക്കിക്കു പണ്ടു കൺട്രാക്ടർമാരുടെകൂടെ വഴിപ്പണിയുണ്ടായിരുന്നു. അമർഷത്തോടെതന്നെ അവൻ തുടർന്നു: "ഇടയ്ക്കു നില്ക്കുന്നവന്മാരൊക്കെ തട്ടും. പരാതി പറയാനാരാ? പറഞ്ഞാലാരു കേൾക്കാനാ. മുകളിലിരിക്കുന്നവരെന്നാ പുണ്യാളച്ചന്മാരോ മറേറാ ആണോ? ആഹാ! ഇതൊന്നും ആരും അറിയാത്തപോലെ. പക്ഷേ മിണ്ടാവോ."

"ഞാനൊന്നു പറഞ്ഞോട്ടെ." പൈലോയ്ക്കൊരു ഗുണമുണ്ടു്. ഏതു പ്രശ്നത്തിനും ഒരു സമാധാനം വേഗംകണ്ടുപിടിക്കും. ആൾ ചെറുപ്പമാണെങ്കിലും കൂട്ടവേലക്കാർക്കൊക്കെ സമ്മതമാണു് പൈലോയെ. "കുഞ്ഞച്ചനും കൂട്ടുകാരും കൈച്ചെലവു കൊറച്ചാ പണമുണ്ടാക്കുന്നതു്. അവരൊരുത്തരിപ്പം സിഗററ് വലിക്കുന്നില്ല. നമ്മുടെ ജോസും മററും സിഗററ് വായിന്നെടുക്കാത്തതല്ലേ; ഇപ്പോൾ തൊടുന്നില്ല. നമ്മക്കീ കള്ളങ്ങുപേക്ഷിക്കണം."

"അതേടാ, നിനക്കൊക്കെ ഇപ്പം കടിച്ചാപ്പൊട്ടാത്ത കാലം! ശേഷംപേരു എഴുന്നേററു നടക്കുന്നതി ഉരിവെള്ളത്തിൻ്റെ ശക്തികൊണ്ടാ." ഇട്ട്യപ്പച്ചേട്ടൻ, തൊപ്പി എടുത്തുവച്ചു മുറുക്കുന്നതിനിടയ്ക്കു പ്രതിഷേധം പുറപ്പെടുവിച്ചു.

---

## സൗജന്യവിതരണ ഫണ്ടു്

ത്യാഗപ്പെട്ടി

| | ക. ണ. പ. |
|---|---|
| കടവൂർ പള്ളി | 2—8—0 |
| കൊററമത്തിപ്പള്ളി | 4—2—0 |
| സൊഡാലിററി, നാഗപ്പുഴ | 5—8—0 |
| മഞ്ഞപ്രപള്ളി | 11—0—0 |

---

"അതു പരിചയംകൊണ്ടു തോന്നിപ്പോകുന്നതല്ലേ, എൻ്റെ ചേട്ടാ." പൈലോ തുടർന്നു് "ഈ കള്ളിനായിട്ടു് നമ്മളി പട്ടിണിക്കാരു് എത്ര അണ ദിവസംപ്രതി ചെലവാക്കുന്നു! തീപിടിക്കുന്ന വില; കിട്ടുന്നതോ പച്ചവെള്ളം. വീട്ടുകാർക്കാണെങ്കിൽ അതിനാടു സർവ്വത്ര പിണക്കം. പോരെങ്കിൽ നിരാധനംവരുന്നു. അതൊന്നങ്ങനേ നിറുത്തണോ? എന്നാൽ പിന്നെ ഇന്നേ അങ്ങുപേക്ഷിച്ചേക്കുകയല്ലേ നല്ലതു്?"

"കൊള്ളാം നല്ല കാര്യം; നല്ല കാര്യത്തിനുമാണല്ലോ" പലരും അംഗീകാരം നല്കി.

(ശേഷം 8-ാം പേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 || ERNAKULAM, NOVEMBER 30, 1949 || No 15


# കമ്മ്യൂണിസത്തെപ്പററി ഭാരതീയ മെത്രാന്മാർ

കമ്മ്യൂണിസത്തിനെതിരായി പരിശുദ്ധ സിംഹാസനത്തിൽനിന്നു പുറപ്പെടുവിച്ചിരിക്കുന്ന പുതിയ ഉത്തരവിനെ ആസ്പദമാക്കി ഭാരതത്തിലെ കത്തോലിക്കാ മെത്രാന്മാർ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ശ്രദ്ധേയമായ സംയുക്ത ഇടയലേഖനമാണു് താഴെ ചേർക്കുന്നതു് :-

ഇന്ത്യയിലെ സമസ്ത രൂപതകളിലേയും സന്യാസവൈദികർക്കും, ഇടവക വൈദികർക്കും, വിശ്വാസികൾക്കും ആരോഗ്യവും, ആശീർവാദവും. ക്രിസ്തുവിൽ ഏററം പ്രിയപ്പെട്ട മക്കളേ, സഹോദരന്മാരേ,

ഞങ്ങളുടെ കടമകളെപ്പററിയുള്ള ഗാഢമായ ബോധത്താൽ പ്രേരിതരായും പൈതൃകവാത്സല്യത്താൽ ആർദ്രചിത്തരായും, കമ്മ്യൂണിസസിദ്ധാന്തങ്ങൾ ഭൗതികമാത്രവാദത്തിൽ അധിഷ്ഠിതവും, ക്രൈസ്തവമതവിരുദ്ധവുമാണെന്നു പ്രഖ്യാപിച്ചുകൊണ്ടും, കമ്മ്യൂണിസതത്വങ്ങൾ അംഗീകരിക്കുന്നവർ മതത്യാഗികളും സഭാഭ്രഷ്ടരുമാണെന്നു കല്പിച്ചുകൊണ്ടും ജൂലൈമാസം 13-ാംനു പരിശുദ്ധ സിംഹാസനത്തിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുള്ള ഉത്തരവു് വിശ്വാസികളുടെ ഏവരുടേയും ശ്രദ്ധാവിഷയമാക്കുന്നതിനു് ഞങ്ങൾ ആഗ്രഹിക്കുന്നു. ദൈവപ്രകാശിതമായ സത്യത്തിന്റെ രക്ഷാധികാരം വഹിക്കുന്ന പരിശുദ്ധ സിംഹാസനം കമ്മ്യൂണിസസിദ്ധാന്തങ്ങൾ പരിപാവനമായ നമ്മുടെ വിശ്വാസസത്യങ്ങൾക്കു കടകവിരുദ്ധമാണെന്നു വ്യക്തവും അസന്ദിഗ്ദ്ധവുമായ രീതിയിൽ ഒരിക്കൽക്കൂടി ചൂണ്ടിക്കാണിച്ചുതന്നിരിക്കുന്നു. ഒരു കത്തോലിക്കനു് ഒരു കമ്മ്യൂണിസ്റ്റായിരിക്കാൻ പാടുള്ളതല്ലെന്നും, കമ്മ്യൂണിസ്റ്റു് പാർട്ടിയിൽ ചേരുകയോ, അത്തരം സംഘങ്ങൾക്കു സഹായം നല്കുകയോ കമ്മ്യൂണിസ്റ്റു് പ്രസിദ്ധീകരണങ്ങൾ വായിക്കുകയോ, പ്രചരിപ്പിക്കുകയോ ചെയ്യുന്നതു് വിശ്വാസപരിത്യാഗം, കത്തോലിക്കാസഭയുടെ ഐക്യത്തിൽനിന്നുള്ള യഥാർത്ഥമായ പിന്മാററവുമാണെന്നു കഴിഞ്ഞ ഒരു നൂററാണ്ടുകാലം നിരന്തരമായി പ്രഖ്യാപിച്ചിരുന്നതുപോലെ തിരുസ്സഭ ഒരിക്കൽക്കൂടി വ്യക്തമാക്കിയിരിക്കുന്നു. ഒരു നാട്ടിൽ കത്തോലിക്കർക്കു യഥേഷ്ടം അംഗങ്ങളായി ചേരാവുന്ന പല സംഘടനകൾ ഉള്ളതിൽ ഒന്നുമാത്രമാണു് കമ്മ്യൂണിസ്റ്റു് പാർട്ടിയെന്നുള്ള വാദത്തിനു് ഇനിമേലിൽ സ്ഥാനമില്ല. പ്രചാരത്തിലിരിക്കുന്ന മററു നീതിപദ്ധതികളായ സംഘങ്ങൾപോലെ കമ്മ്യൂണിസവും സാമൂഹ്യോദ്ധാരണത്തിനായുള്ള ഒരു പദ്ധതിമാത്രമാണെന്നു മേലിൽ വിചാരിക്കാവുന്നതല്ല. തിരുസ്സഭയ്ക്കു നേരിടേണ്ടിവന്നിട്ടുള്ള ശത്രുക്കളിൽവച്ചു ഏററവും ഭയങ്കരവും നിരീശ്വരപരവുമായതു കമ്മ്യൂണിസമാണെന്നും, അതിനെതിരായി, "വിശ്വാസത്തിന്റെയും ക്രിസ്തീയ സംസ്കാരത്തിന്റെയും അടിസ്ഥാനംതന്നെ പരിരക്ഷിക്കുന്നതിനു്" കത്തോലിക്കരെല്ലാം ഏകയോഗമായി നിലകൊള്ളേണ്ടതാണെന്നും പതിനൊന്നാം പിയൂസ് മാർപ്പാപ്പാ "ദിവിനി റെഡെംപ്തോരിസ്" എന്ന ചാക്രികലേഖനത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് കത്തോലിക്കർ മനസ്സിലാക്കിയിരിക്കേണ്ടതാകുന്നു.

## കമ്മ്യൂണിസത്തിന്റെ വളർച്ചയ്ക്കു കാരണം

പ്രിയപ്പെട്ട സഹോദരന്മാരേ, പരിശുദ്ധ സിംഹാസനം നല്കിയിരിക്കുന്ന വ്യക്തവും സന്ദർഭോചിതവുമായ ഈ മാർഗ്ഗനിർദ്ദേശത്തിനു ഞങ്ങൾ കൃതജ്ഞരായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഈ നാട്ടിലെ യുവജനങ്ങളുടെ ഇടയിൽ, പ്രത്യേകിച്ചും സർവ്വകലാശാലാ വിദ്യാർത്ഥികളുടേയും തൊഴിലാളികളുടേയും ഇടയിൽ, കമ്മ്യൂണിസത്തിന്റെ വിഷപങ്കിലങ്ങളായ ആശയങ്ങൾ പ്രചരിക്കുന്നതിനെ ഉൽക്കടമായ മനോവ്യാകുലതയോടും വർദ്ധമാനമായ ഉൽക്കണ്ഠയോടുംകൂടിയാണു ഞങ്ങൾ വീക്ഷിക്കുന്നതു്. കമ്മ്യൂണിസത്തിൽനിന്നു വേർതിരിച്ചുകൂടാത്ത ഭൗതികമാത്രമായ നിരീശ്വരത്വം ഇൻഡ്യൻ മനഃസ്ഥിതിക്കു പ്രത്യക്ഷവിരുദ്ധമാണെങ്കിലും ഇൻഡ്യൻ ഭരണകൂടം കമ്മ്യൂണിസ്റ്റു് സിദ്ധാന്തങ്ങൾക്കു വിരോധിയാണെന്നു പ്രഖ്യാപിക്കയും ചില പ്രവിശ്യകളിൽ കമ്മ്യൂണിസ്റ്റു് പാർട്ടിയെ നിരോധിക്കയും ചെയ്തിട്ടുണ്ടെങ്കിലും, നാട്ടിലെ താൽക്കാലികസ്ഥിതിഗതികൾ, സർവ്വസാധാരണമായ സാമ്പത്തികദുരിതം, ജീവിക്കാൻ ആവശ്യമായ സാധനങ്ങളുടെ ദൗർലഭ്യം, അഭയാർത്ഥിപ്രവാഹംനിമിത്തമുള്ള ശൈഥില്യം, നമ്മുടെ നഗരങ്ങളിലെ ധനികരും ദരിദ്രരും തമ്മിലുള്ള രൂക്ഷമായ അന്തരം, കുറേക്കൂടി നീതിയുക്തമായ ധനവിഭജനരീതിക്കു വിധേയമാകുന്നതിൽ സ്ഥാപിതതാല്പര്യക്കാർക്കുള്ള വൈമുഖ്യം, ഇവയെല്ലാം കമ്മ്യൂണിസസിദ്ധാന്തങ്ങളുടെ പ്രചരണത്തിനു പോഷണം നൽകുന്ന പരിതസ്ഥിതികളാണു്. "ജനസാമാന്യത്തിന്റെ ഇടയിൽ നൈരാശ്യവും അമർഷവും വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു. തന്നിമിത്തം ഇന്നത്തെ അനർത്ഥങ്ങളിൽനിന്നു മുക്തിനേടാനുള്ള ഏകമാർഗ്ഗമായി കമ്മ്യൂണിസത്തെ സ്വാഗതം ചെയ്വാൻ അവർ പ്രേരിതരായിപ്പോകുന്നു. ഇപ്പോൾ നിലവിലിരിക്കുന്ന സാഹചര്യങ്ങളും, രണ്ടുകൊല്ലം മുൻപു് നമ്മുടെ മാതൃഭൂമി സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ ഉണ്ടായിരുന്ന ശുഭപ്രതീക്ഷയും തമ്മിലുള്ള അന്തരം ഈ നിരാശയെ രൂക്ഷതരമാക്കുകയും ചെയ്യുന്നു. മനഃപൂർവ്വമായോ അല്ലാതെയോ ഈ നിരാശാബോധത്തെ തങ്ങളുടെ രാഷ്ട്രീയോദ്ദേശങ്ങൾക്കായി ദുരുപയോഗപ്പെടുത്തുകയും, അങ്ങനെ കമ്മ്യൂണിസത്തിന്റെ ആവിർഭാവത്തിനു നിലമൊരുക്കുകയും ചെയ്യുന്ന പ്രകൃതക്കാരും ദുർലഭമല്ല. നാട്ടിലെ മിതകക്ഷികളും ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റുപാർട്ടിയോടുള്ള വിരോധത്തെ പ്രഖ്യാപനം ചെയ്തിട്ടുണ്ടെങ്കിലും, ചില വിഭാഗങ്ങൾ കാറൽമാർക്സിന്റെ സിദ്ധാന്തത്താൽ പ്രചോദിതമായിട്ടു്, അതുമാത്രമാണു് ഇൻഡ്യയെ സമാധാനത്തിലേക്കും സുഭിക്ഷതയിലേക്കും നയിക്കാനുള്ള ഏകപദ്ധതിയെന്നു ഉൽഘോഷിക്കുന്നു. സംഘങ്ങളിൽ മുതലാളിത്തം, അല്ലെങ്കിൽ കമ്മ്യൂണിസം എന്നല്ലാതെ അന്യഗതി സംഭാവ്യമല്ലെന്നും, താൽക്കാലിക ക്ലേശങ്ങൾക്കു ഒരു നിവാരണമാർഗ്ഗം ആവശ്യമാണെങ്കിൽ കമ്മ്യൂണിസമാണു് തിരഞ്ഞെടുക്കേണ്ടതെന്നുമുള്ള ആശയത്തെ അതിനിപുണമായി ഈ കൂട്ടർ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. കമ്മ്യൂണിസമാകട്ടെ അക്ഷമരായ യുവജനങ്ങൾക്കു് ഹിതകരവും ബാഹ്യസുന്ദരവും ക്ഷിപ്രസാദ്ധ്യവുമായ ഒരു പരിഹാരമാർഗ്ഗത്തിനുള്ള സൂചനയും നൽകുകയും ചെയ്യുന്നു.

## യാതനകൾ രൂക്ഷതരമാകും

ദുരിതമനുഭവിക്കുന്ന ജനതയോടു് സഹാനുഭൂതി പ്രദർശിപ്പിക്കുന്നതോടൊപ്പം, ഈ രണ്ടു മാർഗ്ഗങ്ങളിൽ ഒന്നിനെ സ്വീകരിച്ചെങ്കിൽ മാത്രമേ ഇന്നത്തെ ദുരിതങ്ങൾക്കു പരിഹാരമുണ്ടാകയുള്ളൂവെന്ന വാദം അബദ്ധവും അയഥാർത്ഥവുമാണെന്നു ഞങ്ങൾ പ്രഖ്യാപിച്ചുകൊള്ളുന്നു. എന്തുകൊണ്ടെന്നാൽ വ്യക്തികളുടെ അവകാശങ്ങളെ ആദരിക്കുന്നവയും തൊഴിലാളികളുടേയും മുതലാളികളുടേയും ന്യായമായ അവകാശങ്ങളെ പരിരക്ഷിക്കുന്നവയും കൂടുതൽ വിവേകപൂർവ്വമായ ധനവിഭജനരീതിയെ വ്യവസ്ഥാപിക്കുന്നതുമായ മാറു പരിഹാരമാർഗ്ഗങ്ങൾ തിരുസ്സഭയുടെ സാമൂഹ്യതത്വങ്ങൾ നല്കുന്നുണ്ടു്. തിരുസ്സഭ കമ്മ്യൂണിസത്തിനു് എതിരാകയാൽ മുതലാളിത്ത സമ്പ്രദായത്തെ അനുകൂലിക്കുന്നു എന്ന ആരോപണത്തെ ഞങ്ങൾ എല്ലാം അധികാരത്തോടുംകൂടെ നിഷേധിക്കുന്നു. സാമൂഹ്യപ്രശ്നങ്ങളെ സംബന്ധിച്ച ചാക്രികലേഖനങ്ങളെപ്പററി പരിജ്ഞാനമുള്ളവരാരും അടിസ്ഥാനരഹിതമായ ഈ ആരോപണത്തെ അനുകൂലിക്കയില്ല. പ്രസ്തുത ചാക്രികലേഖനങ്ങളാകട്ടെ മുതലാളിത്തസമ്പ്രദായത്തിന്റെ ദോഷവശങ്ങൾ, വ്യവസായപ്രവർത്തകന്മാരുടെ ചൂഷണതല്പരത, ചുരുക്കം ചില വ്യക്തികളിൽ മാത്രമുള്ള ധനത്തിന്റെയും തജ്ജന്യമായ അധികാരത്തിന്റെയും കേന്ദ്രീകരണം, അന്യായവും അനീതിപരവുമായ ധനവിതരണരീതി, തൊഴിലാളികളുടെ ന്യായമായ സങ്കടങ്ങളെപ്പററി തൊഴിൽപ്രവർത്തകന്മാർ പ്രദർശിപ്പിക്കുന്ന നിർദ്ദയമായ അവഗണന എന്നിവയെക്കുറിച്ചെല്ലാം വ്യക്തമായ ഭാഷയിൽ പ്രതിപാദിക്കുന്നുമുണ്ടു്. സഭ, കമ്മ്യൂണിസത്തെ എന്നപോലെതന്നെ മുതലാളിത്ത സമ്പ്രദായത്തിന്റെ തിന്മകളേയും അനീതികളേയും പ്രതികൂലിക്കുകയും ഈ പ്രാതികൂല്യം അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടു്. ലോകത്തിൽ ഇന്നു നിലനിന്നുപോരുന്ന അനീതികളെപ്പററി സഭാമാതാവിനു് പൂർണ്ണബോധവും തൊഴിലാളികളുടെ ദുരിതങ്ങളിൽ അനുകമ്പയും ഉണ്ടെങ്കിലും, കമ്മ്യൂണിസത്തെ അവൾ നിരാകരിക്കതന്നെ ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അതു ഒരു മനുഷ്യനുള്ള ആദ്ധ്യാത്മിക സ്വാതന്ത്ര്യം നഷ്ടപ്പെടുത്തി, നിഷ്ഠുരമായ ഒരു വ്യവസ്ഥിതിക്കു അവനെ അടിമയാക്കി, മിഥ്യാപ്രതീക്ഷകൾകൊണ്ടു സംതൃപ്തനാക്കിപ്പോരുന്നു. മാത്രമല്ല, കമ്മ്യൂണിസം തൊഴിലാളികളുടെ യാതനകൾക്കു ശമനംവരുത്തുന്നതിനു പകരം അവയുടെ രൂക്ഷതയെ വർദ്ധിപ്പിക്കയത്രെ ചെയ്യുന്നതു്.

അതുകൊണ്ടു കമ്മ്യൂണിസത്തിന്റെ അബദ്ധജടിലങ്ങളായ ആശയങ്ങളെയും മതസംബന്ധമായ സാഹിത്യത്തെയും പ്രചരിപ്പിച്ചേക്കും, കമ്മ്യൂണിസ്റ്റു് പ്രാതിനിധ്യമുള്ള സംഘടനകളിൽ അംഗങ്ങളായി ചേർന്നോ, കമ്മ്യൂണിസ്റ്റു് പാർട്ടിക്കു് ഏതെങ്കിലും വിധത്തിൽ പിൻതുണ നൽകിയോ, ആ പാർട്ടിയിൽ അംഗങ്ങളായി ചേരരുതെന്നും, പ്രിയ സഹോദരങ്ങളേ, നിങ്ങളെ ഞങ്ങൾ ആത്മാർത്ഥമായി അനുശാസിക്കുന്നു; എന്തുകൊണ്ടെന്നാൽ കമ്മ്യൂണിസത്തിന്റെ അടിസ്ഥാനതത്വങ്ങൾതന്നെ ഭൗതികമാത്രവാദത്തോടുകൂടിയതാണു്. തൊഴിലാളിവർഗ്ഗങ്ങളുടെ സാമൂഹ്യപുരോഗതിയെ മാത്രം ലക്ഷീകരിക്കുന്നതായി ഭാവിക്കുമ്പോൾതന്നെയും, ദൈവത്തേയും മനുഷ്യർക്കു് അവിടുത്തോടുള്ള കടമകളെയും കമ്മ്യൂണിസം അവഗണിച്ചുകളയുന്നു. തങ്ങളുടെ യഥാർത്ഥമായ ഉദ്ദേശങ്ങൾ മറച്ചുവച്ചുകൊണ്ടു് കാര്യം സിദ്ധിക്കവേണ്ടി പ്രവർത്തിക്കേണ്ടതെങ്ങനെയെന്നു കമ്മ്യൂണിസ്റ്റുകാർ കഴിഞ്ഞകാല ശതാബ്ദക്കാലത്തെ അനുഭവത്തിൽനിന്നു പഠിച്ചുവച്ചിട്ടുണ്ടു്. ദരിദ്രവർഗ്ഗത്തിന്റെ രക്ഷകരായും, ജനാധിപത്യത്തിന്റെ വിമോചകരായും, ജനമർദ്ദനത്തിനെതിരായി പോരാടുന്ന യോദ്ധാക്കളായും, സമാധാനത്തിന്റെ ദൂതന്മാരായും അവർ പ്രത്യക്ഷപ്പെട്ടേക്കാം. തൽക്കാലകാര്യസിദ്ധിക്കുവേണ്ടി ഏതു വേഷവും അവർ അണിഞ്ഞേക്കാം. എന്നാൽ അവർ എപ്പോഴും ആടിന്റെ വേഷം ധരിച്ച ചെന്നായ്ക്കൾ തന്നെയാണു്. ഫലംകൊണ്ടത്രെ നാം അവരെ അറിയേണ്ടതു്. ഇരുമ്പുമറയ്ക്കുള്ളിൽ തിരുസ്സഭ അനുഭവിക്കുന്ന മതപീഡനമാണു് കമ്മ്യൂണിസത്തിനു് സഭയോടു് വാസ്തവത്തിലുള്ള മനോഭാവത്തിന്റെ യഥാർത്ഥവും അനുഭവസിദ്ധവുമായ തെളിവുകൾ. അവിടെയാകട്ടെ മെത്രാന്മാരെയും, വൈദികരെയും കാരാഗൃഹത്തിലടയ്ക്കുകയും, കത്തോലിക്കാസ്ഥാപനങ്ങൾ നശിപ്പിക്കുകയും, ആരാധനാസ്വാതന്ത്ര്യം അനുവദിക്കാതിരിക്കുകയുമാണു് ചെയ്തിട്ടുള്ളതു്. പതിനൊന്നാം പിയൂസ് മാർപ്പാപ്പാ "ദിവിനി റെഡെംപ്തോരിസ്" എന്ന ചാക്രികലേഖനത്തിൽ പറയുന്നപോലെ "ആരംഭത്തിൽ കമ്മ്യൂണിസം അതിന്റെ ദൂഷണരൂപമായ എല്ലാ വിക്രിയകളും പ്രത്യക്ഷമാക്കി. എന്നാൽ ഇപ്പോൾ അതു് അതിന്റെ പ്രവർത്തനരീതി മാററിയിട്ടുണ്ടു്. യഥാർത്ഥങ്ങളായ ഉദ്ദേശങ്ങളെ പ്രത്യക്ഷത്തിൽ നിർദ്ദോഷവും ആകർഷകവുമായ ആശയങ്ങൾകൊണ്ടു പൊതിഞ്ഞു കാണിച്ചു, മററും ജനതതിയെ വൃത്തത്തിൽ കുടുക്കിലാക്കുവാനാണു് അതു ഇന്നു പരിശ്രമിച്ചുകൊണ്ടിരിക്കുന്നതു്.

## കത്തോലിക്കാവിദ്യാഭ്യാസം

ഒരു കത്തോലിക്കനു് കമ്മ്യൂണിസ്റ്റുകാരനായിരിക്കുവാൻ പാടില്ലെന്നും, നിരീശ്വരപരവും ക്രൈസ്തവമതവിരുദ്ധവുമായ കമ്മ്യൂണിസസിദ്ധാന്തങ്ങൾ സ്വീകരിക്കുകയോ, ആദരിക്കുകയോ, പ്രചരിപ്പിക്കുകയോ ചെയ്യുന്ന ഒരു കത്തോലിക്കൻ മഹറോൻശിക്ഷയിൽ ഉൾപ്പെടുന്നതുകൊണ്ടു് സഭാഭ്രഷ്ടനായിത്തീരുമെന്നും, ഒരു കത്തോലിക്കൻ ഈ അബദ്ധസിദ്ധാന്തങ്ങൾ സ്വീകരിക്കുന്നില്ലെങ്കിലും, അറിഞ്ഞുകൊണ്ടും സ്വതന്ത്രമനസ്സോടെയും, ഒരു കമ്മ്യൂണിസ്റ്റു് പാർട്ടിയിൽ ചേരുകയോ, അതിനു പിൻതുണ നൽകുകയോ ചെയ്യുന്നപക്ഷം അയാൾക്കു കൂദാശകൾ കൊടുത്തുകൂടായെന്നും തന്മൂലം അയാൾ തന്റെ നിത്യരക്ഷ അപകടത്തിലാക്കുന്നുവെന്നും നിങ്ങളുടെ സൂക്ഷത്തിനേൽപ്പിക്കപ്പെട്ടിരിക്കുന്ന എല്ലാവരേയും സമയത്തും അസമയത്തും ഉപദേശിക്കണമെന്നും എല്ലാ ആത്മപാലകരേയും ഞങ്ങൾ ശക്തിയുക്തം ഉൽബോധിപ്പിച്ചുകൊള്ളുന്നു. തങ്ങളുടെ സംരക്ഷണയിലുള്ള കുട്ടികൾക്കു ശരിയായ കത്തോലിക്കാവിദ്യാഭ്യാസം നൽകുകയും, ഇന്നത്തെ ഭൗതികമാത്രവാദത്തിന്റെ മാലിന്യങ്ങൾ തട്ടാതെ അവരെ സൂക്ഷിക്കുകയും ചെയ്യണമെന്നു് മാതാപിതാക്കന്മാരോടും രക്ഷാകർത്താക്കളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. എന്തുകൊണ്ടെന്നാൽ, ദൈവത്തിന്റെ പരിപാലനയെക്കുറിച്ചുള്ള ബോധവും അവിടുത്തെ നിയമങ്ങളുടെ പരമാധിപത്യത്തെപ്പററി മതിപ്പും ഉളവാക്കിയാൽ കമ്മ്യൂണിസസിദ്ധാന്തങ്ങളുടെ വളർച്ചയ്ക്കു അനുകൂലമായ അന്തരീക്ഷം ഉണ്ടാകുന്നതല്ല. കമ്മ്യൂണിസം ലക്ഷീകരിക്കുന്ന മനുഷ്യാത്മാവിന്റെ അടിമത്തത്തിനെതിരായി പോരാടുന്നതിനും, ദൈവത്തിന്റെയും മനുഷ്യവ്യക്തിയുടേയും അവകാശങ്ങൾ ഒരുപോലെ ആദരിക്കപ്പെടുന്നതിനുവേണ്ടി അദ്ധ്വാനിക്കുന്നതിനുമായി പ്രാർത്ഥനയും പ്രയത്നവും പരിത്യാഗവുംകൊണ്ടു് എല്ലാവരും ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്നു് എല്ലാം ജീവിതത്തുറകളിലുംപെട്ട നന്മനസ്സുള്ള ജനങ്ങളോടു് ഞങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

## തൊഴിലാളികളോടും വിദ്യാർത്ഥികളോടും

കമ്മ്യൂണിസ്റ്റുകളുടെ കപടതന്ത്രങ്ങൾക്കു ഇരയാകാതിരിക്കത്തക്കവിധത്തിൽ ട്രേഡ് യൂണിയനുകളിലെ അംഗങ്ങൾ സംഘടിക്കണമെന്നും, തങ്ങളുടെ അവകാശസംരക്ഷണത്തിനായി പരിശ്രമിക്കുമ്പോൾ കമ്മ്യൂണിസ്റ്റു് തന്ത്രങ്ങൾക്കു് ഉപകരണങ്ങളായി തീരാതിരിക്കണമെന്നും ഞങ്ങൾ അവരോടപേക്ഷിക്കുന്നു. കമ്മ്യൂണിസ്റ്റു് പ്രാബല്യമുള്ള വിദ്യാർത്ഥിസംഘടനകളിൽ വിദ്യാർത്ഥികൾ ചേരരുതെന്നു് അവരേയും ഉൽബോധിപ്പിച്ചുകൊള്ളുന്നു. മാത്രമല്ല വിദ്യാർത്ഥികൾ തങ്ങൾക്കു ലഭിക്കുന്ന സൗകര്യങ്ങൾ ഉപയോഗിച്ചു തിരുസ്സഭയുടെ സാമൂഹ്യതത്വോപദേശത്തെ ഗ്രഹിക്കുന്നതിനു ശ്രമിക്കുകയും, ഇക്കാലത്തെ സാമ്പത്തികപ്രശ്നങ്ങൾക്കു സഭ നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങളെ മനന്നു പഠിക്കുകയും ചെയ്യണം. ഏററവും വിനാശകരമായ ഈ തിന്മയുമായുള്ള നമ്മുടെ പോരാട്ടം കേവലം നിഷേധ

ആത്മാർത്ഥതയോടെ, വ്യക്തമായ പ്രവർത്തന പരിപാടിയോടുകൂടിയതായിരിക്കണം. സഭയുടെ സുദീർഘമായ ചരിത്രകാലമത്രയും അവൾ മരിദ്രരുടേയും പീഡിതരുടേയും സംരക്ഷകയായി നിലകൊണ്ടിട്ടുണ്ട്. നമ്മുടെ പൊതുജീവിതത്തിലും വ്യക്തിപരമായ ജീവിതത്തിലും ഏതുതരത്തിലുള്ള പീഡിതരോടും സഹാനുഭൂതി പ്രദർശിപ്പിക്കുകയും വ്യക്തികളുടെ ധനധർമ്മവഴിയായും കത്തോലിക്കരുടെ കൂട്ടായ്മ ഫലമായി നടത്തിപ്പോരുന്ന ആസ്പത്രികൾ, അനാഥശാലകൾ, ആതുരശാലകൾ ആദിയായ പൊതുസ്ഥാപനങ്ങൾ വഴിയായും അവരുടെ ദുരിതങ്ങൾക്ക് ശമനം വരുത്തുവാനുള്ള നമ്മുടെ സന്നദ്ധതയെ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. അധഃസ്ഥിതവർഗ്ഗങ്ങളുടെ സംരക്ഷകസ്ഥാനം ദൈവവിരോധികളുടെ കൈകളിൽ ചെന്നുചേരുവാൻ നാം അനുവദിക്കുന്നെങ്കിൽ അതു സന്താപജനകമായിരിക്കും. അവരുടെ വിശ്വാസം, പാരമ്പര്യം, ദൈവികമായ തെരഞ്ഞെടുപ്പ് എന്ന വകകൊണ്ടും ഒരു കത്തോലിക്കനാണ് ആ സംരക്ഷകസ്ഥാനത്തിനർഹൻ. ദൈവത്തിന്റെ അവകാശങ്ങളെ തന്റെ ശത്രുക്കളുടെ ദൈവദ്രോഹപരമായ ആക്രമണത്തിൽനിന്നു സംരക്ഷിക്കുന്നതിനും, നമ്മുടെ യുവജനങ്ങളേയും തൊഴിലാളിവർഗ്ഗത്തേയും ഭൗതികമാത്രമായ നിരീശ്വരത്വത്തിന്റെ ആപത്തിൽ അകപ്പെടാതെ സൂക്ഷിക്കുന്നതിനും, ഇതുവരെ സഭ അഭിമുഖീകരിച്ചിട്ടുള്ള ശത്രുക്കളിൽവെച്ച് ഏറ്റം വിപല്കരശത്രുവായ കമ്യൂണിസത്തിൽനിന്ന് സഭയെ പരിരക്ഷിക്കുന്നതിനുമായി നമുക്കെവർക്കും സംഘടിച്ചു പരിശ്രമിക്കുകയും ചെയ്യാം.

ഈ ഇടയലേഖനം 1949 ഡിസംബർ 11-ാം തിയതി എല്ലാപള്ളികളിലും കുർബ്ബാനകളുള്ള എല്ലാ ദിവ്യപൂജകളിലും സമയത്തു വായിക്കണം.

ഇന്ത്യൻ ഹയറാർക്കിക്കുവേണ്ടി സി. ബി. സി. ഐ. സ്റ്റാൻഡിംഗ് കമ്മിററി ബാംഗ്ളൂർനിന്നും, ഒക്ടോബർ 19-ാം തിയതി നൽകിയത്.

സി. ബി. സി. ഐ. സ്റ്റാൻഡിംഗ് കമ്മിററി

✠ Joseph Attepetty,
ഡയറക്ടർ, കത്തോലിക്കാ സാമൂഹ്യ പ്രവർത്തനവിഭാഗം

## അടുത്ത ആഴ്ചയിൽ

ഡിസംബർ
4 ഞ: സ്ലീവാര 2-ാം ഞായർ
5 തി: സാബാ
6 ചൊ: നിക്കോളാവോസ്
7 ബു: അംബ്രോസീസ്
8 വ്യ: കന്യകാമറിയത്തിന്റെ അമലോത്ഭവം
9 വെ: ലിയോകാഡിയ
10 ശ: മൽക്കിയാദിസ്

സത്യദീപം
### വരിസംഖ്യ

| | ക. ണ. പ. |
|---|---|
| പ്രതിവർഷം അഞ്ചൽ | 6—0—0 |
| പ്രതിവർഷം തപാൽ | 6—8—0 |
| ഇൻഡ്യക്കു പുറമെ | 8—0—0 |
| ഒററപ്രതി | 0—2—0 |

## നോട്ടീസ

അന്നൂറി, ചേലൂർ, നെല്ലൂർ എന്നീ സ്ഥലങ്ങളിലെ ഏജൻറായിരുന്ന മി. തെക്കേത്തു പത്രോസ് ചെറിയാനെ നീക്കം ചെയ്തിരിക്കുന്നു.

മാനേജർ

## മാനുവൽ

സെൻറ് വിൻസെൻറ് ഡി പോൾ കോൺഫറൻസുകളുടെ നിയമാവലി അടങ്ങിയ മാനുവൽ താഴെ പറയുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ 2 ക. 12 ണ. വിലയ്ക്കു ലഭിക്കുമെന്നു ഷെവ. ജോസഫ് കള്ളിയത്ത് സദയം അറിയിച്ചിരിക്കുന്നു.

Examiner Press Book shop,
Fort, Bombay 1.

## തിരിച്ചെഴുന്നള്ളി

കാസ്റ്റൽഗണ്ടോൾഫോയിൽനിന്നു മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് നവംബർ 26-ാംനു വത്തിക്കാനിലേക്കു തിരിച്ചെഴുന്നള്ളിയിരിക്കുന്നു.

## മെത്രാപ്പോലീത്താ തിരുമേനി

മാർത്തമ്മപള്ളിയുടെ ജൂബിലിയിൽ സംബന്ധിക്കുന്നതിനായി എറണാകുളം മെത്രാപ്പോലീത്താതിരുമനസ്സുകൊണ്ട് വികാരിജനറാളും സെക്രട്ടറിയുമൊരുമിച്ച് കഴിഞ്ഞ ശനിയാഴ്ച അങ്ങോട്ടെഴുന്നള്ളുകയും പിറേറദിവസം തിരിച്ചെത്തുകയും ചെയ്തിരിക്കുന്നു.

## നിര്യാതനായി

"സേക്രഡ് കോൺഗ്രിഗേഷൻ ഓഫ് ദി കൗൺസിൽ" എന്ന തിരുസംഘത്തിന്റെ പ്രീഫെക്ടായിരുന്ന കർഡിനൽ മർമാഗി 73-ാമത്തെ വയസ്സിൽ നവംബർ 3-ാംനു നിര്യാതനായി. ഇനി ആകെ 51 കർദ്ദിനാളന്മാരാണുള്ളത്. അതിൽ 20 പേർ ഇററലിക്കാരാണ്.

## ഫാത്തിമാപ്രതിമ

ഫാത്തിമാമാതാവിന്റെ പ്രതിമ റോമിൽനിന്നു വിമാനമാർഗ്ഗം ബോംബെയിലെത്തിയിരിക്കുന്നു. ഡിസംബർ 1-ാംനുവരെ പ്രസ്തുത പ്രതിമ ബോംബെയിലെ സെൻറ് ഫ്രാൻസീസ് സേവ്യർ ചാപ്പലിലായിരിക്കും. ഡിസംബർ 2-ാംനു അവിടെനിന്നും പ്രത്യേക ബോട്ടുമാർഗ്ഗം ഗോവയിലേക്കു സംവഹിക്കപ്പെടുന്നതു 6 മാസത്തെ പര്യടനത്തിനുശേഷം ബോംബെയിൽ തിരിച്ചെത്തി അവിടെനിന്നു വിമാനമാർഗ്ഗം സിലോണിലേക്കു കൊണ്ടുപോകുന്നതുമാണ്.

## നിങ്ങളുടെ ആരോഗ്യം

സുരക്ഷിതമായിരിക്കുവാൻ, രോഗബാധകൂടാതെ ജീവിക്കുവാൻ സുഖാനന്ദം എന്ന ബുക്ക് വായിക്കുക. എല്ലാവർക്കും ഇനാമായിട്ടയക്കും.

ദിവ്യൗഷധശാല, മണലൂർ, C. T. U.

## പ്രാദേശികവാർത്തകൾ

കണ്ടശ്ശാങ്കടവ് ബസാറിൽ ഫ്രാൻസിസ് ലൈനു് അടുത്ത് "സെൻറ് ആൻറണീസ്" എന്ന പേരിൽ ഒരു ബുക്ക്സ്റ്റാൾ തുറന്നിരിക്കുന്നു. അവിടെ സത്യദീപം വില്പനയ്ക്കു വച്ചിരിക്കുന്നതാണ്.

—ചങ്ങനാശ്ശേരി മെത്രാൻ തിരുമനസ്സിലെ നിര്യാണത്തിൽ അനുശോചിക്കുന്നതിനായി തിരുവനന്തപുരം കാത്തലിക് കോൺഗ്രസിന്റെ ആഭിമുഖ്യത്തിലും എടത്വാ പാണ്ടങ്കരി വിൻസെൻറ് ഡി പോൾ സംഘത്തിന്റെ ആഭിമുഖ്യത്തിലും മലബാർ കണ്ണൂർ അസംപ്ഷൻ കോളേജിന്റെ ആഭിമുഖ്യത്തിലും യോഗങ്ങൾ കൂടിയതായി അറിയുന്നു.

—അമേരിക്കയിൽ ഉപരിവിദ്യാഭ്യാസം നിർവ്വഹിക്കുകയും ലൂർദ്ദ്, റോം, പലസ്തീന മുതലായ സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്തു സ്വദേശത്തു തിരിച്ചെത്തിയ റവ. ഫാദർ എബ്രഹാം വടക്കേൽ എം. എ., എം. എസ്. അവർകൾക്ക് പറിയാരം പള്ളി ഇടവകക്കാർ ഗംഭീരമായ ഒരു സ്വീകരണം നല്കിയിരിക്കുന്നു.

—മരത്താക്കരപള്ളി മിഷൻ സഭാംഗങ്ങളുടെ ആഭിമുഖ്യത്തിൽ ഒരു മഹായോഗം റവ. ഫാ. തോമസ് മണക്കാട്ട് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ കെ. ടി. സക്കറിയാസ് ഒരു പ്രസംഗം ചെയ്തു.

—സുപ്രസിദ്ധ കഥാപ്രസംഗകനായ ശ്രീ ജോസഫ് കൈതാരം കഴിഞ്ഞയാഴ്ചയിൽ മൂന്നാർ, ആലപ്പുഴ, പൂച്ചാക്കൽ, കിഴക്കേകല്ലടപ്പള്ളി എന്നിവിടങ്ങളിൽ കഥാപ്രസംഗങ്ങൾ നടത്തുകയുണ്ടായിരുന്നു.

## ചരമങ്ങൾ

വെളിച്ചിയാനി ഇടവക മെ. ടി. എസ്. പീറർ, ടി. എസ്. തോമസ് എന്നിവരുടെ സഹോദരൻ വൃശ്ചികം 7-ാംനു നിര്യാതനായിരിക്കുന്നു.

—പാലപ്പിള്ളി ഇടവക വാണിയടത്ത് ഇട്ടിയവര നവംബർ 14-ാംനു 80-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

—ചക്കരക്കടവ് മുഞ്ഞേലി ദേവസ്സി ഭാര്യ മറിയം വൃശ്ചികം 3-ാംനു 74-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു. R. I. P.

## കൊ-തി-വാർത്തകൾ

ഐക്യസംസ്ഥാനത്തിൽ പഞ്ചസാര റേഷനിംഗ് വീണ്ടും നടപ്പിലാക്കിയിരിക്കുന്നു. പഞ്ചസാര നിയന്ത്രണം നടപ്പിലിരുന്നപ്പോൾ കൊച്ചിയിലും തിരുവിതാംകൂറിലും നിലവിലിരുന്ന രീതിയിൽതന്നെ റേഷൻകാർഡുകൾ ഇപ്പോഴും നല്കുന്നതാണ്.

—പറവൂർ, പാല എന്നീ സ്ഥലങ്ങളിൽ കോളേജ് സ്ഥാപിക്കുന്നതിനനുമതി നല്കിക്കൊണ്ടുള്ള യൂണിവേഴ്സിററി സിൻഡിക്കേററിന്റെ തീരുമാനം മന്ത്രിസഭ അംഗീകരിച്ചിരിക്കുന്നു. എന്നാൽ മററു കോളേജുകൾക്കു നല്കിയതുപോലെ 5 ലക്ഷം ക. സഹായധനം ഇവയ്ക്കു നല്കുന്നതല്ലെന്നറിയുന്നു.

—തിരുവിതാംകൂറിൽ പ്രായപൂർത്തിയായവർക്കു അനുവദിച്ചിരിക്കുന്ന റേഷൻ 11.8 ഔൺസായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. അതിൽ 2.4 ഔൺസ് ഗോതമ്പായിരിക്കുന്നതാണ്.

—ഡൽഹിയിൽ വച്ചു നടക്കുന്ന രാജപ്രമുഖന്മാരുടെ സമ്മേളനത്തിൽ സംബന്ധിക്കുന്നതിനായി ഐക്യസംസ്ഥാന രാജപ്രമുഖൻ നവംബർ 30-ാംനു ഡൽഹിയിലേക്കു പുറപ്പെടുന്നതാണ്.

—തിരുവിതാംകൂറിലേയും കൊച്ചിയിലേയും മുസ്ലീംലീഗുകൾ സംയോജിച്ച് തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാന മുസ്ലീംലീഗ് രൂപവൽകൃതമായിരിക്കുന്നു.

—കോൺഗ്രസ് പാർലിമെൻററി പാർട്ടി നവംബർ 28-ാംനു ലീഡർ ശ്രീ ടി. കെ. നാരായണപിള്ളയുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചിരിക്കുന്നു.

## ഇൻഡ്യാവാർത്തകൾ

മദ്രാസിലെ ഒരു പ്രസിദ്ധ സർജ്ജനായ ഡോക്ടർ പി വി ചെറിയാൻ അടുത്ത വർഷത്തെ മദ്രാസ് മേയറായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഇദ്ദേഹത്തിന്റെ സ്വദേശം കോട്ടയമാണ്.

—ഇൻഡ്യൻ കോമൺവെൽത്തിനെ അംഗീകരിക്കുന്ന ഇൻഡ്യൻ ഭരണഘടന ഇൻഡ്യയിലെ ഇതരഭാഗങ്ങളിലെന്നപോലെ ഹൈദ്രാബാദിലും ഭരണഘടനയായിരിക്കുന്നതാണെന്നു നൈസാം വിളംബരം പ്രഖ്യാപിച്ചിരിക്കുന്നു.

—ഗവമ്മെൻറുദ്യോഗസ്ഥന്മാർക്കു സ്വർണ്ണം, വെള്ളി മുതലായ ലോഹങ്ങൾ കൊണ്ടുള്ള കാസ്കറ്റുകളിൽ മംഗളപത്രം നല്കുന്ന സമ്പ്രദായം ഉപേക്ഷിക്കുവാൻ പ്രധാനമന്ത്രി പണ്ഡിററ് നെഹ്റു ജനങ്ങളോടഭ്യർത്ഥിച്ചിരിക്കുന്നു.

—കുരുമുളകിനു 30 ശതമാനം കയററുമതിത്തീരുവ ചുമത്തിക്കൊണ്ട് ഇൻഡ്യാഗവമ്മെൻറ് ഒരു പ്രസ്നോട്ട് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

## വിദേശവാർത്തകൾ

അണുശക്തി ഫലപ്രദമായി അന്തർദേശീയ നിയന്ത്രണത്തിനാക്കണമെന്നും അണുശക്തിയുപയോഗിച്ചുള്ള ഉപകരണങ്ങൾ നിരോധിക്കണമെന്നും ഐക്യരാഷ്ട്രജനറൽ അസംബ്ലി നിശ്ചയിച്ചിരിക്കുന്നു. സോവ്യററു ബ്ലോക്കിൽപ്പെട്ട 5 പേർ മാത്രമേ ഇതിനെതിരായി വോട്ടുചെയ്യുകയുണ്ടായുള്ളു.

—ഡിസംബർ 27-ാംനു ഇൻഡോനേഷ്യൻ റിപ്പബ്ലിക്ക് അധികാരമേറൊടുക്കും സ്വതന്ത്രമായിത്തീരുന്നതാണെന്നറിയുന്നു.

## കത്തോലിക്കാ ഭരണാധികാരികൾ

"ഇരുമ്പുമറയ്ക്കു"ടെ പടിഞ്ഞാറുഭാഗത്തുള്ള യൂറോപ്പിലെ മിക്കരാജ്യങ്ങളിലെയും ഭരണാധികാരികൾ കത്തോലിക്കരാണ്. പ്രോട്ടസ്റ്റൻറ് രാജ്യങ്ങളായ സ്കാൻഡിനേവിയ (ഡെന്മാർക്ക്, നോർവേ, സ്വീഡൻ), ഗ്രേററ് ബ്രിട്ടൻ, ഫിൻലൻഡ്, ഗ്രീസ്, ഐസ്ലൻഡ്, സ്വിററ്സർലൻഡ് എന്നിവയാണ് വ്യത്യസ്തമായുള്ളവ.

ഭരണസാരഥ്യം വഹിക്കുന്ന കത്തോലിക്കർ:

ആസ്ട്രിയ—ഡോക്ടർ ലിയോപോൾഡ് ഫിഗ്ൾ (ചാൻസലർ)

ബൽജിയം—ഗാസ്റ്റൻ ഐസ്കൻസ് (പ്രൈം മിനിസ്റ്റർ)

ഫ്രാൻസ് — ജോർജ്ജ് ബിദോ (പ്രൈം മിനിസ്റ്റർ), റോബർട്ട് ഷുമൻ (ഫോറിൻ മിനിസ്റ്റർ)

ജർമ്മനി—ഡോക്ടർ കോൺറാഡ് അഡെനോവർ (ചാൻസലർ)

ഐർലൻഡ്—ജോൺ എ കോസ്റ്റെല്ലോ (പ്രൈം മിനിസ്റ്റർ)

ഇററലി—എ. ഗാസ്പരി (പ്രൈംമിനിസ്റ്റർ)

ലക്സംബർഗ് — പിയർ ഡ്യൂപോ (പ്രൈം മിനിസ്റ്റർ)

നെതർലൻഡ്സ് — ജെ. ആർ. എച്ച്. വേൺഷേയ്ക് (പ്രൈം പ്രിമിയർ)

പോർത്തുഗൽ—മാർഷൽ അൻറോണിയോ കാർമ്മോണാ (പ്രസിഡൻറ്); ഡോക്ടർ സലാസർ (പ്രൈംമിനിസ്റ്റർ)

സ്പെയിൻ—ജനറൽ ഫ്രാങ്കോ (ചീഫ് ഓഫ് സ്റ്റേററ്)

## മെത്രാൻ പട്ടാഭിഷേകം

അഹമ്മെദബാദ് മെത്രാനായി നിയമിതനായിരിക്കുന്ന മോൺ എഡ്വിൻ പിൻറോ എസ് ജെ. യുടെ മെത്രാൻ പട്ടാഭിഷേകം ഒക്ടോബർ 16-ാംനു നടന്നിരിക്കുന്നു.

## വിനോദവീഥി

മേരിക്കുട്ടിയെ സ്കൂളിൽ ചേർത്തതിന്റെ പിറേറദിവസം. അമ്മ: "എന്താമേരിക്കുട്ടീ, നീയിന്നു സ്കൂളിൽ പോകുന്നില്ലേ?"

മേരിക്കുട്ടി: "എന്തിനാണമ്മേ സ്കൂളിൽ പോകുന്നതു? എനിക്കു എഴുതാനറിയാൻ പാടില്ല; വായിക്കാനും അറിയാൻ പാടില്ല. വർത്തമാനം പറയാൻ ടീച്ചറെന്നെ സമ്മതിക്കയുമില്ല."

✻ ✻ ✻

രോഗി: "ഏമാനേ, എന്നെ കാണാനായി ഇത്രദൂരം വരിക അങ്ങേക്കു പ്രയാസമായിരിക്കയില്ലേ?"

ഡോക്ടർ: "ഇല്ല അടുത്തു വേറൊരു രോഗിയെക്കൂടി കാണേണ്ടതുണ്ടായിരുന്നു. ആകയാൽ ഞാൻ ഒരു വെടിക്കു രണ്ടു പക്ഷിയെയാണു കൊല്ലുന്നതു."

✻ ✻ ✻

ചെവികേൾക്കാൻ വയ്യാത്ത രണ്ടു സഹോദരന്മാർ അവരുടെ വസ്തു ഭാഗിച്ചതു സംബന്ധിച്ച് ഒരു കേസ് കൊടുത്തു. ജഡ്ജിക്കും ചെവികേൾക്കയില്ലായിരുന്നു. "നിങ്ങൾക്ക് എന്താണു പരാതിയുള്ളതു്?" എന്നു ജഡ്ജി മൂത്ത സഹോദരനോടു ചോദിച്ചു. "എന്റെ അമ്മ മരിച്ചിട്ടു പത്തുകൊല്ലമായി" എന്നയാൾ മറുപടി പറഞ്ഞു. ജഡ്ജി അതു കേട്ടില്ലെങ്കിലും എല്ലാം മനസ്സിലായഭാവത്തിൽ മററയാളോടു "അതെപ്പററി താനെന്തു ബോധിപ്പിക്കാനുണ്ട്" എന്നു ചോദിച്ചു. അയാൾ: "വേലിക്കെട്ടിച്ചതു ഞാനാണു" എന്നു സവിനയം ഉണർത്തിച്ചു. അവസാനം ജഡ്ജി ഏററവും ന്യായയുക്തമായ വിധി പ്രസ്താവിച്ചു: "രണ്ടു സഹോദരന്മാരും കൂടി സ്വന്തം പിതാക്കന്മാരെ സംരക്ഷിക്കണം" എന്നു ശാസനാരൂപം പറഞ്ഞു കക്ഷികളെ പറഞ്ഞയച്ചു.

✻ ✻ ✻

കൊച്ചുജോണിക്കു ചിത്രമെഴുത്തിൽ വാസനയുണ്ടായിരുന്നു. ഒരു ദിവസം പള്ളിക്കൂടത്തിൽ പോയിവന്നശേഷം അവൻ അകത്തിരുന്നു പടം വരയ്ക്കുന്നതു കണ്ട് അമ്മ ചാരിതാർത്ഥ്യത്തോടെ ചോദിച്ചു: "നീ എന്തു പടമാണ് വരയ്ക്കുന്നതു ജോണീ?"

"ദൈവത്തിന്റെ." അവൻ മറുപടി പറഞ്ഞു.

"ദൈവം എങ്ങനെയിരിക്കുന്നുവെന്നു് ആർക്കറിയാം?"

"അതുകൊണ്ടാണു ഞാൻ വരയ്ക്കുന്നതു്. ഇതു കാണുമ്പോൾ അറിയാറാകും."

# ഒരുവെടിക്കൊരുനൂറു പക്ഷി

(5-ാം പേജ് തുടർച്ച)

"പൊടുന്നനെ അങ്ങനെ നിറുത്താനിച്ചിരെ വിഷമംവരും." വക്കീ ഒരു പ്രായോഗിക നിർദ്ദേശമാണു് കൊണ്ടുവന്നതു്. "നമുക്കൊന്നു ചെയ്യാലോ... ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസമെങ്കിലും കൂടി ഉപേക്ഷിച്ചു് നാലെട്ടു് അണവീതം ഓരോരുത്തരും മത്തച്ചേട്ടനെ ഏൽപ്പിക്കണം. ഈ അത്യാവശ്യം കഴിഞ്ഞും വല്ലതും മിച്ചമുണ്ടെങ്കിൽ നമുക്കെന്തെല്ലാം കാര്യം കാണാം."

"അങ്ങനെതന്നെ" "നല്ല കാര്യം" എന്നൊക്കെ എല്ലാവരും സമ്മതം നല്കി. ഓരോരുത്തരും കുപ്പിവാങ്ങി പിരിഞ്ഞു

* * *

കൊന്തനമസ്കാരം കഴിഞ്ഞു. പതിവുപോലെ ജോർജ്ജുകുട്ടിയും വാവച്ചനും സ്തുതി ചൊല്ലിയശേഷം അമ്മയുടെ അടുക്കലേക്കു പോയി. രണ്ടുമിനിട്ടുകഴിഞ്ഞു അവർ വീണ്ടും പ്രത്യക്ഷപ്പെട്ടപ്പോൾ മാത്തുച്ചനു് തോന്നി അവർക്കെന്തോ നിവേദനം സമർപ്പിക്കാനുണ്ടെന്നു്.

"എന്താ വാവച്ചാ?"

"അപ്പച്ചൻ പറഞ്ഞിട്ടൊണ്ടായിരുന്നു ഇന്നു സിനിമാ കാണാൻ വിടാമെന്നു്." വാവച്ചൻ സാവധാനം പറഞ്ഞു.

"നിങ്ങളെ ഈ രാത്രിയിൽ തനിയെ വിടുന്നതെങ്ങനെയാ? കൂട്ടുകാരു വല്ലവരുമുണ്ടോ?"

നിർദ്ദോഷങ്ങളായ വിനോദങ്ങൾ സ്വസന്താനങ്ങൾക്കു നല്കുന്നതിൽ മാത്തുച്ചനു വൈമുഖ്യമില്ല. അന്നത്തെ കഥ "ജ്ഞാനസുന്ദരി" ആണെന്നും അതിൽ അനാശാസ്യമായി ഒന്നുമില്ലെന്നും മാത്തുച്ചനറിയാമായിരുന്നു. എങ്കിലും മേൽനോട്ടത്തിനൊരാളില്ലാതെ കുട്ടികളെ പുറത്തേക്കു വിടുവാൻ മാത്തുച്ചനു മനസ്സില്ല.

"കൂട്ടുകാരാരും വേണ്ട." ജോർജ്ജുകുട്ടിയാണിത്തവണ പറഞ്ഞതു്. "ഞങ്ങൾക്കിന്നു സിനിമാ കാണണ്ടപ്പച്ചാ. സിനിമാ കാണുന്നതു ഉപേക്ഷിച്ചു അതിനുള്ള ടിക്കറ്റുവില ഉരുളുപൊട്ടിയടത്തെ ഒക്കെ പാവപ്പെട്ടോർക്കു സഹായം ചെയ്യാനായിട്ടു കൊണ്ടുചെല്ലണമെന്നു പറഞ്ഞിരിക്കുവാ." ഒരു പത്തുശ്വാസത്തിനിടയ്ക്കാണിത്രയും പറഞ്ഞതു് ജോർജ്ജുകുട്ടി.

"എന്നാടാ ഉരുളുപൊട്ടിപ്പോയെന്നോ? ആരുടെ?" മാത്തുച്ചനു കാര്യം പക്ഷേ മനസ്സിലായി. ആ ഉണ്ണിക്കിടാങ്ങളുടെ മഹാമനസ്കതയെയും, ആ പിഞ്ചുപ്രായത്തിൽ സാധാരണമല്ലാത്ത ആശ്ചര്യാവഹമായ പരിത്യാഗസന്നദ്ധതയെയും മനസാ അഭിനന്ദിച്ചുകൊണ്ടാണു് അയാൾ ആ ഓമനക്കുഞ്ഞുങ്ങളെ വിളിച്ചു് ഇടത്തും വലത്തും നിറുത്തിയതു്.

കൊന്നയ്ക്കൽ മാത്തുച്ചൻ ഇടത്തരക്കാരനായ ഒരു കൃഷിക്കാരൻമാത്രമാണു്. ഉത്തമകത്തോലിക്കനും പ്രാർത്ഥനാദിഭക്തകൃത്യങ്ങൾ അനുഷ്ഠിക്കുന്നതിനെന്നപോലെ, സ്വസന്താനങ്ങളെക്കൊണ്ടു് അവ അനുഷ്ഠിപ്പിക്കുന്നതിനും താല്പര്യമുള്ളയാളുമാണദ്ദേഹം. മക്കളുടെ മനസ്സിനെ വികസിപ്പിക്കുന്നതിനും തിന്മയെ വർജ്ജിക്കാൻ അവരെ പരിശീലിപ്പിക്കുന്നതിനും മാത്തുച്ചൻ നിരന്തരം ശ്രദ്ധപതിക്കുന്നുണ്ടു്. എന്നാൽ നിർദ്ദോഷവും ആനന്ദപ്രദവുമായ ഒരു സിനിമാ കാണുന്നതിനുള്ള ബാലസഹജമായ ആഗ്രഹം ബലികഴിച്ചു് പരസഹായം ചെയ്യുക എന്ന ആശയം മാത്തുച്ചനു പുത്തരിയാണു്. ആ തത്വത്തിന്റെ സൗന്ദര്യം—അതു സ്വപുത്രന്മാരുടെ നിഷ്കളങ്കമായ അധരങ്ങളിൽക്കൂടി കടന്നുവന്നപ്പോൾ മാത്തുച്ചന്റെ ഹൃദയത്തെ അപഹരിച്ചുകളഞ്ഞു. അതെപ്പറ്റി ആ ഓമനക്കുട്ടനിൽനിന്നുതന്നെ മാത്തുച്ചനു കേൾക്കണം.

"എന്താ പറഞ്ഞതു്, മകനെ, അപ്പച്ചൻ കേട്ടില്ലല്ലോ."

"തൊടുപുഴെ ഉരുൾപൊട്ടിയെന്നും വീടൊക്കെ ഒഴുകിപ്പോയെന്നും എല്ലാം ഇന്നാളപ്പച്ചൻ പറഞ്ഞില്ലേ?"

"ഉവ്വ്."

"ആ അവിടെയൊള്ള പാവപ്പെട്ടോരെ സഹായിക്കാനായിട്ടു ഒത്തിരിപ്പേരൊക്കെ ചക്രോം, അരീം, കപ്പേം എല്ലാം കൊണ്ടുവന്നു പള്ളിലേൽപ്പിക്കുന്നൊണ്ടു്. ഈട്ടിക്കലെ കുഞ്ഞച്ചൻചായനും ഒക്കെയാ ഇതു തൊടങ്ങിയതു്. സൊഡാലിറ്റിടെ മീറ്റിംഗിലും വേദപാഠക്ലാസ്സിലും അച്ചൻ പറഞ്ഞു മനസ്സൊള്ളോരൊക്കെ, സിനിമാകാണാൻ കിട്ടുന്ന ചക്രോം, പെരുന്നാളുകൂടാൻ കിട്ടുന്ന ചക്രോം എല്ലാം സൂക്ഷിച്ചുകൊണ്ടു ചെല്ലണോന്നു്."

ജോർജ്ജുകുട്ടിയുടെ മധുരഭാഷണംകേട്ടു മാത്തുച്ചൻ ആനന്ദാബ്ധിയിലാണ്ടുപോയി. "കൊള്ളാം മോനെ, അപ്പച്ചനിപ്പത്തന്നെ തന്നേക്കാം ചക്രം. എവിടെ സൂക്ഷിക്കും നിങ്ങളു്?"

"ഞങ്ങൾക്കൊരു പെട്ടിതന്നിട്ടൊണ്ടു് അച്ചൻ." വാവച്ചൻ ഒറ്റ ഓട്ടത്തിനു കെട്ടിനകത്തെത്തി. അരമിനിട്ടിനുള്ളിൽ ഒരു സിഗററ്റ്ടിൻ കിലുക്കിക്കൊണ്ടു് പിതൃസന്നിധിയിലെത്തി.

"ഇതിൽ കാശുണ്ടല്ലോ; അതെവിടെ കിട്ടി?" മാത്തുച്ചന്റെ ചോദ്യം.

"അതു മാതാവിന്റെ കുരോറത്തിരുനാളിനു് അപ്പച്ചൻ തന്ന അണായും, വിസിലു മേടിക്കാൻ വല്യേട്ടൻ തന്നതും ഒക്കെ സൂക്ഷിച്ചതാ. ഞങ്ങളു തൊട്ടിയാട്ടത്തിനൊന്നും പോയില്ല. ഇപ്പം ഒന്നര രൂപായോ മറ്റൊള്ളു." ജോർജ്ജുകുട്ടി വിശദീകരിച്ചു.

ഏത്തക്കുല വിറ്റു കിട്ടിയ പണം മുഴുവൻ മാത്തുച്ചന്റെ പോക്കറ്റിൽ തന്നെയുണ്ടായിരുന്നു. കുഞ്ഞുങ്ങളുടെ ത്യാഗത്തിന്റെ പശ്ചാത്തലത്തിൽ മാത്തുച്ചന്റെ ഔദാര്യം സീമാതീതമായി: "നിങ്ങൾക്കു സിനിമായ്ക്കൊരു രൂപാ. ഞാൻ നാളെ കാണണോന്നു വിചാരിച്ചിരുന്നു. ഞാനും പോകുന്നില്ല. എന്റെ പങ്കു ഒരു രൂപാ. അമ്മച്ചിടെ ഒരു രൂപാ. പിന്നെ എന്റെ മക്കളുടെ ഈ ധീരപ്രവൃത്തിക്കു സമ്മാനം, ബാക്കിയുള്ളതു്." ആ മുഗ്ദ്ധവദനങ്ങളിൽ ഓരോ മധുരചുംബനവും ആനന്ദബാഷ്പകണവും സമ്മാനിച്ചുകൊണ്ടാണു് മാത്തുച്ചൻ പത്തുരൂപാ വാവച്ചന്റെ കൊച്ചുകൈയിൽ വച്ചുകൊടുത്തതു്. കുട്ടികൾ ആനന്ദസ്തബ്ധരായിനിന്നുപോയി. മാത്തുച്ചൻ ഔദാര്യത്തിന്റെ മാധുര്യം ആസ്വദിച്ചുകൊണ്ടു് നിശ്ശബ്ദനായിരുന്നു. "അത്താഴമുണ്ണാറാ"യെന്നു മറിയാമ്മ പറഞ്ഞപ്പോഴാണു് ചിന്തയിൽനിന്നു മാത്തുച്ചനുണർന്നതു്.

* * *

മുമ്മലക്കുന്നു പള്ളി ഹരിതാംബരത്തിൽ പതിച്ചപവിഴംപോലെയാണു് ആ പ്രകൃതിസുന്ദരമായ മലമുകളിൽ പരിലസിക്കുന്നതു്. ബ്രഹ്മാണ്ഡമായ ആ ദേവാലയത്തിന്റെ അഴകണിഞ്ഞ പുറവും അലംകൃതമായ അകവും, ഇടവകക്കാരുടെ ഔദാര്യശീലത്തിന്റെയും ഭക്തിചൈതന്യത്തിന്റെയും സാക്ഷികളാണു്. ആ ഇടവകയിലെ യുവജനങ്ങളുടെ നാനാമുഖങ്ങളായ പ്രവർത്തനങ്ങളോരോന്നും, ഇന്നത്തെ അനിയന്ത്രിതരും ദുസ്സ്വാതന്ത്ര്യേച്ഛുക്കളുമായ യുവതിയുവാക്കന്മാരോടു് ഒരു വെല്ലുവിളിയാണു്.

അന്നവിടെ ഒരു മഹോത്സവമായിരുന്നു. പള്ളിവക സ്കൂളിൽ പ്രത്യേകാലങ്കാരങ്ങൾ കാണുന്നുണ്ടു്. ജനങ്ങൾ കൂട്ടം കൂട്ടമായി പള്ളിയിലേക്കു പൊയ്ക്കൊണ്ടിരിക്കുന്നു. കുട്ടികളിലും യുവാക്കന്മാരിലും യുവതികളിലും അഭൂതപൂർവ്വമായ ഒരു സന്തുഷ്ടി പ്രകടമായി കാണാം.

മണി മൂന്നായി. സ്കൂൾഹാൾ ജനനിബിഡമായിക്കഴിഞ്ഞു. ബ. വികാരി അച്ചനാൽ അനുഗതനായി റവ. ഡോ. തോമസ് ബി. എ. ഡി. ഡി. അവർകൾ ഹാളിൽ പ്രവേശിച്ചു കർമ്മശൂരനായ അ. സി. അച്ചന്റെ നേതൃത്വത്തിൽ ഏവരും എഴുന്നേറ്റു ഹസ്തതാഡനസഹിതം അതിഥിയെ സ്വീകരിച്ചു. ബാലികമാരുടെ പ്രാർത്ഥനാഗീതം കഴിഞ്ഞു് സെക്രട്ടറി സ്വാഗതപ്രസംഗം നടത്തി: "കുറെ കൊല്ലങ്ങൾക്കു മുമ്പു് ഈ ഇടവകയിലെ അഭ്യസ്തവിദ്യരായ കുറെ യുവാക്കന്മാരുടെ നിസ്തന്ദ്രപരിശ്രമഫലമായി തൊടുപുഴ ഉരുൾപൊട്ടുമൂലം അവശരായിത്തീർന്നവരെ സഹായിക്കുന്നതിനു് ആരംഭിച്ച ഒരു പദ്ധതിയുടെ പത്താമതു വാർഷികമാണു് നാം ഇന്നു ഘോഷിക്കുന്നതു്. പരിത്യാഗമാണു് ഈ പ്രസ്ഥാനത്തിന്റെ ജീവൻ. "പരിത്യാഗബാങ്കെ"ന്നിതിനു പേർപറയാം. ജീവകാരുണ്യപരമായ ആദർശത്തോടുകൂടി അനുകമ്പയാൽ പ്രേരിതരായി അന്നു് ആ ധീരാത്മാക്കൾ തുടങ്ങിയ പ്രസ്ഥാനം അന്നത്തെ ബ. വികാരിയച്ചന്റെ പരിലാളനയിൽ വിപുലതരവും ഉൽകൃഷ്ടതരവുമായിത്തീർന്നു. "ഈ പ്രസ്ഥാനത്തിൽ പങ്കുകൊള്ളുന്നവർ അവശരെ സംരക്ഷിക്കുക എന്ന ജീവകാരുണ്യപ്രവൃത്തിമാത്രമല്ല ചെയ്യുന്നതു്. അവർ, അനുവദനീയങ്ങളും മനുഷ്യർക്കു പ്രിയംകരങ്ങളുമായ ചില ആനന്ദങ്ങളെയും സൗകര്യങ്ങളെയും, ചിലപ്പോൾ ആവശ്യങ്ങളെപ്പോലും, ദൈവസ്നേഹത്തെപ്രതി ത്യജിക്കുന്നതുമൂലം അവരുടെ പുണ്യസമ്പത്തു വർദ്ധിക്കുന്നു; അവർ തങ്ങളെത്തന്നെ ജയിക്കുന്നു" എന്നു് അദ്ദേഹം പ്രസ്താവിച്ചതോടുകൂടി ഭക്തജനങ്ങൾ ധാരാളമായി ഈ "പരിത്യാഗബാങ്കിൽ" നിക്ഷേപിച്ചുതുടങ്ങി. അചിരേണ വിവിധ സംഘടനകളും ഇതിൽ പങ്കുകൊണ്ടു. യുവജനസമാജാംഗങ്ങൾ പുകവലി മുതലായ ദുശ്ശീലങ്ങൾ ഉപേക്ഷിച്ചു, സിനിമാ, നാടകം തുടങ്ങിയുള്ള വിനോദങ്ങൾ നിയന്ത്രിച്ചും ഇതിനെ പോഷിപ്പിച്ചു. ലീജിയൻ ഓഫ് മേരിയിലെ വനിതകൾ വസ്ത്രധാരണത്തിൽ മിതത്വം വരുത്തിയും സെന്റിനും പൌഡറിനും ധനംവ്യയം ചെയ്യാതെയും മറ്റുമാണു് ഗണ്യമായ സംഖ്യകൾ ഇതിൽ നിക്ഷേപിച്ചിട്ടുള്ളതു്. തൊഴിലാളിപ്രശ്നമാണല്ലോ ഇന്നത്തെ ചിന്തകന്മാരുടെ മസ്തിഷ്കങ്ങളെ ഭീഷണിപ്പെടുത്തിക്കൊണ്ടു നിലകൊള്ളുന്ന കീറാമുട്ടി. എന്നാൽ ഇവിടത്തെ സംതൃപ്തരായ തൊഴിലാളിസഹോദരന്മാർ, അദ്ധ്വാനിക്കുന്നവർക്കു ഒഴിച്ചുകൂടാത്തതെന്നു കരുതിപ്പോരുന്ന മദ്യപാനം നിയന്ത്രിക്കമാത്രമല്ല പരിപൂർണ്ണമായി വർജ്ജിക്കപോലും ചെയ്താണു് ഈ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിച്ചതെന്നും അവർ നിക്ഷേപിച്ചിട്ടുള്ള സംഖ്യ മറ്റാരുടേതിനെയുംകാൾ വളരെ അധികമാണെന്നും അഭിമാനത്തോടെ പ്രസ്താവിച്ചുകൊള്ളുന്നു. അവശരായിപ്പോയ അവരിൽ ചിലരുടെ കുടുംബാവശ്യങ്ങൾ നടത്തുന്നതിനും ഈ ധനം പ്രയോജകീഭവിക്കുന്നുണ്ടെന്നുള്ളതും ചാരിതാർത്ഥ്യജനകമാണു്.

തൊടുപുഴയും തൽപ്രദേശത്തും അവശത നീങ്ങിയതിനുശേഷമാണു് പുതിയ രംഗങ്ങളിലേക്കു് ഞങ്ങളുടെ ദൃഷ്ടി തിരിഞ്ഞതു്. വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ഏതാവശ്യത്തിലും ഈ സംഘടന ഉറച്ച താങ്ങായിരുന്നു. പല സാധുക്കൾക്കും വീടുവച്ചുകൊടുത്തു; പല പെൺകുട്ടികൾക്കും സ്ത്രീധനം നല്കി, സമർത്ഥന്മാരായ കുട്ടികൾക്കു വിദ്യാഭ്യാസത്തിനു ധനസഹായം നല്കി; പല മിഷൻരംഗങ്ങളിലേക്കും സാരമായ സഹായം നല്കാൻ ദൈവസഹായത്താൽകഴിഞ്ഞിട്ടുണ്ടു്." ഏവർക്കും സ്വാഗതം പറഞ്ഞുകൊണ്ടു സെക്രട്ടറി നിറുത്തി.

അദ്ധ്യക്ഷൻ ഉപക്രമപ്രസംഗം ആരംഭിച്ചു: "മലബാറിൽനിന്നാണു് ഞാൻ വരുന്നതെന്നും അവിടെ ഒരു ചെറിയ ഗ്രാമത്തിൽ കുടിയേറിപ്പാർത്ത കത്തോലിക്കരുടെ ആത്മീയാവശ്യങ്ങൾ നിർവ്വഹിക്കുന്നതിലാണു് ഞാൻ വ്യാപൃതനായിരിക്കുന്നതെന്നും നിങ്ങൾക്കറിയാമല്ലോ. ഞാൻ ഇവിടെ നിന്നാണു് അങ്ങോട്ടുപോയതെന്നുള്ള വിവരവും നിങ്ങളുടെ ഈ "പരിത്യാഗബാങ്കി"ന്റെ ആരംഭഘട്ടത്തിൽ ഈ വിനീതന്റെയും ആത്മാർത്ഥമായ സേവനങ്ങൾ അതിനു ലഭിച്ചിട്ടുണ്ടെന്നും പലരും അറിഞ്ഞിരിക്കയില്ല. (ഹസ്തതാഡനം) മാത്രമല്ല, നാടുവിട്ടശേഷം സാമ്പത്തികമായി വളരെ വൈഷമ്യങ്ങൾ നേരിട്ടതുമൂലം എന്റെ പിതാവിനു എന്റെ വിദ്യാഭ്യാസത്തിനു വേണ്ടിവന്ന ചെലവു വഹിക്കുവാൻ നിവൃത്തിയില്ലായിരുന്നതിനാൽ ഉന്നതവിദ്യാഭ്യാസം ചെയ്യുന്നതിനും വൈദികസെമിനാരിയിൽ പഠിക്കുന്നതിനും എനിക്കു് നിരന്തരം ധനസഹായം ചെയ്തതും നിങ്ങളുടെ ഈ "അക്ഷയ"മായ ബാങ്കാണെന്നും, ഞാനിന്നൊരു വൈദികനായിരിക്കുന്നെങ്കിൽ ആ മഹാഭാഗ്യത്തിനു ദൈവം കഴിഞ്ഞാൽ നിങ്ങളോടാണു് ഞാൻ ഏറ്റം അധികം കടപ്പെട്ടിരിക്കുന്നതെന്നും കൃതജ്ഞതാനിർഭരമായ ഹൃദയത്തോടുകൂടി ഞാൻ സവിനയം പ്രസ്താവിച്ചുകൊള്ളുന്നു." (ദീർഘനേരത്തേക്കു് ഹസ്തതാഡനം.)

"മാന്യരേ, ദീർഘമായി പ്രസംഗിക്കണമെന്നു ഞാനുദ്ദേശിക്കുന്നില്ല. അന്നു ബ. വികാരിയച്ചൻ പ്രസ്താവിക്കുകയുണ്ടായി ഈ പ്രസ്ഥാനം പരസേവനം ചെയ്യുന്നതോടൊപ്പം ധനത്യാഗവും സ്വയംപരിത്യാഗവും ആവശ്യപ്പെടുന്ന ഒന്നാകയാൽ "ഒരു വെടിക്കു രണ്ടുപക്ഷി" പോലെയാണെന്നു്. എന്നാൽ, നിങ്ങളുടെ ഈ പ്രസ്ഥാനം എത്ര ബാലഹൃദയങ്ങളെ ത്യാഗത്തിന്റെ ഉത്തമപാഠങ്ങൾ അഭ്യസിപ്പിക്കുന്നു! എത്ര യുവജനങ്ങൾക്കു പുണ്യജീവിതത്തിനു ഉത്തേജനം നല്കുന്നു! ക്രിസ്തീയസാഹോദര്യത്തെ എത്ര ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നു! എത്ര മിഷൻരംഗങ്ങളെ നിങ്ങളുടെ ത്യാഗശീലം പോഷിപ്പിക്കുന്നു. സർവ്വോപരി, നിങ്ങളുടെ സഹോദരങ്ങളും സ്വദേശികളും ഉത്തമകത്തോലിക്കരുമായവരുടെ—മലബാറിലേക്കു കുടിയേറിയിരിക്കുന്ന ഒരു ലക്ഷത്തോളം കത്തോലിക്കരുടെ — വിശ്വാസത്തെയും ഭക്തിയെയും സംരക്ഷിക്കുന്നതിനു് നിങ്ങൾ വഹിക്കുന്ന ഭാഗം എത്ര മഹത്തായതാണു്! ഞാൻ പറയുന്നു, "ഒരു വെടിക്കൊരു നൂറു പക്ഷി"യാണു് നിങ്ങളുടെ ഈ പ്രസ്ഥാനം. ദൈവം നൂറിരട്ടിയായി നിങ്ങളെ അനുഗ്രഹിക്കട്ടെ. "പരിത്യാഗബാങ്കി"ന്റെ ശാഖകൾ എല്ലാം ഇടവകകളിലും സ്ഥാപിതമാകട്ടെ.

ക്രിസ്മസ് കാർഡുകൾ
വില്പനയ്ക്കു തയ്യാർ
6ണ. 5ണ. 4ണ. 3ണ. — കച്ചവടക്കാർക്കു് പ്രത്യേക കമ്മീഷൻ.
മലബാർ ഫർണിച്ചർ മാർട്ട്, ബ്രോഡ്വേ, എറണാകുളം

## ഏകാന്തധ്യാനം

ഫാത്തിമാമാതാവിന്റെ ആഗമനത്തിനു് ഒരുക്കം

ഫാത്തിമാമാതാവിന്റെ ആഗമനത്തിനു് പ്രാരംഭമായി സ്ത്രീകളെ ഉദ്ദേശിച്ചു് ഒരു ഏകാന്തധ്യാനം എറണാകുളം സെന്റു മേരീസ് കോൺവന്റിൽവച്ചു് 1949 ഡിസംബർ 25-ാം തീയതി വൈകുന്നേരം ആരംഭിച്ചു് 29-ാം തീയതി രാവിലെ അവസാനിക്കത്തക്കവിധം നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ധ്യാനത്തിന്റെ അവസാനദിവസം സ്ഥലത്തെത്തുന്ന ഫാത്തിമാതിരുസ്വരൂപം സന്ദർശിച്ചു് വണങ്ങുവാൻ പ്രത്യേകം ഏർപ്പാടുചെയ്യുന്നതാണു്. "ധ്യാനഗുരു" റവ. ഫാ. മാത്യു മങ്കുഴിക്കരി. ഭക്ഷണച്ചെലവു് 5 ക. യിൽ കൂടുകയില്ല. താഴെ കാണുന്ന വിലാസത്തിൽ എഴുതുക.

റവ. മദർ സുപ്പീരിയർ
സെന്റു മേരീസ് കോൺവെന്റു്
എറണാകുളം—

## ലോകം മായാ

("മില്ലഗി"യിലെ) "തുമരാചാന്ദ്"മൈതേരിചാന്ദനി" എ. മ.

ഈ ലോകം മായമേ, മായം, മായമേ
വ്യാമോഹം കേവലം മായം മായമേ
(...ഓ......)
ധനസുഖമതിലേറും മോഹം മായമേ, ലോകം മായമേ
ഭോഗമതാകെ—ഭംഗുരമാകെ
വെറുമൊരു പ്രേമം താൻ
ശാശ്വതപരമാനന്ദം നല്കും—
ദൈവികമാം ബോധം—
വ്യാമോഹം കേവലം മായം മായമേ
ഈ ലോകം മായമേ, മായം, മായമേ
(ഓ......ധന......)
സൽകൃതി താനേ—സന്തതധനമേ
അഭിലഷണീയം താൻ
പാവനഹൃദയം നിതരാമെന്നും
മിന്നിടുമേ ഭ്രമേ
ഈ ലോകം മായമേ, മായം മായമേ
വ്യാമോഹം കേവലം മായം മായമേ
(ഓ......ധന......)

(വിദ്വാൻ ജോസഫ് പള്ളിപ്പാടൻ)

# നെടുവീർപ്പുകൾ

## തകർന്ന സ്മരണകളുടെ സമാഹാരം

(ജയിംസ് കെ. സി., മണിമല)

ഒരു മാസം കഴിഞ്ഞിരിക്കുന്നു, ആ ദാരുണസംഭവം നടന്നിട്ടു്. എണ്ണമററ മധുരഭാവനകളെ താലോലിച്ചിരുന്ന ഈ വിനീതതൂലിക എങ്ങനെ ആ തകർന്ന സ്മരണകൾ കുറിച്ചുകൂട്ടുന്നു?

* * *

ജീവിതത്തിന്റെ പിറകെ നില്ക്കാതെ ഓടുകയാണു മരണം. ആ നിർദ്ദയതാം എപ്പോഴാണു് അതിന്റെ വാമൂടികെട്ടുന്നതെന്നാരറിയുന്നു. ഔചിത്യമില്ലാത്ത ആ സംഹാരധീരൻ, ആരെയെന്നില്ലാതെ അനുനിമിഷം എത്ര വ്യക്തിത്വങ്ങൾ അടിച്ചാക്കുന്നില്ല? ഉണ്ണുമ്പോൾ, — ഉറങ്ങുമ്പോൾ, — ഉലാത്തുമ്പോൾ, അവിചാരിതമായി പ്രത്യക്ഷപ്പെട്ടു ചൂണ്ടുവിരൽ ഓങ്ങിക്കൊണ്ടു മൂകമായി ആജ്ഞാപിക്കുകയാണു "മതി" എന്നു്. ആർക്കും ആ ഗംഭീരമായ ആജ്ഞാശക്തിയെ ചെറുത്തുനില്ക്കാൻ സാദ്ധ്യമല്ല. കരച്ചിലിൽ ലയിക്കാതെ, ചിരിയുടെ മുമ്പിൽ കുലുങ്ങാതെ, ആ ഭീകരൻ നിശ്ചലനായി നിലകൊള്ളും. എങ്കിലും നിർദ്ദയനായ മരണമേ, ഇത്ര വേഗം നിങ്ങളെ അനാഥരാക്കി അശ്രുസമുദ്രത്തിലേക്കു തള്ളിവിടുമെന്നാരറിഞ്ഞിരുന്നു?

* * *

ചങ്ങനാശ്ശേരിയിലെ നഗരവീഥിയിൽ തള്ളിയലച്ച മനുഷ്യമഹാസമുദ്രത്തിന്റെ തരംഗപംക്തികളിലൂടെ ആ ഭൗതികാവശിഷ്ടം മന്ദം മന്ദം നീങ്ങി. പരിപൂർണ്ണനിശ്ശബ്ദത. ശ്രോത്രരന്ധ്രങ്ങളിൽ നീണ്ടുനീണ്ടിഴയുന്ന ശോകഗാനം മാത്രമെ ആ പരമമൂകതയുടെ ഹൃദയം പിളർന്നുള്ളു. തന്റെ അചഞ്ചലമായ തൂലികാവിലാസത്താൽ ഏതൊരു നഗരത്തെ അവിടുന്നു വിശ്വവിഖ്യാതമാക്കിത്തീർത്തുവോ, ആ വീഥിയിലൂടെ ഇതാ ആ അന്ത്യയാത്ര നീങ്ങുന്നു. എണ്ണമററ ജനതതിയുടെ കരഞ്ഞു കരിഞ്ഞ മുഖങ്ങളിൽ ഒരു പരമയാഥാർത്ഥ്യം നിഴലിച്ചു നില്ക്കുന്നു. "നിയതിയുടെ നിശ്ചിതകൃത്യങ്ങളെ നിയന്ത്രിക്കുവാൻ ആരും ഒരുങ്ങേണ്ടാ."

"ഭൂതിയും ഖ്യാതിയുമെല്ലാം നിലയററു നിപതിക്കുന്ന ആ ഭയനീയരംഗത്തെ ചങ്കൂററത്തോടെ അഭിമുഖീകരിക്കുവാൻ സന്നദ്ധരാകുക." നിത്യനിദ്രയിൽ നിർല്ലീനനായ വന്ദ്യതിരുമേനിയുടെ അധരപുടങ്ങളിൽ ആ ശോകാന്തരീക്ഷത്തിൽ ഉയർന്നു വ്യാപിച്ച ഒരു സന്ദേശമാണതു്. പക്ഷികൾ അതേററുപാടാനൊരുങ്ങിയിരിക്കണം. പക്ഷെ അവററയുടെ സ്വരമുയർന്നില്ല.

* * *

പകലിന്റെ ചരമദശ. ഭാനുമാൻ പടിഞ്ഞാറെ കടൽക്കരയിൽ ചെന്നു നിന്നു വെമ്പലോടെ നോക്കുകയാണു്. വിണ്ടലത്തിലെ നിരന്ധ്രനീലിമയിൽ ഉറങ്ങിക്കിടന്നിരുന്ന ഉഡുരാശികൾ പകലിന്റെ നെടുവീർപ്പുകൾ കേട്ടു ഞെട്ടിയുണർന്നു. അവ കണ്ണുചിമ്മാതെ നോക്കിനിന്നതു ചങ്ങനാശ്ശേരി ഭദ്രാസനപ്പള്ളിയിലേക്കാണു്. ദൈവദൂതന്മാരുടെ വെള്ളിവിമാനങ്ങൾപോലെ ധവളമേഘങ്ങൾ അണിയണിയായി നീങ്ങി. വന്ദ്യതിരുമേനിയെ അവസാനമായി ഒരു നോക്കുകാണുവാൻ ജനാവലി ആകാംക്ഷാഭരിതരായി നിലകൊണ്ടു. ആ നിശ്ശബ്ദാന്തരീക്ഷത്തിൽ ഒരു നിസ്സാരചലനംപോലുമുണ്ടായില്ല.

അതിവന്ദ്യമെത്രാപ്പോലീത്താ തിരുമനസ്സിലെ അന്ത്യപരികർമ്മങ്ങളുടെ പരമസാഫല്യതയിൽ ലയിച്ചു നമ്മുടെ സ്നേഹപിതാവു് ഇതാ തന്റെ ഭദ്രാസനദേവാലയത്തിൽ നിത്യവിശ്രമം കൊള്ളുന്നു. അനന്തതയിലേക്കു് ഓടിപ്പോയ ആ ജീവിതത്തിനു ചില കിരണജ്യോതിസ്സുകളുണ്ടു്. അചഞ്ചലവിശ്വാസം, ആത്മധൈര്യം; അഖണ്ഡഭക്തി, അനന്യനാദർശങ്ങൾ; അഗാധചിന്തനങ്ങൾ. മായിച്ചാൽ മായാത്ത മഹനീയമുദ്രകളായി അവിടുത്തെ ജീവിതത്തിൽ തിളങ്ങി നില്ക്കുന്ന അലിഖിതാക്ഷരങ്ങളാണവ. മരണത്തെ വെല്ലുവിളിച്ചുകൊണ്ടു് ഇനിയും ജീവിക്കുന്ന ആ വ്യക്തിമാഹാത്മ്യം എത്ര ആരാധ്യമല്ല?

ലോകത്തെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്ന എത്ര ജീവിതങ്ങൾ അങ്ങനെ നീണ്ടു നീണ്ടു നില്ക്കുന്നില്ല? വിപ്ലവവും കൂട്ടക്കൊലയുംകൊണ്ടു രക്തക്കടലിൽ നീന്തിക്കുളിക്കുന്ന നേതൃമ്മന്യന്മാർ; സാധുക്കളുടെ അവസാനത്തെ ചില്ലിക്കാശുവരെ കുത്തിക്കവരുന്ന ഭീകരപ്രവർത്തകർ; വനിതാമണികളുടെ ചാരിത്രത്തെ ചവിട്ടിത്തേക്കുന്ന വിടപ്രഭുക്കൾ; ഇരുളിന്റെ ഏകാന്തതയിൽ ഓടിനടന്നു "മുതലെടുക്കുന്ന" മോഷ്ടാക്കൾ, എന്നിങ്ങനെ നീണ്ടുപോകുന്നു ഉദാഹരണങ്ങളുടെ പട്ടിക.

ക്ഷമിക്കണേ! അജ്ഞതയുടെ പാരമ്യം! അന്ധതയുടെ പാരുഷ്യം!!

കൂരിരുൾപ്പാറകൾ കീറിപ്പിളർക്കുന്ന മിന്നൽപ്പിണരിന്റെ ക്ഷണികത എത്ര അഭികാമ്യമല്ല? മേഘമാലകൾക്കു വർണ്ണഭംഗി ചാർത്തുന്ന മഴവില്ലിന്റെ നൈമിഷികത്വം എത്ര ആരാധ്യമല്ല? വിരിഞ്ഞു വ്യാപിക്കുന്ന ഇരുൾപ്പരപ്പിൽ തങ്കരേഖകൾ ചേർക്കുന്ന മിന്നാമിനുങ്ങിന്റെ ഹ്രസ്വജീവിതം എത്ര ആകർഷകമല്ല?!!

* * *

അതിവന്ദ്യതാതാ! മറന്നാലും മറക്കാത്ത അവിടുത്തെ മധുരസ്മരണകളുടെ കിരണങ്ങൾ ഞങ്ങളുടെ ഹൃദയസരസ്സുകളിലെ കൊച്ചോളങ്ങളിൽ കിക്കിളിയിളക്കട്ടെ. കണ്ണീരിൽ നനഞ്ഞ കൂപ്പുകൈകൾ മാത്രം ഞങ്ങൾ സമർപ്പിച്ചുകൊള്ളട്ടെ. നെടുവീർപ്പുകൾ തിങ്ങിനിറഞ്ഞ ഹൃദയങ്ങളിൽനിന്നു തള്ളിപ്പുറപ്പെടുന്ന സ്മരണകൾ ഇതാ തകർന്നു ചിതറിപ്പോകുന്നു. "സത്യദീപ"ത്തിന്റെ വെളിച്ചത്തിൽ അവ ഒട്ടെല്ലാം വാരിയെടുത്തു അവിടുത്തെ സമാനനാമധാരിയായ ഈ വിനീതൻ ഇങ്ങനെയൊരു ശിഥിലഹാരം ചമച്ചുവയ്ക്കുവാൻ പണിപ്പെട്ടതു് അവിവേകമെങ്കിൽ മാപ്പുതരണേ!

ഇതാ തയ്യാറായിരിക്കുന്നു!

**ഫാത്തിമാ മാതാവിനോടുള്ള പ്രാർത്ഥനകൾ**

തീർത്ഥാടനകന്യകയുടെ മുമ്പിൽ ഒരു മണിക്കൂർ കഴിക്കേണ്ടവിധം, ഗാനങ്ങൾ, മാതാവിന്റെ വിമലഹൃദയത്തോടുള്ള പ്രതിഷ്ഠാജപം, പരിഹാരജപം, പരിഹാരനൊവേന, ഫാത്തിമാ സന്ദേശസംഗ്രഹം മുതലായവ അടങ്ങിയിരിക്കുന്ന ഒരു ചെറിയ പ്രാർത്ഥനപ്പുസ്തകം.

ഒററപ്രതിക്കു് വില 3 ണ.

കച്ചവടക്കാർക്കു ആകർഷകമായ കമ്മീഷൻ

മാനേജർ, സെൻറ് ജോസഫ്സ് പ്രസ്സ്
തിരുവനന്തപുരം

## ഫാത്തിമായിലെ കുട്ടികൾ

(10-ാം പേജു് തുടർച്ച)

രുമിന്നലുണ്ടായതു നിങ്ങൾ കണ്ടില്ലേ?" ലൂസി ചോദിച്ചു. ലൂസി കാണിച്ചിടത്തേക്കു് ജസീന്തയും ഫ്രാൻസിസും ആവേശപൂർവ്വം തിരിഞ്ഞുനോക്കി.

വാഗ്ദാനമനുസരിച്ചു് സ്ത്രീ അതാ വന്നുനില്ക്കുന്നു. ഒരു മാസംമുമ്പു കാണപ്പെട്ടതുപോലെ സ്വർണ്ണരജതവസ്ത്രങ്ങളണിഞ്ഞു് കളങ്കരഹിതയായും മനോഹാരിണിയായും ഓക്കുവൃക്ഷത്തിന്റെ അഗ്രത്തിൽ ആ മാന്യ നില്ക്കുന്നു.

അത്ഭുതകരമായ സന്തോഷത്താൽ നിറഞ്ഞ ഹൃദയത്തോടെ കുട്ടികൾ ഓടിയടുത്തു. പ്രത്യേകിച്ചു ലൂസി സന്തോഷമടക്കാൻ പാടില്ലാതെ ചോദിച്ചു:- "ഞാൻ എന്തു ചെയ്യണമെന്നാണു് അങ്ങു് ആവശ്യപ്പെടുന്നതു്?"

കരുണാർദ്രമായ മന്ദഹാസം പൊഴിച്ചുകൊണ്ടു് ആ സ്ത്രീ അവരുടെ നേരെ നോക്കി. "ദൈനംദിനം ജപമാലയെത്തിക്കുന്ന പതിവു തുടരുക. ഓരോ രഹസ്യത്തിന്റെയും അന്ത്യത്തിലുള്ള ത്രിത്വസ്തുതിക്കുശേഷം ഈ വാക്കുകൾകൂടി ചേർത്തു ചൊല്ലുക:- ഓ, ഈശോ! ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ. നരകാഗ്നിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എല്ലാ ആത്മാക്കളെയും, പ്രത്യേകിച്ചു് അവിടുത്തെ കരുണ ഏററവും കൂടുതൽ ആവശ്യമായിരിക്കുന്ന ആത്മാക്കളെ, അവിടുന്നു സ്വർഗ്ഗത്തിലേക്കു് എടുക്കണമേ."

ആ സ്വരം കർണ്ണപീയൂഷമായ സംഗീതംപോലെയായിരുന്നു. ലൂസിയും ജസീന്തയും അതുകേട്ടു് ആനന്ദതുന്ദിലരായി. ഫ്രാൻസിസിനു് ഇതൊന്നും കേൾക്കുവാൻ കഴിഞ്ഞില്ലെങ്കിലും ആവലാതിപ്പെട്ടില്ല. മുൻപൊക്കെ പ്രാർത്ഥനയിൽ മടി കാണിച്ചതും കൊന്തയെത്തിക്കാതിരുന്നതുമാണു് ഇതിനു കാരണമെന്നു് അവൻ വിശ്വസിച്ചു. തനിക്കു ദർശനമനുവദിക്കുന്നതിനും, കൊന്തയുടെ മാഹാത്മ്യവും, ആത്മാക്കളെ രക്ഷിക്കുന്നതിൽ അതിനുള്ള അത്ഭുതാവഹമായ കഴിവും, ഇപ്പോഴെങ്കിലും മനസ്സിലായതിനും അവൻ അവരോടു് അത്യന്തം കൃതജ്ഞനായിരുന്നു.

ഏതാനും നിമിഷങ്ങൾ അങ്ങനെ കഴിഞ്ഞുപോയി. ആ മാന്യ വീണ്ടും ലൂസിയോടു സംസാരിച്ചുകൊണ്ടിരുന്നു. എഴുത്തു പഠിക്കണമെന്നും, പാപികൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന കാര്യം അവളും അവളുടെ കൂട്ടുകാരും ഓർമ്മിക്കണമെന്നും ആ സ്ത്രീ ലൂസിയെ ഉൽബോധിപ്പിച്ചു.

"വളരെ ആത്മാക്കൾ നരകത്തിൽ പോകുന്നുണ്ടു്; അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും ത്യാഗങ്ങൾ സഹിക്കുന്നതിനും ആരുമില്ലാത്തതാണു് കാരണം." സ്ത്രീ സഗൗരവം പറഞ്ഞു.

"നരകം." എന്നു കേട്ടപ്പോൾ പെട്ടെന്നു് ലൂസിയുടെ ഹൃദയത്തിൽ, ഒരു സംഭ്രമമുണ്ടായി. ആ ഘോരമായ സ്ഥലത്തെക്കുറിച്ചു് അവൾക്കു വലിയ ഭയമാണെന്നു; ഉടൻതന്നെ തന്നെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകണമെന്നും ലൂസി അവരോടപേക്ഷിച്ചു.

ആ സൗന്ദര്യധാമം സ്വർഗ്ഗത്തിൽനിന്നാണു വന്നതെന്നു മുമ്പു പറഞ്ഞിട്ടുള്ളതിനാൽ അതു തീർച്ചയായും സാധിക്കുമെന്നു് അവൾ വിശ്വസിച്ചു.

"ജസീന്തയേയും ഫ്രാൻസിസിനെയുംകൂടി ദയവായി കൊണ്ടുപോകണേ!" അവൾ യാചിച്ചു.

"അവരെ ഞാൻ വേഗംതന്നെ കൊണ്ടുപോകും. പക്ഷേ നീ കുറേക്കാലംകൂടി ഇവിടെ താമസിക്കണം." ദർശനം തലകുലുക്കിക്കൊണ്ടു പറഞ്ഞു.

ലൂസി കണ്ണുനീർ പൊഴിച്ചു. അവളുടെ ഹൃദയം ദുഃഖപൂർണ്ണമായി. സ്നേഹപൂർവ്വം അവളെ കടാക്ഷിച്ചു സാന്ത്വനപ്പെടുത്തിക്കൊണ്ടു് അവർ പറഞ്ഞു:- "എന്റെ പുത്രൻ നിനക്കായി ചില ജോലികൾ വച്ചിട്ടുണ്ടു്. എന്റെ വിമല ഹൃദയത്തോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിനു നിന്നെ ഉപകരണമാക്കുവാൻ അവിടുന്നു് ആഗ്രഹിക്കുന്നു."

ശങ്കാധീനയായി ലൂസി അവരുടെ മുഖത്തു സൂക്ഷിച്ചു നോക്കി. ഇതിലെന്തോ പിശകുണ്ടു്. ഫ്രാൻസിസിനെയും ജസീന്തയേയും കൂടാതെ തന്നെക്കൊണ്ടു് എന്തെങ്കിലും ചെയ്യിക്കാമെന്നു് ആ സ്ത്രീക്കു് എങ്ങനെ പ്രതീക്ഷിക്കാം! വിമലഹൃദയം—! അതുതന്നെ എന്താണു്?

## സംഭവകഥകൾ

### പരി: കർബാനയുടെ വാഴ്‌വ്

അഖിലലോകപ്രസിദ്ധയായ ഒരു സിനിമാതാരം ഒരിക്കൽ ഇംഗ്ലണ്ടിലെ തന്റെ ഒരു പഴയ സ്നേഹിതയെ സന്ദർശിക്കുന്നതിനായി ചെന്നു. ചായ കഴിച്ചുകൊണ്ടിരിക്കയിൽ സന്ദർശക ചോദിച്ചു: "ഈ സായാഹ്നത്തിൽ ഞാൻ നിങ്ങളെ സന്ദർശിച്ചില്ലായിരുന്നെങ്കിൽ, നിങ്ങളിപ്പോൾ എന്തു ചെയ്യുകയായിരിക്കുമായിരുന്നു?"

"ഞാൻ വാഴ്‌വു കൂടുവാനായി പള്ളിയിൽ പോയിരിക്കുമായിരുന്നു."

"പള്ളിയിലോ? എന്നാലതു ഞാൻ കാരണം മുടക്കേണ്ട. ഞാനും നിങ്ങളുടെകൂടെ പള്ളിയിലേക്കു വരാം."

പ്രത്യേക മതമൊന്നുമില്ലായിരുന്ന ആ സിനിമാതാരം സ്വസ്നേഹിതയെ പള്ളിയിലേക്കു അനുഗമിച്ചു. ദേവാലയച്ചടങ്ങുകൾ സിനിമാതാരത്തിനെ ഹഠാദാകർഷിച്ചു മടങ്ങിവരുംവഴി അവർ സ്നേഹിതയോടു ചോദിച്ചു:- "അവസാനം ആ തിരികളെല്ലാം കത്തിച്ചശേഷം നടന്നതെന്താണു്?"

കത്തോലിക്കായുവതി പരിശുദ്ധ കുർബാനയുടെ വാഴ്‌വിനെപ്പററി തനിക്കറിയാവുന്നതെല്ലാം സ്നേഹിതയെ പറഞ്ഞു കേൾപ്പിച്ചു. സിനിമാതാരം എല്ലാം ശ്രദ്ധാപൂർവ്വം കേട്ടശേഷം അവസാനം ചോദിച്ചു:

"നിങ്ങൾ അരുളിക്കാ എന്നു വിളിക്കുന്ന ആ സാധനത്തിൽ ദൈവംതന്നെ എഴുന്നള്ളിയിരുന്നുവെന്നാണോ പറഞ്ഞതു്? — ആകാശവും ഭൂമിയും സൃഷ്ടിച്ച ദൈവം. നിങ്ങൾ അതു യഥാർത്ഥത്തിൽ വിശ്വസിക്കുന്നുണ്ടോ?"

"ഉണ്ടു്", കത്തോലിക്കരെല്ലാം അതു വിശ്വസിക്കുന്നുണ്ടു്."

"പക്ഷെ, ഞാനതു വിശ്വസിച്ചിരുന്നെങ്കിൽ, ഞാൻ യാതൊരു കാരണവശാലും വാഴ്‌വിനു പോകുന്നതിൽ ഉപേക്ഷ വരുത്തുകയില്ലായിരുന്നു. ഞായറാഴ്ച മാത്രമല്ല, ഇടദിവസങ്ങളിൽ വാഴ്‌വു് ഉണ്ടാകയാണെങ്കിൽ ആ ദിവസങ്ങളിലും പോകുമായിരുന്നു. മററു കാര്യങ്ങൾ നീക്കിവയ്ക്കാൻ ഒരിക്കലും മടിക്കയില്ലായിരുന്നു."

### മുട്ടുകുത്തണം

പ്രോട്ടസ്റ്റൻറുകാരനായ ഒരു ശില്പവിദഗ്ദ്ധൻ ഒരു കത്തോലിക്കാദേവാലയം കാണുന്നതിനായി പോയി. അയാളെ പള്ളി കാണിച്ചുകൊടുക്കുന്നതിനായി കൊണ്ടുനടന്ന ബാലൻ അൾത്താരസ്ക്കൂട്ടത്തുകൂടി കടന്നുപോയപ്പോൾ മുട്ടുകുത്തി. അതു കണ്ടപ്പോൾ പ്രോട്ടസ്റ്റൻറുകാരൻ ചോദിച്ചു:

"നീ എന്തിനാണു" അങ്ങനെ ചെയ്തതു്?"

"അൾത്താരയിൽ പരിശുദ്ധ കുർബാന എഴുന്നള്ളിച്ചു വച്ചിട്ടുള്ളതുകൊണ്ടു്."

"അതിന്റെ അർത്ഥം മനസ്സിലായില്ലല്ലോ."

ബാലൻ പരിശുദ്ധ കുർബാനയിൽ വസ്തുഭേദം സംഭവിക്കുന്ന കാര്യമെല്ലാം സന്ദർശകനെ പറഞ്ഞുകേൾപ്പിച്ചു.

"അപ്പോൾ ക്രിസ്തു സക്രാരിയിൽ സന്നിഹിതനാണെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?"

"ഉവ്വ്."

"ഞാനാണു് അതു വിശ്വസിച്ചിരുന്നതെങ്കിൽ ഞാൻ പള്ളിയിലേക്കു് മുട്ടുകുത്തി കയറുമായിരുന്നു."

അപ്പോൾ ആ ബാലനു് ലജ്ജതോന്നി. കാരണം അവൻ മുട്ടുകുത്തി ആചാരം ചെയ്തതുതന്നെ ശരിയായ വിധത്തിലല്ലായിരുന്നു.

[റോമിലെ "സ്കാല സാന്താ" എന്ന പടികൾ തീർത്ഥകർ മുട്ടുകുത്തി കയറാറുണ്ടു്. അതുപോലെ നമ്മുടെ ദേവാലയത്തിൽ മുട്ടുകുത്തിക്കയറാൻ നാം നിർബദ്ധരല്ല. പക്ഷെ ദേവാലയത്തിൽ പ്രവേശിക്കുമ്പോൾ മുട്ടുകുത്തി ആചാരം ചെയ്യുന്നതു വിനയസമേതവും ഭക്തിസംവർദ്ധകമായ വിധത്തിലുമായിരിക്കട്ടെ.]

## നിങ്ങൾക്കറിയാമോ?

(3-ാം പേജു് തുടർച്ച)

(ഉത്തരങ്ങൾ)

1 1919 ഏപ്രിൽ 4-ാംനു-

2 1920 ഫെബ്രുവരി 20-ാംനു-

3 ആദ്യശനിയാഴ്ചാചരണം. തത്സംബന്ധമായി മാതാവു് ഇപ്രകാരം അരുളിച്ചെയ്തു: "തുടർച്ചയായി 5 മാസത്തിന്റെ ആദ്യശനിയാഴ്ചകളിൽ, എന്റെ വിമലഹൃദയത്തിനെതിരായി ചെയ്യപ്പെടുന്ന ദ്രോഹങ്ങൾക്കു പരിഹാരമായി കുമ്പസാരിക്കുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ജപമാലചൊല്ലുകയും അതിന്റെ രഹസ്യങ്ങളെക്കുറിച്ചു ധ്യാനിച്ചുകൊണ്ടു കാൽമണിക്കൂർ നേരമെങ്കിലും എന്നോടുകൂടി സഹവസിക്കുകയും ചെയ്യുന്നവരെയെല്ലാം അവരുടെ മരണസമയത്തു് നിത്യരക്ഷയ്ക്കാവശ്യമായ അനുഗ്രഹങ്ങൾ നല്കി ഞാൻ സഹായിക്കുന്നതാണു്."

# ഫാത്തിമായിലെ കുട്ടികൾ

അദ്ധ്യായം 3

## വീണ്ടും ദർശനം

പിറേറ ദിവസം രാവിലെ കുട്ടികളുടെ അമ്മ ലൂസിയുടെ വീട്ടിലേക്ക തിരിച്ചു. ആ സ്ത്രീക്ക വല്ലാത്ത അസ്വാസ്ഥ്യവും കുണ്ഠിതവും തോന്നി.

ദർശനത്തെപ്പററി കേട്ടപ്പോൾ ലൂസിയുടെ അമ്മയ്ക്കു കലശലായ ദേഷ്യമുണ്ടായി. ലൂസി കള്ളമാണു പറയുന്നതെന്നു കരുതി അവർ ആ സാധുപെൺകുട്ടിയെ ശിക്ഷിക്കയും ചെയ്തു.

"മേലാൽ ഇത്തരം പച്ചക്കള്ളം എന്നോടു പറയരുതു." അവർ മകളെ ശാസിച്ചു.

താൻ നിരപരാധിയാണെന്നു ലൂസി ഗൽഗദസ്വരത്തിൽ വീണ്ടും വീണ്ടും പറഞ്ഞു.

"അങ്ങനെയെങ്കിൽ ആ സ്ത്രീയുടെ പേരെന്തു? ആ സ്ത്രീ അത്ര മനോഹരിയാണെങ്കിൽ വിജനമായ ആ മേച്ചിൽസ്ഥലത്തു അവർ സമയം പാഴാക്കിക്കളയുന്നതെന്തിനു?" അമ്മ ചോദിച്ചു.

"സ്ത്രീ ഞങ്ങളോടു പേരു പറഞ്ഞില്ല.



അടുത്ത ഒക്ടോബറിൽ പറയാമെന്നാണു ഞങ്ങളെ അറിയിച്ചതു.......... കോവാ ദെ ഈറിയായിൽ വന്നതു എന്തിനാണെന്നു എനിക്കറിഞ്ഞുകൂടാ..." ലൂസി കണ്ണീരോടുകൂടി പറഞ്ഞു.

ദുശ്ശാഠ്യക്കാരിയായ ആ പെൺകുട്ടിയെ ഇടവകവികാരിയച്ചന്റെ അടുക്കൽ കൊണ്ടുചെല്ലാമെന്നുതന്നെ അവർ തീരുമാനിച്ചു. പക്ഷേ ഒരു നല്ല കുമ്പസാരം കഴിച്ചാൽ—

"എല്ലാം ശരിപ്പെടും." അമ്മ പൂരിപ്പിച്ചു.

തന്റെ കുട്ടികളെക്കൂടി അച്ചന്റെ അടുക്കൽ കൊണ്ടുപോകണമെന്നു ജസീന്തായുടെയും ഫ്രാൻസിസിന്റെയും അമ്മ നിശ്ചയിച്ചു. "അവർ കുമ്പസാരിക്കാറായിട്ടില്ലെങ്കിലും അച്ചന്റെ പക്കൽ കൊണ്ടുചെന്നാൽ ഈ നുണതന്നെ അദ്ദേഹത്തോടും പറയുമോ എന്നു അറിയാമല്ലോ." അവർ അഭിപ്രായപ്പെട്ടു.

ആദ്യം ലൂസിയെ തനിച്ചും, പിന്നീടു മററു രണ്ടു കുട്ടികളെയും വികാരിയച്ചന്റെ അടുക്കൽ കൊണ്ടുചെന്നു. ആ കൊച്ചുകുട്ടികൾ വളരെ ഭയപ്പെട്ടിരുന്നെങ്കിലും അവർ പറഞ്ഞ കഥയ്ക്കു യാതൊരു മാററവും ഉണ്ടായില്ല. പുതിയതരം ശിക്ഷകൾകൊണ്ടു കുടുംബാംഗങ്ങൾ അവരെ ഭീഷണിപ്പെടുത്തിയിട്ടും, നിഷ്കളങ്കരായ ആ കുട്ടികൾ ദർശനത്തെപ്പററി ഒരു വാക്കുപോലും മാററിപ്പറഞ്ഞില്ല.

"എന്റെ ദൈവമേ ഞങ്ങൾക്ക എന്താണോ വന്നുചേരുവാൻ പോകുന്നതു! ഈ കുട്ടികൾ ഇങ്ങനെ പറയുന്നതു കേൾക്കുമ്പോൾ ആളുകൾ എന്തൊക്കെ പറഞ്ഞുപിടിപ്പിക്കുമോ?" ലൂസിയുടെ അമ്മ വിലപിച്ചു.

വികാരിയച്ചൻ മന്ദഹസിച്ചു. ദർശനത്തെക്കുറിച്ചു ആ കുട്ടികൾ പറഞ്ഞതു മുഴുവൻ വിശ്വസിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ലെങ്കിലും, അവർ മനഃപൂർവ്വം കള്ളം പറകയാണെന്നു അദ്ദേഹം വിചാരിച്ചില്ല. വിചാരിക്കുവാനും അദ്ദേഹത്തിനു പ്രയാസമായിരുന്നു. കുട്ടികളെ അദ്ദേഹത്തിനു അത്രത്തോളം പരിചയമുണ്ടായിരുന്നു. ദർശനം സംബന്ധിച്ച കഥ അവർക്കു മനസ്സിലാകത്തക്ക വിധത്തിൽ ആ സ്ത്രീകളെ അദ്ദേഹം പറഞ്ഞുകേൾപ്പിച്ചു. വിജനപ്രദേശത്തു ആടുകളെ മേച്ചുകൊണ്ടു ദീർഘനേരം കഴിച്ചുകൂട്ടിയപ്പോൾ മുഷിഞ്ഞതുകൊണ്ടു കൂട്ടുകാരെ കിട്ടുവാനും ഒരുമിച്ചു കളിക്കാനും അവർ ആഗ്രഹിച്ചിരിക്കാം. അവരുടെ ആഗ്രഹങ്ങൾ ശക്തിപ്രാപിച്ചപ്പോൾ ജപമാലയേയും ആത്മാക്കളുടെ രക്ഷയെക്കുറിച്ചു അവരോടു സംസാരിച്ച സ്വർഗ്ഗാങ്കിതവ

സ്ത്രാലംകൃതയായ ഒരു സുന്ദരിയെ തങ്ങളുടെ ഭാവനയിൽ കണ്ടിരിക്കാം. അവരുടെ സങ്കല്പങ്ങൾ യഥാർത്ഥമായിത്തീർന്നു എന്നു അവർ തെററിദ്ധരിക്കയും ചെയ്തിരിക്കണം. അതുകൊണ്ടു അവർ മനഃപൂർവ്വം കള്ളം പറകയാണെന്നു വിചാരിച്ചുകൂടാ. മേലാൽ അവരെ ഇക്കാര്യത്തിനു ശിക്ഷിക്കരുതു." വികാരിയച്ചൻ ആ മാതാക്കളെ ഉപദേശിച്ചു.

വികാരിയച്ചന്റെ വാക്കുകൾ കേട്ടു ഒരുവിധം ആശ്വാസത്തോടുകൂടി ആ സ്ത്രീകൾ വീട്ടിലേക്ക മടങ്ങി.

"അച്ചൻ വളരെ വിവേകമുള്ള ഒരു ആളാണു. അദ്ദേഹം പറയുന്നതുപോലെ കേൾക്കണം." ലൂസിയുടെ അമ്മ പറഞ്ഞു.

"തീർച്ചയായും. നാം വിചാരിച്ചതുപോലെ കുട്ടികൾ നമ്മോടു കള്ളമല്ല പറഞ്ഞതു. അതെല്ലാം അവരുടെ ഭാവനകളായിരുന്നു" ജസീന്തായുടെ അമ്മ പ്രതിവചിച്ചു.

"പക്ഷേ ഇപ്പോൾ എന്താണു ചെയ്യേണ്ടതു?"

"ഒന്നും ചെയ്യേണ്ടതില്ല."

"ഒന്നും വേണ്ടയോ? അടുത്തമാസം 13-ാം തീയതിയും അവരെ കോവാ ദെ ഈറിയായിലേക്ക അയക്കണമെന്നാണോ പറയുന്നതു?" ലൂസിയുടെ അമ്മ ഈർഷ്യയോടുകൂടി ചോദിച്ചു.

"അതാണു നല്ലതു. അവരുടെ പിള്ളകളിയിൽ നാം ശ്രദ്ധിക്കുന്നില്ലെന്നു കാണുമ്പോൾ അവരുടെ താൽപര്യം താനേ കുറയും." ജസീന്തായുടെ അമ്മ ഉറപ്പിച്ചുപറഞ്ഞു.

പക്ഷേ ജസീന്തായുടെ അമ്മ വിചാരിച്ചതുപോലെയല്ല സംഗതികൾ പുരോഗമിച്ചതു. ദിവസങ്ങൾ കഴിയുംതോറും കുട്ടികൾ ആ സ്വർഗ്ഗീയസുന്ദരിയിൽ കൂടുതൽ കൂടുതൽ ലീനചിത്തരായിത്തീർന്നു. അവർ കൊന്ത മുടങ്ങാതെ ചൊല്ലിവന്നു എന്നു മാത്രമല്ല, അതു ശരിയായ വിധത്തിലുമാക്കി. പ്രാർത്ഥനകളും ത്യാഗങ്ങളുംമൂലം പാപികൾ മാനസാന്തരപ്പെടുകയും യുദ്ധം പെട്ടെന്നു അവസാനിക്കയും ചെയ്യുമെന്നു. അവർക്ക ബോദ്ധ്യമായി.

ജൂൺ 12-ാം നു-യായി ലൂസിക്ക പെട്ടെന്നു ഒരു പരിവർത്തനം! അവൾ പിറേറദിവസം കോവാ ദെ ഈറിയായിലേക്ക പോകാതെ, അവളുടെ അമ്മയുടെ കൂടെ വിശുദ്ധ ആന്റണിയുടെ തിരുനാളിനു പോർട്ടോ ദി മോസിലേക്ക പോകാൻ തീർച്ചപ്പെടുത്തി.

"മററു പിള്ളാരെപ്പോലെ നാം പെരുന്നാൾ കൂടുവാൻ പോകയാണു വേണ്ടതെന്നു ഞാൻ വിചാരിക്കുന്നു. നിങ്ങൾകൂടി വരുമോ?" അവൾ ജസീന്തായെയും ഫ്രാൻസിസിനെയും പ്രേരിപ്പിച്ചു.

ലൂസിയുടെ ഈ പുതിയ നിശ്ചയം അവരെ വല്ലാതെ സംഭ്രമിപ്പിച്ചു. "നീ എന്താണിങ്ങനെ പറയുന്നതു? നാളെ നാം അവിടെ ചെല്ലണമെന്നു ആ മാന്യസ്ത്രീ പറഞ്ഞതു നിനക്കറിഞ്ഞുകൂടയോ?" ഫ്രാൻസിസും ജസീന്തായും ചോദിച്ചു.

"മാന്യസ്ത്രീ!— അവർ ആരാണെന്നു ഞാൻ പറയട്ടെ?"

"ആരാ?"

"ആ സ്ത്രീ നരകത്തിൽനിന്നു വന്നതായിരിക്കും."

"എന്റെ ലൂസീ!"

"അങ്ങനെതന്നെ. അവർ ഒരുപക്ഷേ പിശാചായിരിക്കും. നാം അടുത്തതെങ്ങും പോകരുതു."

ഇതു കേട്ട ജസീന്ത ഹൃദയം പൊട്ടുമാറു പൊട്ടിക്കരഞ്ഞു. അത്ര മനോഹരിയായ ആ മാന്യസ്ത്രീ എങ്ങനെ ഒരു പിശാചായിരിക്കും? അതു പറയുന്നതുതന്നെ ഭയങ്കരമാണു!

ലൂസി ജസീന്തായെ ആശ്വസിപ്പിക്കുവാൻ നോക്കി.

"കരയാതെ, ജസീന്താ. ആ സ്ത്രീ ഒരു പിശാചായിരിക്കാമെന്നല്ലേ ഞാൻ പറഞ്ഞുള്ളു? പിശാചാണെന്നു പറഞ്ഞില്ലല്ലോ. നാളെ നിങ്ങളോടു എന്നെപ്പററി ചോദിക്കയാണെങ്കിൽ പേടിച്ചിട്ടാണു ഞാൻ പോരാഞ്ഞതെന്നു പറഞ്ഞേക്കണം, കേട്ടോ?"

ജസീന്ത അതുകൊണ്ടൊന്നും അടങ്ങിയില്ല.

"ലൂസിയെക്കൂടാതെ ഞങ്ങൾക്കു പോകാൻ നിവൃത്തിയില്ലെന്നു ലൂസിക്കറിയാമല്ലോ." ഫ്രാൻസിസ് ചോദിച്ചു.

"ഭയമെന്താണു?"

"ആ സ്ത്രീ ഞങ്ങളോടു ഒന്നും പറയുന്നില്ല. നിന്നോടു സംസാരിക്കുന്നുണ്ടു."

ജസീന്തായുടെ കണ്ണുനീരിനോ, ഫ്രാൻസിസിന്റെ ന്യായവാദത്തിനോ ലൂസിയുടെ മനസ്സിളക്കുവാൻ കഴിഞ്ഞില്ല. കാരണം, അവളുടെ അമ്മയുടെ ശകാരം അവൾ മറന്നിട്ടില്ലായിരുന്നു.

"ഇനിയും തല്ലുകൊള്ളാൻ എനിക്ക വയ്യാ. നിങ്ങൾ രണ്ടുപേരും നാളെ



കോവാ ദെ ഈറിയായിൽ പോകാൻ വിചാരിക്കുന്നുണ്ടെങ്കിൽ നിങ്ങൾ തനിച്ചു പൊയ്ക്കൊള്ളുകേ വേണ്ടൂ" ലൂസി തീർത്തു പറഞ്ഞു.

പിറേറദിവസം രാവിലെമുതൽ കായ്കനികളും സസ്യധാന്യങ്ങളും നിറച്ച സാമാനവണ്ടികൾ പോർട്ടോ ദി മോസിലേക്കു ഇടവിടാതെ പൊയ്ക്കൊണ്ടിരുന്നു. വിചിത്രരീതിയിലുള്ള വസ്ത്രാഭരണങ്ങൾ ധരിച്ചു, പാടിയും ചിരിച്ചു തകർത്തും ഗ്രാമീണജനങ്ങൾ ഇടമുറിയാതെ നടന്നുപോകുന്നുണ്ടായിരുന്നു.

വിശുദ്ധ ആന്റണി ഇററലിയിൽ പാദുവായിലാണു മരിച്ചടക്കപ്പെട്ടതെങ്കിലും, ജനിച്ചതു പോർട്ടുഗലിന്റെ തലസ്ഥാനമായ ലിസ്ബണിലാകയാൽ പോർട്ടുഗൽ രാജ്യക്കാർക്കു അദ്ദേഹത്തോടു പ്രത്യേകം ഭക്തിയും താൽപര്യവുമുണ്ടായിരുന്നു. ആ തിരുനാളിന്റെ ആരവങ്ങളിൽ ആ ഗ്രാമത്തിലങ്ങോളമിങ്ങോളം ഉന്മേഷമായിത്തന്നെ ആഘോഷപരിപാടികളിൽ സംബന്ധിക്കണമെന്നു ലൂസി ഉറച്ച നിശ്ചയം ചെയ്തിരുന്നെങ്കിലും, സമയമടുത്തപ്പോൾ അവളുടെ മനസ്സിനു പെട്ടെന്നൊരു മാററമുണ്ടായി. കോവാ ദെ ഈറിയായിൽ പോകാതിരിക്കുന്നതു തെററായിരിക്കുമെന്നു എങ്ങനെയോ അവൾക്ക തോന്നി. ഭയവിഹ്വലയായി അവൾ പതുക്കെ ജസീന്തായുടെ വീട്ടിലേക്ക പുറപ്പെട്ടു.

ലൂസിയെ കണ്ടപ്പോൾ ജസീന്തായ്ക്കും ഫ്രാൻസിസിനും വളരെ സന്തോഷമുണ്ടായി.

"നമുക്ക മൂന്നുപേർക്കും ഒരുമിച്ചുതന്നെ പോകാമല്ലോ" ലൂസി പറഞ്ഞു. "മററുള്ളവർ നമ്മോടൊന്നിച്ചു വരുമെന്നുള്ളതിനാൽ നാം ഭയപ്പെടേണ്ടാ."

"മററുള്ളവരോ? ഗ്രാമത്തിലുള്ളവരെല്ലാം പെരുനാളിനു പോയിക്കാണുമെന്നു ഞാൻ വിചാരിച്ചു" ഫ്രാൻസിസ് പറഞ്ഞു.

ലൂസി തലകുലുക്കിക്കൊണ്ടു പറഞ്ഞു:- "എത്രത്തോളം നാം ജനങ്ങളുടെ സംസാരവിഷയമായിട്ടുണ്ടെന്നു നിനക്കറിയാമല്ലോ. കോവാ ദെ ഈറിയായിൽ യഥാർത്ഥത്തിൽ ഒരു സ്ത്രീയുണ്ടോ എന്നറിയുവാൻ വേണ്ടി മാത്രം വളരെപ്പേർ തിരുനാളിനു പോകാതെ, വരാൻ കാത്തിരിപ്പുണ്ടു."

കുട്ടികൾ കോവാ ദെ ഈറിയായിലെത്തിയപ്പോൾ, ലൂസി പറഞ്ഞതുപോലെ ഏകദേശം അമ്പതോളംപേർ ആ മേച്ചിൽസ്ഥലത്തു കൂടിയിരുന്നു. ലൂസിയുടെ പിതാവും അക്കൂട്ടത്തിലുണ്ടായിരുന്നു. അവരിലധികംപേരും ചിരിച്ചും വെടിപറഞ്ഞും സമയം കഴിച്ചിരുന്നു. എങ്കിലും കുട്ടികൾ ഒരു വലിയ വൃക്ഷത്തിന്റെ തണലിൽ മുട്ടുകുത്തി ജപമാല ചൊല്ലുവാൻ തുടങ്ങിയപ്പോൾ എല്ലാവരും നിശ്ശബ്ദരായി. ചിലർ കുട്ടികളോടുകൂടി പ്രാർത്ഥനയിൽ പങ്കുകൊണ്ടു. മററു ചിലർ ഒന്നിലും സഹകരിക്കാതെ മാറിനിന്നിട്ടു പരസ്പരം നോക്കി പുച്ഛരസം പ്രകടിപ്പിച്ചു. ഈ അസംബന്ധങ്ങൾക്കു ഉടനെ ഒരവസാനമുണ്ടാകണമെന്നായിരുന്നു അവരുടെ ഭാവം.

കുട്ടികൾ ശാന്തതയോടും ഭക്തിയോടുംകൂടി ജപമാല ചൊല്ലി സ്വർഗ്ഗീയരാജ്ഞിക്ക കാഴ്ചവച്ചു. അഞ്ചു രഹസ്യംകൂടി ചൊല്ലുവാൻ സമയം കാണുമെന്നു ജസീന്ത പറഞ്ഞു.

പക്ഷേ ലൂസി തലകുലുക്കിക്കൊണ്ടു പിടഞ്ഞെഴുന്നേററു തന്റെ ഉടുപ്പെല്ലാം നേരെയാക്കി.

"ഇതാ വന്നുകഴിഞ്ഞു അല്പംമുമ്പു ഒ

(ശേഷം, 9-ാം പേജിൽ)

പ്രഭാഷണം

# നിർണ്ണായകനിമിഷം

"ഇപ്പോഴും ഞങ്ങളുടെ മരണനേരത്തും തമ്പുരാനോടു അപേക്ഷിച്ചുകൊള്ളണമേ" (നന്മനിറഞ്ഞമറിയത്തിലെ അവസാനവാക്യം.)

"നീയും സ്ത്രീയും തമ്മിലും നിൻ്റെ സന്തതികളും അവളുടെ സന്തതികളും തമ്മിലും ഞാൻ ശത്രുത്വം സ്ഥാപിക്കും. അവൾ നിൻ്റെ തല തകർക്കും." (സൃഷ്ടി. 11., 15).

ദക്ഷിണാപഥത്തിലെ സ്വതന്ത്രരാജ്യങ്ങളെ പിടിച്ചടക്കുവാൻ പഴുതുനോക്കിയിരുന്ന അക്ബർ ചക്രവർത്തി തൻ്റെ പുത്രനായ മുറാദിനെ ഒരു വലിയ സേനാവ്യൂഹത്തോടുകൂടി അഹമ്മദ്നഗരത്തിലേക്കയച്ചു. അന്നു അഹമ്മദനഗരത്തിൻ്റെ ഭരണകർത്രിയായിരുന്നതു ചാന്ദ്ബീബിയെന്ന സുൽത്താനയായിരുന്നു. തിരമാലകൾപോലെ അണിയണിയായി അലച്ചുകയറിയിരുന്ന മുഗൾസൈന്യത്തിനു നേരെ പ്രാകാരത്തിൽനിന്നു പീരങ്കിയുണ്ടകൾ അനുസ്യൂതം വർഷിച്ചുകൊണ്ടിരുന്നു. സദാ മുമ്പണിയിൽ നിന്നിരുന്ന തങ്ങളുടെ വീരരാജ്ഞിയുടെ സാന്നിദ്ധ്യം ദുർഗ്ഗസംരക്ഷകന്മാരുടെ ഉത്സാഹത്തിനു മാറ്റുകൂട്ടി. എന്നാൽ മദ്ധ്യാഹ്നമായപ്പോഴേക്കും നഗരത്തിൻ്റെ സ്ഥിതി ഭയാവഹമായിത്തീർന്നുതുടങ്ങി. പ്രാകാരത്തിൽ ഒരു ചെറിയ പിളർപ്പു പ്രത്യക്ഷമാകയും ശത്രുസൈന്യം ആ ഭാഗത്തേക്കു കുതിച്ചുകയറുകയും ചെയ്തു. രണാട്ടഹാസങ്ങളും ഭേരീനാദങ്ങളും സർവ്വത്ര മാറ്റൊലിക്കൊണ്ടു. സംഭ്രാന്തരായ ദുർഗ്ഗസംരക്ഷകന്മാർ അങ്ങുമിങ്ങും ഓടുവാൻ തുടങ്ങി. അഹമ്മദ്നഗരത്തിൻ്റെ ചരിത്രത്തിൽ ഒരു നിർണ്ണായകനിമിഷമായിരുന്നു അതു. ആ മുഹൂർത്തത്തിൽ പ്രാകാരഭിത്തിയിൽ പിളർപ്പുണ്ടായ സ്ഥലത്തേക്കു ആരക്തമുഖത്തോടും, ധൈര്യം നിറഞ്ഞ ഹൃദയത്തോടുംകൂടി ചാന്ദ്ബീബി തൻ്റെ അറബിക്കുതിരയുടെ പുറത്തു പാഞ്ഞെത്തി. "സ്വജീവിതത്തെക്കാൾ വലുതാണു സ്വരാജ്യത്തിൻ്റെ സ്വാതന്ത്ര്യം. വരുവിൻ! ചെറുത്തുനിൽക്കുവിൻ! മുഴുത്തുപൊരുതുവിൻ!" എന്നു ഉത്സാഹിപ്പിച്ചുകൊണ്ടു രാജ്ഞി ഖഡ്ഗം ഉയർത്തി മുമ്പോട്ടു കുതിച്ചു. നഷ്ടധൈര്യരായിരുന്ന ദുർഗ്ഗസംരക്ഷകർ ഈ ആഹ്വാനത്താൽ ആവേശഭരിതരായി സധീരം സമരംചെയ്തു ശത്രുക്കളെ നിശ്ശേഷം പരാജിതരാക്കി; അങ്ങനെ അഹമ്മദ്നഗരം സംരക്ഷിക്കപ്പെടുകയും ചെയ്തു.

ഓരോ വ്യക്തിയുടെയും ജീവിതത്തിൽ ഇതുപോലെ നിർണ്ണായകങ്ങളായ നിമിഷങ്ങൾ പലതും ഉണ്ടായിരിക്കും. ജീവിതത്തിൻ്റെ അടിപ്പടിയും മാറ്റുന്നതും, ജീവിതഗതിയെത്തന്നെ തടഞ്ഞുനിർത്തി വ്യത്യസ്തമാർഗ്ഗത്തിലേക്കു തിരിച്ചുവിടുന്നതും, ഭാവിയെ സാരമായി സ്പർശിക്കുന്നവയും വിദൂരവ്യാപകങ്ങളുമായ അപ്രതീക്ഷിതഫലങ്ങൾക്കു ബീജാവാപം ചെയ്യുന്നതുമായ നിർണ്ണായകഘട്ടങ്ങൾ ഓരോരുത്തർക്കും ജീവിതത്തിലനുഭവപ്പെടാതിരിക്കയില്ല. ഇപ്രകാരമുള്ള നിർണ്ണായകസന്ധികളിൽ മനുഷ്യൻ്റെ ഗതിവിഗതികളെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ആ ദിവ്യതൃക്കരം നമ്മെ അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കേണ്ടതായ കടമ നമുക്കോരോരുത്തർക്കുമുണ്ടു. എന്നാൽ ഒരു വ്യക്തിയുടെ ജീവിതത്തിൽ അനുഭവപ്പെടുന്ന അതിപ്രധാനങ്ങളായ നിർണ്ണായകഘട്ടങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതു മരണവേളയാണെന്നുള്ളതു നിർവിവാദമാണല്ലോ. ജീവിതസാഫല്യം പ്രാപിക്കുന്നതിനും ജന്മോദ്ദേശ്യം സാധിക്കുന്നതിനുമുള്ള സന്ദർഭം—ഒരുവൻ്റെ കുഴിമാടത്തിനപ്പുറത്തുള്ള നിത്യജീവിതം സ്വർഗ്ഗീയാനന്ദങ്ങളിലോ നരകയാതനകളിലോ എന്നു നിർണ്ണയിക്കപ്പെടുന്ന ഭയങ്കരനിമിഷം—ലോകം മുഴുവനും നേടിയാലും അതെല്ലാം ഉപേക്ഷിച്ചു "ആത്മാവു" നിത്യമായി നശിച്ചുപോയേക്കാവുന്ന ഒരു നിർണ്ണായകനിമിഷം—ജീവിതകാലത്തിൽ ചിന്തിയ രക്തത്തുള്ളികളും, ഒഴുക്കിയ കണ്ണീർകണങ്ങളും, പൊടിഞ്ഞ വിയർപ്പുതുള്ളികളും നിഷ്ഫലമോ സഫലമോ ആക്കിത്തീർക്കുന്ന സർവ്വപ്രധാനമായ ഒരു ദശാസന്ധി—ഇതാണു മരണാവസരം. ആത്മാവാകുന്ന ദുർഗ്ഗത്തെ നിത്യമായ സ്വർഗ്ഗസാമ്രാജ്യത്തിലേക്കോ നിത്യമായ നരകാടിമത്തത്തിലേക്കോ തള്ളിവിടുന്ന ഘട്ടത്തിൽ നാരകീയശത്രുക്കൾ അതിൻ്റെ നേരെ സർവ്വശക്തിയോടുംകൂടി ഒരു ഐക്യമുന്നണി സൃഷ്ടിക്കയും തങ്ങളുടെ അധീനത്തിൽനിന്നു ആ ആത്മാവു കൈവിട്ടുപോകാതിരിപ്പാൻ നിസ്തുലം പരിശ്രമിക്കയും ചെയ്യാതിരിക്കുമോ? തദവസരത്തിൽ ഈ ശത്രുക്കളുടെ ആക്രമണങ്ങളെ ചെറുക്കുന്നതിനു സ്വർഗ്ഗീയസഹായവും, സർവ്വോപരി പരിശുദ്ധ ജനനിയുടെ ശക്തിമത്തായ സംരക്ഷണവും നമുക്കോരോരുത്തർക്കും ആവശ്യമല്ലീ? ഈ അന്ത്യഘട്ടത്തിൽ തൻ്റെ മക്കൾ നശിച്ചുപോകുവാൻ ഈ വത്സലമാതാവു അനുവദിക്കുമോ? അതുകൊണ്ടു "ഇപ്പോഴും ഞങ്ങളുടെ മരണനേരത്തും തമ്പുരാനോടപേക്ഷിച്ചുകൊള്ളണമേ" എന്നു ആത്മാർത്ഥമായി നാം ദൈവജനനിയോടു പ്രാർത്ഥിക്കണം. അപ്പോൾ ആ വത്സലമാതാവു നമ്മെ ഈ അന്ത്യപോരാട്ടത്തിൽ നിശ്ചയമായും സഹായിക്കും.



For miraculous favours received through the intercession of Sister Alphonsa.
N. C. Varunny B. Com.
Valapad.

നീതിമാനായി ജീവിതം നയിച്ചുവരുന്ന ഒരാളായാലും മരണംവരെയും പ്രസാദവരത്തിൽ നിലനിൽക്കുമെന്നു അയാൾക്കു ഉറപ്പിച്ചു പറവാൻ പാടില്ല. അവസാനംവരെയുള്ള നിലനിൽപ്പ് (Final Perseverance) ഒരു പ്രത്യേകവരപ്രസാദമാണെന്നും അതു പ്രത്യേകമായിത്തന്നെ ദൈവം ദാനംചെയ്യേണ്ടതാണെന്നും വേദശാസ്ത്രജ്ഞന്മാർ പഠിപ്പിക്കുന്നു "നിങ്ങളിൽ നല്ല പ്രവൃത്തികൾ ആരംഭിച്ചവൻതന്നെ നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ദിവസംവരെ അവ പൂർത്തിയാക്കും" (ഫിലി. 1—6) ആരംഭം ദൈവത്തിൽ നിന്നാണല്ലോ. അതുപോലെ അവസാനവും ദൈവത്തിൽ നിന്നായിരിക്കണം. പ്രസാദജീവൻ ലഭിച്ചതിനുശേഷം പരിശുദ്ധമായി ജീവിക്കുന്നവർപോലും, നന്മയിൽ നിലനിന്നുകൊണ്ടു ഒരു നല്ല ജീവിതാന്ത്യം ലഭിക്കുന്നതിനു പ്രത്യേകം പ്രാർത്ഥിക്കണമെന്നു ഓറഞ്ചിലെ (Orange) രണ്ടാം സൂനഹദോസും (Can. 10) ദൈവത്തിൻ്റെ പ്രത്യേകവരം കൂടാതെ നീതിമാൻ പുണ്യത്തിൽ നിലനിൽക്കുമെന്നു പറയുന്നവൻ ശപിക്കപ്പെട്ടവനാണെന്നു ത്രെന്തോസ് സൂനഹദോസും (Sess. VI. Can. 22) പഠിപ്പിക്കുന്നു. പ്രസാദവരത്തിൽ സ്ഥിതിചെയ്യുന്നവർക്കുമാത്രമല്ല പുണ്യസോപാനത്തിൻ്റെ അത്യുച്ചിയിലെത്തിയിരിക്കുന്നവർക്കുപോലും ജീവിതാന്ത്യത്തിൽ തങ്ങൾക്കു സ്വർഗ്ഗം ലഭിക്കുമെന്നു ഉറപ്പിച്ചുപറവാൻ നിവൃത്തിയില്ല. മരണവേളയിൽ നാരകീയശത്രുക്കളുമായുള്ള പോരാട്ടത്തിൽ പരാജിതരാകുന്നെങ്കിൽ അവരുടെ പുണ്യജീവിതം മുഴുവനും നിഷ്ഫലമായിത്തീരുന്നു. മരണസമയത്തു ഒരാത്മാവു പ്രസാദവരത്തിലാണോ അല്ലയോ എന്നതിനെ ആശ്രയിച്ചാണു അവൻ്റെ നിത്യത്വം വിധിക്കപ്പെടുന്നതു. തന്നിമിത്തം ആ അന്ത്യനിമിഷത്തിൽ നമ്മെ പ്രത്യേകവിധത്തിൽ സഹായിക്കുവാനും ഒടുവിലത്തോളമുള്ള നിലനിൽപ്പു നമുക്കു ലഭിച്ചുതരുവാനും എത്ര തീക്ഷ്ണതയോടുകൂടെ നാം പരി. ജനനിയോടപേക്ഷിക്കണം!

സുപ്രസിദ്ധ പോർത്തുഗീസ് വാഗ്മിയായ വിയേര (Vieyra) മനോഹരമായ ഒരു ചിന്താശകലം ആവിഷ്കരിക്കുന്നുണ്ടു. "നമ്മുടെ പരിത്രാണനാഥൻ നല്ലകള്ളൻ്റെയും ദുഷ്ടകള്ളൻ്റെയും മദ്ധ്യത്തിലാണു നിന്നതെന്നുള്ളതു ആ നല്ലകള്ളനു എത്രമാത്രം അനുഗ്രഹദായകവും ദുഷ്ടകള്ളനു എത്രമാത്രം നിത്യനാശകാരണവുമായിത്തീർന്നു! ക്രിസ്തു ഈ രണ്ടു കള്ളന്മാരുടെയും മദ്ധ്യത്തിലായിരുന്നു. എന്നാൽ ദൈവമാതാവു ഒരു പാപിയുടേയും ക്രിസ്തുവിൻ്റെയും മദ്ധ്യത്തിൽ നിന്നപ്പോൾമാത്രമേ ആ പാപി രക്ഷപ്പെട്ടുള്ളൂ. അവളുടെ സാന്നിദ്ധ്യമില്ലാതിരുന്നതുകൊണ്ടു ഇതരപാപി നശിക്കയും ചെയ്തു." നല്ലകള്ളൻ്റെ മരണവേളയിലെന്നപോലെ നമ്മുടെ അന്ത്യനിമിഷങ്ങളിലും നമ്മുടേയും ദൈവത്തിൻ്റെയും ഇടയ്ക്കു ഈ വത്സലമാതാവു നിലയുറപ്പിക്കുന്നുവെങ്കിൽ അതു നമുക്കും നിത്യഭാഗ്യത്തിനു നിദാനമായിരിക്കും. തനിക്കും ക്രിസ്തുവിനും മദ്ധ്യേ ദൈവജനനിക്കു സ്ഥാനം നൽകുവാൻ ഓരോ വ്യക്തിയും ശ്രമിക്കേണ്ടതാണു. ഹൃദയസ്തംഭനം മൂലവും മറ്റും പെട്ടെന്നുള്ള മരണങ്ങൾ ഇപ്പോൾ സുലഭമായിത്തീർന്നിരിക്കുന്നു. മരണസമയത്തു ദൈവപുത്രിയായി രക്ഷപ്പെട്ടുകൊള്ളാമെന്നു ഉറപ്പുപറയുവാൻ ആർക്കു കഴിയും? ഞാൻ പുഞ്ചിരിതൂകിക്കൊണ്ടു മരണത്തെ സ്വാഗതംചെയ്യുമെന്നു വീരവാദം മുഴക്കിയ വോൾട്ടയർ ശപിച്ചും ദുഷിച്ചും കൊണ്ടാണു കാലഗതിയടഞ്ഞതു. മരണവേളയിൽ "ദൈവമേ, എന്നോടു പൊറുക്കണമേ" എന്നു ആത്മാർത്ഥമായി പറയുവാനുള്ള അവസരമോ അനുഗ്രഹമോ ഒരു പാപിക്കു ലഭിക്കുമോ? നിശ്ചയമില്ല.

അതുകൊണ്ടു "ഇപ്പോഴും ഞങ്ങളുടെ മരണനേരത്തും തമ്പുരാനോടപേക്ഷിച്ചുകൊള്ളണമേ" എന്നു നമുക്കു ഹൃദയംഗമമായി ദൈവജനനിയോടു പ്രാർത്ഥിക്കാം. അങ്ങനെ നാം മരണമാകുന്ന ആ മഹായാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുമ്പോൾ, നിഴലുകളുടെ ഈ നാട്ടിൽനിന്നു നിത്യയാത്ര പറഞ്ഞു പിരിയുമ്പോൾ, നിത്യവിധിയാളൻ്റെ സന്നിധിയിലേക്കു നാം വിളംബവിനാ ആനയിക്കപ്പെടുമെന്നറിയുമ്പോൾ, ജീവിതകാലത്തു നമ്മുടെ അധരങ്ങളിൽനിന്നു ആയിരമായിരം തവണ നിർഗ്ഗമിച്ചിട്ടുള്ള ഈ പ്രാർത്ഥനാശകലം നമുക്കു സഹായകമായിരിക്കും. ആ ഭയങ്കരനിമിഷത്തിൽ ദൈവജനനി നമുക്കുവേണ്ടി പ്രാർത്ഥിക്കും. തൻ്റെ മരണസമയത്തു പരി. ജനനി പ്രത്യക്ഷയായപ്പോൾ "എൻ്റെ അമ്മേ!" എന്നു വി. ഫിലിപ്പ് നേരി ഹർഷോന്മത്തനായി നിലവിളിച്ച ഈ ഭാഗ്യം എല്ലാവർക്കും ലഭിച്ചില്ലെങ്കിലും, സ്വർഗ്ഗീയപറുദീസായിൽ ഈ വത്സലമാതാവിനെ നാം കാണുകയും, അപ്പോൾ "ഞങ്ങളുടെ ഈ പ്രവാസത്തിനുശേഷം നിൻ്റെ ഉദരത്തിൻ്റെ ആശീർവദിക്കപ്പെട്ട ഫലമായ ഈശോയെ ഞങ്ങൾക്കു കാണിച്ചുതരേണമേ" എന്നുള്ള നമ്മുടെ പ്രാർത്ഥന സാഫല്യമാകയും ചെയ്യും.

(ജെ. ചെമ്മണ്ണൂർ)

കുർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സുർപ്ലിസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക്സ്, ബ്രോഡ്വെ - എറണാകുളം

ഗ്രന്ഥാവലോകനം

## കണ്ണാടി

(ഗ്രന്ഥകർത്താ: ജെ. പി. പേജ് 100. 6 കഥകൾ. വില ണ. 10. മർളയിസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം.)

കത്രൂർ, വെട്ടൂർ, മണ്ടൂർ, ഇങ്ങനെ മൂന്നൂർകാർ! ജെ. പി, പീലാർ, മണ്ണിമല, കാഞ്ഞിരത്തിങ്കൽ ഇങ്ങനെ മറ്റു നാലുപേർ. ഏഴുപേരും ഇന്നത്തെ ചെറുകഥാകൃത്തുക്കളാണു. ഇവരിൽ "ജെ. പി."യെപ്പറ്റിയാണു തല്ക്കാലം വിമർശനം.

"കത്തനാർകളരി"യാണു ജെ. പി.യുടെ ഒരു കൃതി. അതൊരു ചെറുകഥയല്ല, നോവലുമല്ല. പക്ഷെ വായിക്കാൻ രസമുള്ള ഒന്നാണതു. ഒരു കത്തനാർ ഗ്രന്ഥത്തിൽ കഥാപാത്രമാവുക, ഇതാദ്യമാണെന്നു തോന്നുന്നു. അതൊരു മെച്ചമല്ലേ? "ഇരട്ടപ്പെറ്റ"താണു മറ്റൊരു സന്താനം. കത്തനാർകളരിയേക്കാൾ വലുപ്പം കുറഞ്ഞതാണു. മൂന്നാമത്തെ സന്താനമായ "കണ്ണാടി"യിൽ വന്നപ്പോൾ, കാത്രീൻ്റെ അസൽ സമ്പ്രദായി. പക്ഷെ സന്താനങ്ങളിലെന്നിലും, പിറന്ന ആണോ, ജനയിതാവിൻ്റെ ഒരു വാക്കോ ഒന്നും രേഖപ്പെടുത്തിക്കാണാത്തതെന്താണോ? അങ്ങനെ ഒരു പതിവു ഗ്രന്ഥലോകത്തുള്ള കാര്യം പ്രസ്സുകാർപോലും ഓർമ്മിക്കാത്തതെന്തു!

"കണ്ണാടി"യിലെ മൂന്നു കണ്ണാടികൾക്കു പ്രഥമസ്ഥാനം. ക്രിസ്തുമസ്സമ്മാനമല്ലേ? ഒന്നാമത്തേതിൽ പ്രേക്ഷകൻ്റെ വർത്തമാനം, രണ്ടാമത്തേതിൽ ഭാവി, മൂന്നാമത്തേതിൽ അവൻ എങ്ങനെ ആകണം. ഇങ്ങനെ പോകുന്നു കണ്ണാടികൾ മൂന്നും. പടിപടിയായിട്ടു നോക്കാവൂ. ഒന്നു കഴിഞ്ഞു, രണ്ടു, രണ്ടു കഴിഞ്ഞു മൂന്നു, ഇങ്ങനെ ഈ കണ്ണാടികളിൽക്കൂടി സർവ്വമനപരം സമാപി നോക്കിക്കൊണ്ടിരിക്കുമെങ്കിൽ ലോകം സ്വർഗ്ഗരാജ്യമാകും എന്നാരും തലകുലുക്കി സമ്മതിക്കും. അമ്പടാ! ജെ. പി! അങ്ങേലോകമാരങ്ങളുടെ—അങ്ങേലകഥകളുടെ—പാരായണപരിഷത്ത്, ഞെട്ടിപ്പോകുമല്ലോ ഈ കണ്ണാടികളിൽക്കൂടി ഒന്നു നോക്കിയാൽ!

"പുണ്യപ്പെട്ട ഭയങ്കരി"യാണു മറ്റൊരു കഥ. ഒന്നാന്തരം ശീർഷകം. "പോക്കിൻ്റെ ആവലാതി"യാണു രണ്ടാമത്തെ കഥ "ഭേഷ്ടാ, ഭേഷ്! രണ്ടും ഒന്നാംകിടയിൽതന്നെ കിടക്കുന്നു! കഥാഗാത്രത്തെപ്പറ്റി മനഃപൂർവ്വമാണു പറയാത്തതു. തത്പരന്മാർ പത്തണകൊടുത്തു കണ്ണാടി വാങ്ങിയാൽ അതൊരു നേട്ടമായിരിക്കും. മർളയിസ് പ്രസ്സ്, എറണാകുളം എന്നെഴുതിയാൽ മതി. മറ്റു ചിലരുടെ കഥകൾക്കു വലിയ വില കൊടുക്കണം. പക്ഷെ അവ ഒന്നു വായിച്ചാൽ പിന്നെ ആരും തിരിഞ്ഞുനോക്കുകയില്ല. അങ്ങേലകഥകൾക്കു ഒച്ചപ്പാടു കൂടും. ജെ. പി. കഥകൾ പിന്നെയും പിന്നെയും വായിക്കും ഒന്നു വായിച്ചാൽ—അതാണു അവയുടെ മെച്ചം. "സംശയനിവാരണ"ത്തിനു "പൗണ്ടർ" എന്ന പേരു കൊടുക്കാമായിരുന്നു. പൗണ്ടർ എന്നാലേ? പാഡർ ഈ കഥ "ഇന്ദുലേഖ"യിലെ സൂരിനമ്പൂതിരിപ്പാടിനെ ഓർമ്മയിൽ വരുത്തും. ചന്തുമേനോൻ്റെ രചനാചാതുര്യം സംശയനിവാരണത്തിലെ ചില പാത്രനിർമ്മാണത്തിൽ പ്രകാശിക്കുന്നതായി കാണാം. ജെ. പി. യുടെ ഭാഷാഗന്ധം ഓജസ്സും മാംസളതയും പ്രത്യക്ഷപ്പെടുന്നുണ്ടു. ഏഴരണം ജെ. പി! അപാരം! നന്നായിവരും. ഒരു വലിയ ചെറുകഥാകൃത്തിൻ്റെ സർവ്വലക്ഷണങ്ങളും അങ്ങയുടെ കഥകളിൽ കളിയാടുന്നതായി കാണുന്നതിൽ ഈ ലേഖകനു പ്രത്യേക ചാരിതാർത്ഥ്യത്തിനു അവകാശമുണ്ടല്ലോ! സർവ്വമംഗളങ്ങളും!

(സി. കെ. മാറാം
കാവിലങ്ങാട്)

# Sathya Deepam

Vol. 23 — Ernakulam November 30 1949 — No. 15


വിമർശനവിധി

## റഷ്യയുടെ പരിശ്രമം

### സമാധാനത്തിനോ, അക്രമത്തിനോ?

സോവ്യററു വിദേശകാര്യമന്ത്രിയായ മിസ്റ്റർ ആന്ദ്രേ വിഷിൻസ്കി "പഞ്ചമഹാശക്തികൾ" ഒരു സമാധാനസന്ധിയിൽ ഏർപ്പെടണമെന്നുള്ള ഒരു നിവേദനം ഐക്യരാഷ്ട്രസമിതിയുടെ പൊളിററിക്കൽ കമ്മിററിയിൽ ഈ നവംബർ 14-ാം സമർപ്പിക്കുകയുണ്ടായി. അതിൽ മൂന്നു കാര്യങ്ങളാണു് അദ്ദേഹം ഉന്നയിച്ചിരിക്കുന്നതു്. 1) "ചില രാജ്യങ്ങളിൽ, പ്രത്യേകിച്ചും യു. എസ്സിലും ബ്രിട്ടനിലും, പുതിയ യുദ്ധത്തിനായി ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ഒരുക്കങ്ങളെ അപലപിക്കുവാൻ" ഐക്യരാഷ്ട്ര ജനറൽ അസംബ്ളിയോടു് അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്നു. 2) അണുകായുധങ്ങളെ നിരുപാധികമായി നിരോധിക്കുന്നതിനും, നിഷ്കർഷകമായ സാർവ്വദേശീയനിയന്ത്രണം ഏർപ്പെടുത്തുന്നതിനും ആവശ്യകമായ "പ്രായോഗികനടപടികൾ" ഉടനടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. 3) യു. എസ്സ്, ബ്രിട്ടൻ, ചൈന, ഫ്രാൻസ്, യു. എസ്സ്. എസ്സ്. ആർ എന്നീ രാജ്യങ്ങൾ തമ്മിൽ "സമാധാനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി" ഒരുടമ്പടിയുണ്ടാക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. ലോകസമാധാനം ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള സോവ്യററു യൂണിയന്റെ സകല പരിശ്രമങ്ങളേയും ഐക്യരാഷ്ട്രസമിതിയിലെ "ആംഗ്ലോ അമേരിക്കൻ ഭൂരിപക്ഷം" ഇന്നാൾവരെ പരിത്യജിച്ചുവെന്നു് വിഷിൻസ്കി പ്രസ്താവിച്ചു. അദ്ദേഹം തുടർന്നു: "യു. എസ്സിലും മററു രാജ്യങ്ങളിലും യുദ്ധമനോഭാവം ഇനിയും പ്രബലപ്പെട്ടുകൊണ്ടിരിക്കുകയാണു്. സോവ്യററു യൂണിയന്റെ സമാധാനതല്പരമായ നിവേദനങ്ങളെപ്പററിയുള്ള വിമർശം ഈ പാളയത്തിൽനിന്നു പുറപ്പെടുന്നതു ഞങ്ങൾ കേട്ടുകൊണ്ടിരിക്കുകയാണു്. ബ്രിട്ടന്റെയും അമേരിക്കയുടേയും നേതൃത്വത്തിൽ കമിൻഫോം ടിറോസ്ക്കിസം മററുള്ളവരും നടത്തുന്ന സോവ്യററുവിരുദ്ധപ്രചരണം ഞങ്ങൾ കുറിവുള്ളതാണു്." ബർലിനിലെ ദീർഘടസന്ധിക്കുള്ള ഉത്തരവാദിത്വം സോവ്യററു യൂണിയന്റെമേൽ കെട്ടിവയ്ക്കുവാൻ ബ്രിട്ടീഷ് വിദേശകാര്യമന്ത്രിയായ മിസ്റ്റർ ബെവിന്റെ ശ്രമങ്ങളെ വിഷിൻസ്കി അപലപിച്ചു. ബർലിനിൽ ഒരു റെയിൽവേ പണിമുടക്കു് ഉണ്ടാകുവാൻ ബ്രിട്ടനും അമേരിക്കയും മനഃപൂർവ്വം കാരണമാക്കിയെന്നു് അദ്ദേഹം പറഞ്ഞു. "യാൾട്ടായിലേയും പോട്ട്സ്ഡാമിലേയും ഉടമ്പടികളെ അതിലംഘിച്ചവർ, അവയിലെ വ്യവസ്ഥകൾ നിറവേററുവാൻ വിസമ്മതിച്ചതു് അതിലംഘനത്തിന്റെ പാരമ്യമാണു്. അവർ പശ്ചിമജർമ്മനിയിൽ ഒരു പാവഗവർമ്മെന്റു് ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഈ പണികളെല്ലാം ബെവിൻ ചെയ്തതാണു്. അതിന്റെ ഉദ്ദേശം രാഷ്ട്രീയാന്തരീക്ഷത്തെ മുൻകൂട്ടി വിഷലിപ്തമാക്കാനും, സോവ്യററു യൂണിയന്റെ ഇപ്പോഴത്തെ നിവേദനങ്ങളിൽനിന്നു് പൊതുജനാഭിപ്രായത്തെ അകററിക്കളയാനുമാണു്." പശ്ചിമജർമ്മനിയെ സോവ്യററു യൂണിയനെതിരായി ആക്രമണം നടത്തുവാനുള്ള ചവിട്ടുപടിയായി ഉപയോഗിക്കുവാൻ പോവുകയാണെന്നു് വിഷിൻസ്കി പ്രസ്താവിച്ചു. മാർഷൽ പ്ലാനിനെപ്പററി ഇദ്ദേഹം പറഞ്ഞതു്, രാഷ്ട്രങ്ങളുടെ പരമാധികാരത്തിനു് അതു് അനുയോജ്യമാണെന്നു് തെളിഞ്ഞിരിക്കുന്നുവെന്നാണു്. "മാർഷൽപ്ലാൻ വിജയകരമായി ചൂഷണം നടത്തിയിരിക്കുന്നതിന്റെ അർത്ഥം, വിർജീനിയ യു. എസ്സിന്റെ ഒരു വിഭാഗമായിരിക്കുന്നതുപോലെതന്നെ ബ്രിട്ടൻ യൂറോപ്യൻ ഫെഡറേഷന്റെ വിഭാഗമായിരിക്കണമെന്നാണെന്നു് ചില ബ്രിട്ടീഷ് യാഥാസ്ഥിതികന്മാർ സമ്മതിക്കേണ്ടിവന്നു." അണുകശക്തിയെപ്പററി വിഷിൻസ്കി പറഞ്ഞതിങ്ങനെയാണു്: "അണുകായുധങ്ങളെ നിരോധിക്കുവാനും അണുകശക്തിയുടെമേൽ നിഷ്കർഷമായ സാർവ്വദേശീയ നിയന്ത്രണം ഏർപ്പെടുത്തുവാനും കൂടുതൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള കാലതാമസം ദുസ്സഹമായിരിക്കുന്നു." സമാധാനത്തിനായുള്ള പ്രവർത്തനത്തിൽ ഐക്യരാഷ്ട്രസമിതിയെ ഒഴിച്ചുനിർത്തുവാൻ പാടുള്ളതല്ലെന്നു് വിഷിൻസ്കി പ്രസ്താവിച്ചു. "ഗുരുതരവും പ്രധാനവുമായ ഭാഗം പ്രസ്തുത സമിതി വഹിക്കേണ്ടതാണു്, വഹിക്കുകയും ചെയ്യുന്നു." "സമാധാനസന്ധി"യെപ്പററിയുള്ള സോവ്യററുയൂണിയന്റെ നിവേദനത്തിന്റെ വിശദാംശങ്ങൾ വിഷിൻസ്കി നൽകിയില്ല. യുദ്ധാനന്തരമുള്ള സോവ്യററു യൂണിയന്റെ സകല നിവേദനങ്ങളും സമാധാനത്തെ ശക്തിപ്പെടുത്തുവാൻ ലക്ഷീകരിക്കപ്പെട്ടിട്ടുള്ളതാണെന്നു് അദ്ദേഹം പറഞ്ഞു. "ഈ ലക്ഷ്യം വച്ചുകൊണ്ടുതന്നെയാണു് ഇപ്പോഴത്തെ നിവേദനവും ഞങ്ങൾ സമർപ്പിച്ചിട്ടുള്ളതു്. സമാധാനം ശക്തിപ്പെടുത്തുവാൻവേണ്ടി പഞ്ചമഹാശക്തികളുടെ ഒരുടമ്പടി ഉണ്ടാകേണ്ടതാണെന്നു് സോവ്യററുയൂണിയൻ ഊന്നിപ്പറയുന്നു."

സോവ്യററുയൂണിയൻ ലോകസമാധാനത്തിനുവേണ്ടി നിലകൊള്ളുകയാണെന്നും, യുദ്ധാനന്തരമുള്ള സോവ്യററു യൂണിയന്റെ പരിശ്രമങ്ങളെല്ലാം ലോകസമാധാനത്തെ ലക്ഷ്യമാക്കിയിട്ടുള്ളതാണെന്നും സോവ്യററു് വിദേശകാര്യമന്ത്രി ചെയ്തിട്ടുള്ള ഈ പ്രസ്താവങ്ങൾ ഏററവും അയഥാർത്ഥമാണെന്നു് ആർക്കാണറിഞ്ഞുകൂടാത്തതു് ? ഈ വസ്തുത ദൃഷ്ടാന്തങ്ങളുദ്ധരിച്ചുകൊണ്ടു് യു. എസ്സ്. പ്രതിനിധിയായ മിസ്റ്റർ വാറൻ ആസ്റ്റിൻ ഏററവും സ്പഷ്ടമായി പ്രസ്തുത കമ്മിററിയോഗത്തിൽവച്ചുതന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി.

### യു എസ്. പ്രതിനിധിയുടെ മറുപടി

വിഷിൻസ്കിയെ തുടർന്നു യു. എസ്. പ്രതിനിധികമ്മിററിയോഗത്തിൽ സംസാരിച്ചു. സോവ്യററു് വിദേശകാര്യമന്ത്രി "വാഗ്ശ്രുപേണയുള്ള വെടിക്കെട്ടുകളുടെ വേറൊരു പ്രദർശനം കമ്മിററിയിൽ നടത്തി" എന്നാണു് ആസ്റ്റിൻ പറഞ്ഞതു്. അല്പസ്വല്പമായ ഭേദഗതികളോടുകൂടി വിഷിൻസ്കി തന്റെ അഭിനയത്തെ അസംബ്ളിയോഗത്തിൽ ഇപ്പോൾ 4 പ്രാവശ്യമായി തുടർന്നു നടത്തുകയാണെന്നു് അദ്ദേഹം പ്രസ്താവിച്ചു. സോവ്യററു യൂണിയന്റെ സമാധാനവാഗ്ദാനങ്ങളുടെ പൊള്ളത്തരത്തെ താഴെ കാണുംവിധം അദ്ദേഹം വെളിവാക്കി.

"സോവ്യററുവാഗ്ദാനങ്ങളിലുള്ള വിശ്വാസം ഇക്കഴിഞ്ഞ മൂന്നു വർഷങ്ങളിലെ അനുഭവത്താൽ അടിയേ മാഞ്ഞുപോയിരിക്കുന്നു. സോവ്യററു് യൂണിയൻ നാസിജർമ്മനിയുമായി സൗഹാർദ്ദസന്ധിയിൽ ഏർപ്പെട്ടകാര്യം അനുസ്മരിപ്പിക്കേണ്ട ആവശ്യമില്ലല്ലോ. അപ്രകാരംതന്നെ ഫിൻലൻറു്, ലാററ്വ്യാ, എസ്തോണിയാ, ലിത്തുവാനിയാ എന്നീ രാജ്യങ്ങളുമായി സോവ്യററു യൂണിയൻ ചെയ്തിരുന്ന അനാക്രമണസന്ധിയെപ്പററിയും അനുസ്മരിപ്പിക്കേണ്ടതില്ലല്ലോ. ഐക്യരാഷ്ട്രസംഘടനയെ സൃഷ്ടിക്കുവാനുള്ള പൊതുപരിശ്രമത്തിൽ നാം ഏർപ്പെട്ടതിനുശേഷം സോവ്യററുയൂണിയൻ തന്റെ വാഗ്ദാനങ്ങളെ ലംഘിച്ചിട്ടുള്ളതിന്റെ നിർഭാഗ്യകരമായ ദീർഘപട്ടികയിലേക്കു നാം നോക്കിയാൽമാത്രം മതിയാകും. മഞ്ചൂറിയായെ കൊള്ളചെയ്യുക, കൊറിയായെ നിർബന്ധപൂർവ്വം വിഭജിക്കുക, ഗ്രീസിനെതിരായി ഒളിപ്പോർ യുദ്ധം നടത്തുക, ടർക്കിയെ ഭീഷണിപ്പെടുത്തുക, ചെക്കോസ്ലോവാക്കിയായിൽ സ്വാതന്ത്ര്യത്തെ നിർമ്മാർജ്ജനം ചെയ്യുക, ബൾഗേറിയായിലും ഹങ്കറിയിലും റുമേനിയായിലും പ്രജായത്തപരമായ സകല പ്രതിപക്ഷത്തേയും നിഷ്ക്കരുണം നശിപ്പിക്കുക, ഒടുവിലായി ചെമ്പടയിലെ ഒരു മാർഷലിനെ പോളണ്ടിലെ പ്രതിരോധനവകുപ്പുമന്ത്രിയായി നിയമിച്ചുകൊണ്ടു് ആ രാജ്യത്തെ പരിപൂർണ്ണമായും കീഴമർത്തിവയ്ക്കുക—ഇതെല്ലാമാണു് സോവ്യററു് യൂണിയന്റെ ആക്രമണപരമായ പ്രവർത്തനങ്ങൾ. ഇവയെ മൂടിവയ്ക്കുവാൻ സമാധാനപരമായ വാക്കുകൾ പര്യാപ്തമല്ലതന്നെ."

ഇക്കാരണത്താൽ സോവ്യററു യൂണിയന്റെ ഈ നിവേദനം ഐക്യരാഷ്ട്രസംഘടനയ്ക്കുള്ളിൽ കൂട്ടമായ സുരക്ഷിതത്വം സൃഷ്ടിക്കുവാൻവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ലെന്നു മി. ആസ്റ്റിൻ പ്രസ്താവിച്ചു. "നേരെമറിച്ചു് ലോകകാര്യങ്ങളിൽ മഹാ ശക്തികളുടെ ആധിപത്യം സ്ഥാപിക്കുവാനാണു് അതുകൊണ്ടുദ്ദേശിക്കുന്നതു്. ആക്ഷേപാർഹമായ ഈ നയം റഷ്യക്കു പണ്ടു മുതൽക്കേ ഉള്ളതാണു്. എന്നാൽ അതു യു. എസ്സിന്റെ നയമായിത്തീരുവാൻ പാടുള്ളതല്ല. ഈ സോവ്യററു നിർദ്ദേശത്തെ ഞങ്ങൾ എതിർക്കുന്നു. എന്തുകൊണ്ടെന്നാൽ ലോകത്തിലെ ജനങ്ങൾ കൂടുതൽ വാഗ്ദാനങ്ങളല്ല, കൂടുതൽ സമാധാനമാണു് ആഗ്രഹിക്കുന്നതെന്നാണു് ഞങ്ങളുടെ വിശ്വാസം. ഉടമ്പടികളെ അലംഘനീയമായ നിയമത്തിന്റെ ഉപകരണങ്ങളായിട്ടാണു്, അല്ലാതെ പ്രചരണത്തിന്റെ ഉപകരണങ്ങളായിട്ടല്ല ഞങ്ങൾ ഗണിക്കുന്നതു്. സമാധാനത്തെ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ സോവ്യററു് ഗവർമ്മെന്റ് ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനുള്ള മാർഗ്ഗങ്ങൾ ഇപ്പോൾത്തന്നെ അവരുടെ സ്വാധീനത്തിലുണ്ടു്. കമിൻഫോറം സംഘടനയ്ക്കു വെളിയിലുള്ള ലോകത്തിനെതിരായ വിദ്വേഷപ്രസ്ഥാനം അവസാനിപ്പിക്കുക. കമിൻഫോറം സംഘടനയ്ക്കു വെളിയിലുള്ള ലോകം നിങ്ങളുടെ ശത്രുവാണെന്നുള്ള നിങ്ങളുടെ സിദ്ധാന്തം പരിത്യജിക്കുക. നിങ്ങളുടെ ജനങ്ങളും ഞങ്ങളുടെ ജനങ്ങളും ഒന്നിച്ചുകൂടി നമുക്കു പൊതുവായ പ്രശ്നങ്ങളെപ്പററി ചർച്ചകൾ നടത്തട്ടെ. നിങ്ങളുടെ "ഇരുമ്പു തിരശ്ശീല" മാററുക. അപ്പോൾ നിങ്ങൾ സമാധാനത്തെ ശക്തിപ്പെടുത്തും."

"സോവ്യററുയൂണിയന്റെ നിസ്സഹകരണത്തിന്റെ രേഖകളാണു് ഈ കമ്മിററിയുടെ മുമ്പിൽ ഞാൻ വച്ചതു്. ഇനി നിങ്ങളുടെ മുമ്പിൽ ഞാൻ വയ്ക്കുന്നതു്, ബ്രിട്ടന്റെയും യു. എസ്സിന്റെയും ഗവർമ്മെന്റുകൾക്കുവേണ്ടി സമാധാനത്തിന്റെ കാതലുകളടങ്ങിയ ഒരു പ്രമേയമാകുന്നു. ഈ കാതലുകളനുസരിച്ചു പ്രവർത്തിക്കുവാൻ സോവ്യററുയൂണിയൻ സന്നദ്ധമാണെങ്കിൽ, പിന്നെ ഒരു പഞ്ചമഹാശക്തികളുടെ ഉടമ്പടി ആവശ്യമില്ല. സന്നദ്ധമല്ലെങ്കിൽ, ഞാൻ മുമ്പു പറഞ്ഞതുപോലെ ഉടമ്പടിയെപ്പററിയുള്ള നിവേദനം വെറും പൊള്ളയത്രേ."

മി. ആസ്റ്റിൻ അവതരിപ്പിച്ച പ്രമേയത്തിൽ, സമാധാനത്തിന്റെ മൗലികതത്വങ്ങളെ ഐക്യരാഷ്ട്രചാർട്ടറിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വസ്തുത പ്രസ്താവിക്കുകയും അവയനുസരിച്ചു പ്രവർത്തിക്കുവാൻ അംഗരാഷ്ട്രങ്ങളോടു് ആവശ്യപ്പെടുകയുമാണു ചെയ്തിരിക്കുന്നതു. സാർവ്വദേശീയമായ സമാധാനരാഹിത്യം തുടർന്നുകൊണ്ടിരിക്കുന്നതിന്റെ പ്രധാനകാരണം പ്രസ്തുതതത്വങ്ങളെ അവഗണിക്കുന്നതാണെന്നും പ്രമേയത്തിൽ പറഞ്ഞിട്ടുണ്ടു്. സർവരാജ്യപരമായ ഉടമ്പടികളെ പ്രയോഗത്തിൽ വരുത്തുവാൻ ബലപ്രയോഗമോ, ബലപ്രയോഗഭീഷണിയോ സ്വീകരിക്കരുതെന്നും, ചാർട്ടറിൽ കൊള്ളിച്ചിട്ടുള്ള "സ്വാതന്ത്ര്യങ്ങളെ" വകവച്ചുകൊടുക്കണമെന്നും, ജീവിതത്തോതുകൾ ഉയർത്തുവാൻ പരിശ്രമിക്കണമെന്നും, പരസ്പരധാരണയ്ക്കുള്ള തടസ്സങ്ങൾ നീക്കണമെന്നും പ്രമേയത്തിൽ ഉദ്ബോധിപ്പിച്ചിരിക്കുന്നു. ഐക്യരാഷ്ട്രസെക്യൂരിററി കൗൺസിലിൽ സ്ഥിരമായ അംഗത്വമുള്ള രാഷ്ട്രങ്ങളോടു് അവരുടെ വീറേറാ അവകാശം പ്രയോഗിക്കുന്നതിൽ സ്വയംനിയന്ത്രണം ചെലുത്തുവാനും, സർവരാഷ്ട്രങ്ങളോടും സർവപ്രധാനങ്ങളായ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കുവാനുള്ള ഐക്യരാഷ്ട്രസമിതിയുടെ പരിശ്രമങ്ങളെ പിൻതാങ്ങുവാനും പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു പതിവനുസരിച്ചുള്ള ആയുധീകരണത്തിന്റെ കാര്യത്തിൽ സാർവ്വദേശീയചട്ടങ്ങൾ ഏർപ്പെടുത്തുന്നതിലും, സമാധാനപരമായ ആവശ്യങ്ങൾക്കുവേണ്ടിമാത്രം ഉപയോഗിക്കത്തക്കവണ്ണം അണുകശക്തിയെ നിയന്ത്രിക്കുന്നതിലും സഹകരിക്കുവാൻ രാഷ്ട്രങ്ങളോടു പ്രസ്തുത പ്രമേയം അഭ്യർത്ഥിക്കുന്നു

ഐക്യരാഷ്ട്രചാർട്ടറിൽ ലോകസമാധാനസംസ്ഥാപനത്തിനുള്ള മൗലികതത്വങ്ങൾ അടങ്ങിയിട്ടുണ്ടെന്നും, അവയനുസരിക്കാത്തതുകൊണ്ടാണു് യുദ്ധമവസാനിച്ചിട്ടും ലോകസമാധാനം കൈവരാത്തതെന്നും, ഉടമ്പടികളേയും വാഗ്ദാനങ്ങളേയും സ്വന്തം കാര്യസാദ്ധ്യത്തിനുവേണ്ടി ലംഘിച്ചുകൊണ്ടു് ഇതരരാഷ്ട്രങ്ങളുടെമേൽ ആക്രമണങ്ങൾ നടത്തുവാൻ സോവ്യററുയൂണിയനു യാതൊരു മടിയില്ലെന്നും, തന്മൂലം സമാധാനത്തിനുവേണ്ടിയുള്ള സോവ്യററു പ്രതിനിധിയുടെ നിവേദനത്തിൽ യാഥാർത്ഥ്യമോ പരമാർത്ഥതയോ ഇല്ലെന്നുമുള്ള യു. എസ്സ്. പ്രതിനിധിയുടെ അഭിപ്രായം എത്രവാസ്തവം!

In loving memory
of



The Very Rev. Fr. Thomas V. Thaliath.
Died 25-11-1945.

## പൗരോഹിത്യജൂബിലി

വെസ്റ്റ്മിനിസ്റ്റർ മെത്രാപ്പോലീത്താ കാർഡിനൽ ഗ്രിഫിൻ തിരുമേനിയുടെ പൗരോഹിത്യ രജതജൂബിലി പ്രമാണിച്ചു് നവംബർ 1-ാം വെസ്റ്റ്മിനിസ്റ്റർ കത്തീഡ്രലിൽ തിരുമേനി പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു.


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam